Reg. No C· 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കന്നി 26 | ലക്കം 9

## ഫാത്തിമാനാഥയുടെ സന്ദേശം*

(റൈ. റവ. ഡോക്ടർ പോൾ കാക്കശ്ശേരി പിഎച്ച്. ഡി., ഡി. ഡി.)

പരിശുദ്ധകന്യക ഫാത്തിമായിൽ ഒന്നാമതായി പ്രത്യക്ഷപ്പെട്ടപ്പോൾ ലൂസിയാ ചോദിച്ചു: "അങ്ങുന്നു എവിടനിന്നാണോ?" "ഞാൻ സ്വർഗ്ഗത്തുനിന്നാണുവരുന്നതു്." "മോക്ഷത്തിൽനിന്നാണു്; അല്ലേ! എനിക്കും അവിടെയെത്തിച്ചേരുവാൻ സാധിക്കുമോ?" "തീർച്ചയായും; പക്ഷേ അതിനുമുമ്പു നീ വളരെയധികം സഹിക്കേണ്ടതുണ്ടു്." സ്വർഗ്ഗീയസന്ദർശകയോടു ജിജ്ഞാസുവായ പൈതൽ വീണ്ടും അന്വേഷിച്ചു: "അപ്പോൾ ജസീന്തായും ഫ്രാൻസിസ്കോയും അവിടെ വരുന്നതുമോ?" "പിന്നെയെന്താ! അവരിരുവരേയും ഞാൻ പരലോകത്തിലേക്കു് ഒട്ടും വൈകാതെതന്നെ കൊണ്ടുപോകും. എന്നാൽ ഫ്രാൻസിസ്കോ കൂടെക്കൂടെ കൊന്ത ജപിക്കണം."

പിന്നീടു ദിവ്യമാതാവു് ആ കുട്ടികളോടു പറഞ്ഞു: "നിങ്ങൾ ദൈവസമക്ഷം വളരെയധികം ത്യാഗങ്ങൾ സമർപ്പിക്കണം; അവിടുന്നു യാത്രയാക്കുന്ന ക്ലേശങ്ങളെ സവിനയം സ്വീകരിക്കണം; അവിടുത്തേക്കെതിരായി ചെയ്യപ്പെട്ട എണ്ണമററ പാപങ്ങൾക്കു പരിഹാരമായി അവയെ നിങ്ങൾ കാഴ്ചവെക്കണം. നിങ്ങളുടെ സഹനങ്ങളെ പാപികളുടെ മാനസാന്തരത്തിനായും, എൻെറ വിമലഹൃദയത്തിനെതിരായി ചെയ്യപ്പെടുന്ന അധിക്ഷേപങ്ങൾക്കും ദൂഷണങ്ങൾക്കും പരിഹാരമായും നിങ്ങൾ നിയോഗിക്കണം." എത്ര തികവാർന്നവിധം ആ മൂന്നു പൈതങ്ങളും ദിവ്യനാഥയുടെ നിർദ്ദേശങ്ങൾ നിർവ്വഹിച്ചുവെന്നുള്ളതു വിസ്മയാവഹമായിരിക്കുന്നു.

പതിനൊന്നു വയസ്സിനു താഴെയായിരുന്നു അവർ മൂവരും. എന്നിരുന്നാലും സ്വർഗ്ഗീയാദ്ധ്യാപികയുടെ ഉൽബോധനമനുസരിച്ചു് ലഘുതരമായ ഇന്ദ്രിയനിഗ്രഹങ്ങൾകൊണ്ടുമാത്രം അവർ തൃപ്തിപ്പെട്ടില്ല; പ്രത്യുത, മനുഷ്യപ്രകൃതിക്കു് അത്യധികം അരോചകങ്ങളായ തപഃക്രിയകളാണു് അവർ തിരഞ്ഞെടുത്തതു്. ഉഗ്രമായ ഉപവാസങ്ങൾ, ദീർഘനേരത്തേക്കുള്ള ഉറക്കമൊഴിക്കൽ, സുദീർഘപ്രാർത്ഥന, പ്രസിദ്ധപുണ്യാത്മാക്കൾ നടത്തിട്ടുള്ള ശരീരമർദ്ദനങ്ങൾ—ഇവയൊക്കെയായിരുന്നു അവരുടെ അനുദിനതപശ്ചര്യകൾ. പാപികൾ മാത്രമല്ല, പുണ്യാത്മാക്കളും പ്രായശ്ചിത്തമനുഷ്ഠിക്കണം. സിദ്ധവര്യരെപ്പോലെതന്നെ തപസ്സിൻേറയും പരിഹാരത്തിൻേറയും പിഞ്ചുപ്രേഷിതരായ ഇവരും ഈ തത്വം നേരാംവണ്ണം ഗ്രഹിച്ചു. പാപത്തിനു പ്രായശ്ചിത്തം അനിവാര്യമാണെന്നും അവർ മനസ്സിലാക്കി. ദൈവം പാപംമൂലം ദ്രോഹിക്കപ്പെടുമ്പോൾ, ആ പാപം പ്രായശ്ചിത്തപരിപാടികളാൽ പരിഹരിക്കപ്പെടേണ്ടതു ന്യായംമാത്രമാണെന്നുള്ള ബോധോദയം അവർക്കു വ്യക്തമായുണ്ടായി. ആകയാൽ ദിവ്യനിവേശനത്താലെന്നോണം അവർ സുതരാം ഗ്രഹിച്ചു, ദൈവം പാപത്താൽ ദ്രോഹിക്കപ്പെടുന്നിടത്തോളം കാലം, ധിക്കരിക്കപ്പെടുന്ന അവിടുത്തെ നീത്യനീതിയെ തൃപ്തിപ്പെടുത്തുവാൻ പോന്ന പരിഹാരപ്രവൃത്തികൾ അനുഷ്ഠിച്ചേ മതിയാവൂ എന്നു്.

ഇന്ദ്രിയനിഗ്രഹപരമായ പരിപാടികൾ ഓരോ ക്രിസ്ത്യാനിയുടേയും ദൈനംദിനജീവിതത്തിലെ അവശ്യചടങ്ങുകളായിരിക്കണം. നോമ്പുകാലങ്ങളിൽ മാത്രം അവ നിർവ്വഹിക്കപ്പെട്ടാൽ പോരാ. വിശുദ്ധാത്മാക്കളെപ്പോലെതന്നെ ഈ കൊച്ചുതാപസികളും ഈ വസ്തുത യഥായോഗ്യം മനസ്സിലാക്കി.

നന്ദിഹീനരായ പാപികളാൽ ധിക്കരിക്കപ്പെടുകയും മുറിവേല്പിക്കപ്പെടുകയും ചെയ്യുന്ന ഈശോയുടെ തിരുഹൃദയത്തെ സമാശ്വസിപ്പിക്കാൻ പ്രസ്തുത നിഷ്കളങ്കപൈതങ്ങൾ പ്രദർശിപ്പിച്ച ഉജ്ജ്വലമായ ദൈവസ്നേഹം അതിമാത്രം അത്ഭുതാവഹമായിരുന്നു. ലോകൈകമഹാനുതാപിയാണല്ലോ ക്രിസ്തു. സ്വർഗ്ഗസ്ഥനായ പിതാവിനു മനുഷ്യരുടെ പാപംമൂലമുളവായ നിന്ദാപമാനങ്ങൾ അവിടുത്തെ സ്നേഹനിർഭരമായ ഹൃദയത്തെ വർണ്ണനയെക്കവിഞ്ഞവിധം വ്യാകുലപ്പെടുത്തി. തൽപരിഹാരാർത്ഥം അവിടുന്നു സ്വമേധയാ ഉഗ്രതപസ്സനുഷ്ഠിച്ചു. ആ മാതൃകയനുസരിച്ചു ഫാത്തിമായിലെ കൊച്ചുതാപസികളും അവരുടെ സഹനങ്ങളും ത്യാഗങ്ങളും ലോകപാപങ്ങളുടെ പരിഹാരത്തിനായി സമർപ്പിക്കുവാൻ ഉദ്യമമെടുത്തു. "നാം ക്രിസ്തുവിനോടൊന്നിച്ചു സഹനം കഷ്ടരിക്കുന്നില്ലെങ്കിൽ, അവിടുത്തോടുകൂടി മഹത്വം പ്രാപിക്കയുമില്ല." സെൻറു് പോളിൻെറ സാരഗർഭമായ ഈ ഉൽബോധനം അവർ കേട്ടിട്ടില്ലായിരിക്കാം. എന്നിരുന്നാലും അവരുടെ ഒരേ ഒരാഗ്രഹം മിശിഹായോടൊന്നിച്ചും മിശിഹായ്ക്കുവേണ്ടിയും സഹിക്കുവാനായിരുന്നു. അത്രമാത്രം ഉൽക്കടമായ ദൈവസ്നേഹമാണു് അവരുടെ പിഞ്ചുഹൃദയങ്ങളിൽ ജ്വലിച്ചെരിഞ്ഞിരുന്നതു്.



ഫാത്തിമാമാതാവിൻെറ തിരുനാൾ ഒക്ടോബർ 13-ാംനു-യാണു്.

സ്വർഗ്ഗീയമാതാവിനോടു് അവർ ചെയ്ത വാഗ്ദാനമനുസരിച്ചു പാപികളെപ്രതി പരിഹാരമനുഷ്ഠിക്കുവാനുതകുന്ന ഏതു സന്ദർഭത്തേയും അവർ സാഹ്ലാദം സ്വാഗതമരുളി സ്വീകരിച്ചു. കൊച്ചു ഫ്രാൻസിസ്കോപോലും — ദർശനത്തിനുമുമ്പു അവരിൽ അത്ര വലിയ ഭക്തിയൊന്നും കളിയാടിയിരുന്നില്ല — ഈശോനാഥൻെറ പരിശുദ്ധഹൃദയത്തിനു സാന്ത്വനമരുളുവാൻ പററിയ സഹനസന്ദർഭങ്ങളെ അത്യാർത്തിയോടെ ആരാഞ്ഞുവന്നു. അവൻ സഹതാപപൂർവ്വം പറയും: "പാവം ഈശോ! പാപികളിൽനിന്നു അവിടുന്നു എത്രമാത്രം ദുഃഖമനുഭവിക്കുന്നു!" കുട്ടികൾക്കു കൊതി സഹജമാണല്ലോ. ജസീന്ത ആ വാസനയെ ആരെയും വിസ്മയിപ്പിക്കുമാറു് അടക്കി നിറുത്തുവാൻ ഉററുപരിശ്രമിച്ചു. അവളുടെ അമ്മ ഒരിക്കൽ അവർക്കു ഒന്നാംതരം കുറെ മുന്തിരിപ്പഴം നല്കി. ആ മധുരഫലങ്ങൾ കണ്ടപ്പോൾ അവരുടെ വായിൽ വെള്ളം ഊറി. എങ്കിലും അമ്മ സ്ഥലം വിട്ടപ്പോൾ ജസീന്ത അതെല്ലാം ഒന്നും ബാക്കിവെക്കാതെ ഭിക്ഷുകുട്ടികളെ വിളിച്ചു അവർക്കു സന്തോഷപൂർവ്വം ദാനംചെയ്കയാണുണ്ടായതു്. വേറൊരിക്കൽ അവർക്കു കുറച്ചു നല്ല അത്തിപ്പഴം കിട്ടി. തിന്നുവാനുള്ള അത്യാഗ്രഹത്തോടെ ജസീന്ത ഓടിയടുത്തു. പക്ഷേ പെട്ടെന്നു നിന്നുകൊണ്ടു പറഞ്ഞു: "പാപികൾക്കുവേണ്ടി നാം ഇന്നു യാതൊരു ത്യാഗവും ചെയ്തില്ലല്ലോ. ഇതുതന്നെയെങ്കിലും നമുക്കപേക്ഷിക്കാം!"

ഫാത്തിമാനാഥ അവർക്കു ഭയാനകമായ നരകദർശനം നല്കി. പല ആത്മാക്കളും നിത്യദുരിതമനുഭവിക്കാനിടയാകുന്നതു് അവർക്കുവേണ്ടി പരിഹാരമനുഷ്ഠിക്കുവാൻ ആരുമില്ലാത്തതുകൊണ്ടാണെന്നു് അറിയിച്ചതുമുതല്ക്കാണു്, അവർ നിസ്സഹായരായ പാപികളെ പരിരക്ഷിപ്പാനുള്ള സഹനപാത്രങ്ങളാകുവാൻ സ്വയംസന്നദ്ധരായതു്. ആഗസ്റ്റുമാസത്തിലെ അത്യുഗ്രമായ ചൂടേററു എരിഞ്ഞുപൊരിഞ്ഞിരുന്ന ഒരു ദിവസം അവരുടെ ഉച്ചഭക്ഷണം അവർ ഏതാനും യാചകബാലർക്കു നല്കി കൃതാർത്ഥരായി. സായാഹ്നമായപ്പോഴേക്കും ക്ഷുദ്ദാഹങ്ങൾ അസഹ്യമായിത്തീർന്നു. ലൂസി അടുത്തുള്ള വീട്ടിൽ ചെന്നു കുറച്ചു വെള്ളം ചോദിച്ചു. ദയാലുവായ ഗൃഹനായിക ഒരു പാത്രം നല്ല വെള്ളവും കുറച്ചപ്പവും അവർക്കുകൊടുത്തു. എന്നാൽ, "എനിക്കു വെള്ളം കുടിക്കേണ്ട," എന്നു പറഞ്ഞുകൊണ്ടു ലൂസി വെള്ളപ്പാത്രം ഫ്രാൻസിസ്കോയുടെ നേർക്കു നീട്ടുകയാണുണ്ടായതു്. "പാപികളുടെ മാനസാന്തരത്തിനായി എനിക്കും ത്യാഗമനുഷ്ഠിക്കണം," എന്നു പ്രത്യുത്തരിച്ചുകൊണ്ടു് ആ ബാലനും അതു നിരസിച്ചു. "എനിക്കും പ്രായശ്ചിത്തമെടുക്കണം," എന്നുൽഘോഷിച്ചുകൊണ്ടു കൊച്ചു ജസീന്തയും ജലപാനം വേണ്ടെന്നുവെച്ചു. ഒടുവിൽ ലൂസി ഒരു വിപരീതത്യാഗപ്രവൃത്തിയായി വെള്ളമെല്ലാം ആടുകളുടെ വെള്ളത്തൊട്ടിയിൽ പകർന്നു കൊടുത്തു!

---

* അനുവാദം

### ഫാത്തിമാ

ഫാത്തിമായിൽ ദൈവജനനി പ്രത്യക്ഷപ്പെട്ട സ്ഥാനം അതേപടിതന്നെ നിർത്തിക്കൊണ്ടു് കപ്പേളയും പരിസരങ്ങളും സിമെൻറിടുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും വേണ്ട പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു.

"കാരുണ്യാംബുധി സകലേശനാം തമജൻതൻ
ചാരുശ്രീ വിലസിന മനുഷ്യാവതാരം
നേരുള്ളോരകമൊടുതൻ പദം ഭജിക്കും
പേരുറ്റോർക്കറിവുകൊടുത്തു പണ്ടുപണ്ടേ."

പ്രിയ കുഞ്ഞുങ്ങളേ,

പറുദീസായിൽനിന്നു ബഹിഷ്കൃതരാക്കപ്പെട്ട ആദവും ഹാവായും വരുവാനിരുന്ന രക്ഷകനെ പ്രതീക്ഷിച്ചുകൊണ്ടു കാലങ്ങൾ കഴിച്ചു. എന്നാൽ അവർക്കു ആ ദിവസങ്ങൾ കാണാൻ കഴിഞ്ഞില്ല. അവരുടെ സന്തതികൾ അചിരേണ ലോകമെങ്ങും വ്യാപിച്ചു. കായേന്റെ വംശജന്മാരായ ദുഷ്ടന്മാർ നാൾക്കുനാൾ വർദ്ധിച്ചുവന്നു. അവരുമായുള്ള മിശ്രവിവാഹത്താൽ സേത്തിന്റെ വംശപരമ്പരയിൽപ്പെട്ട സജ്ജനങ്ങളും ദുർമ്മാർഗ്ഗങ്ങളിലകപ്പെട്ടു ദുഷിച്ചുപോയി. നോഹിന്റെ കുടുംബംമാത്രം ജലപ്രളയത്തിൽ നശിക്കാതെ ദൈവകോപത്തിൽനിന്നു രക്ഷ പ്രാപിച്ചു. വെള്ളപ്പൊക്കം അവസാനിച്ചപ്പോൾ നോഹ് ദൈവത്തിനു കൃതജ്ഞതാബലി അർപ്പിച്ചു. തദവസരത്തിൽ ലോകരക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം ദൈവം വീണ്ടും നവീകരിക്കയുണ്ടായി. നോഹ് അനന്തരതലമുറകൾക്കു ഈ പ്രത്യാശാസന്ദേശം പ്രദാനംചെയ്തു. തുടന്നു പൂർവ്വപിതാക്കന്മാരായ അബ്രാഹം, ഇസഹാക്കു, യാക്കോബു ആദിയായ പരിശുദ്ധാത്മാക്കളും രക്ഷകനെക്കുറിച്ചുള്ള ദീർഘദർശനങ്ങൾ വിശദീകരിച്ചുകൊണ്ടിരുന്നു. യുഗങ്ങൾ പലതു ഇങ്ങനെ കടന്നുപോയി. പ്രാർത്ഥനയിലും പ്രതീക്ഷയിലും നരവർഗ്ഗം പരിത്രാതാവിനെ കാത്തിരുന്നു. എന്നാൽ ഈ ഭാഗ്യദർശനം ലഭിക്കാതെതന്നെ ആ പൂർവ്വപിതാക്കന്മാരുടെയെല്ലാം കണ്ണുകൾ അടയുകയാണുണ്ടായതു്.

സൃഷ്ടിയുടെ പുസ്തകത്തിൽ മൂശ ഈ സംഗതികൾ സംബന്ധിച്ചു രേഖപ്പെടുത്തിയിരിക്കുന്നതായതു്:

മനുഷ്യർ ഭൂമുഖത്തു പെരുകുവാൻ തുടങ്ങുകയും അവർക്കു പുത്രികൾ ജനിക്കയും ചെയ്തപ്പോൾ സംഭവിച്ചതായതു്: മനുഷ്യപുത്രികൾ സൗന്ദര്യമുള്ളവരാകുന്നുവെന്നു ദൈവപുത്രന്മാർ കണ്ടു. തങ്ങൾ തിരഞ്ഞെടുത്ത എല്ലാവരിൽനിന്നും അവർ തങ്ങൾക്കു ഭാര്യമാരായി അവരെ പരിഗ്രഹിച്ചു. (VI. 1, 2.)

ദൈവം നോഹിനോടു അരുളിച്ചെയ്തു: സകല ജഡത്തിന്റെയും അവസാനം എന്റെ മുമ്പിൽ പ്രവേശിച്ചു. എന്തെന്നാൽ ഭൂമി അവർമുഖാന്തരം ദുഷ്ടതകൊണ്ടു നിറഞ്ഞു. ഇതാ ഭൂമിയോടുകൂടെ അവരെ ഞാൻ നശിപ്പിക്കും. (സൃഷ്ടി VI, 13)

നോഹ് കർത്താവിനു ഒരു ബലിപീഠം പണിതു് ശുദ്ധിയുള്ള സകല മൃഗങ്ങളിൽനിന്നും ശുദ്ധിയുള്ള സകല പക്ഷികളിൽനിന്നും എടുത്തു ബലിപീഠത്തിന്മേൽ ദഹനബലി സമർപ്പിച്ചു. കർത്താവു ദഹനബലിയുടെ ഗന്ധത്തെ സമാധാനത്തിന്റെ ഗന്ധമായി ഘ്രാണിച്ചു. (VIII, 20, 21)

ദൈവം നോഹിനോടും അവനോടുകൂടെ അവന്റെ പുത്രന്മാരോടും അരുളിച്ചെയ്തു: കണ്ടാലും നിങ്ങളോടും നിങ്ങളുടെശേഷം നിങ്ങളുടെ സന്തതിയോടും എന്റെ ഉടമ്പടി ഞാൻ ചെയ്യുന്നു. (IX, 9, 10)

ദൈവത്തിന്റെ ദൂതൻ ആകാശത്തിൽനിന്നു രണ്ടാം പ്രാവശ്യം അബ്രാഹത്തെ വിളിച്ചു പറഞ്ഞു: കർത്താവു് അരുളിച്ചെയ്യുന്നു: നിന്നെ ഞാൻ അധികമായിട്ടു അനുഗ്രഹിക്കും. ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടലോരത്തിലെ മണൽപോലെയും നിന്റെ സന്തതിയെ ഞാൻ ഏററം വർദ്ധിപ്പിക്കയുംചെയ്യും...എന്റെ സ്വരം നീ കേട്ടതുകൊണ്ടു ഭൂമിയിലെ സകലജാതിജനങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും (XXII, 15—18)

അപ്പോൾ കർത്താവു ഇസഹാക്കിനു കാണപ്പെട്ടു് അവനോടു അരുളിച്ചെയ്തു: നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെ ഞാൻ വർദ്ധിപ്പിക്കും...ഭൂമിയിലെ സകല ജാതികളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും. (XXVI, 2—4)



ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

Bosco Children's Club (ബി. സി. സി.)

## 3. രക്ഷകനെക്കുറിച്ചുള്ള ദീർഘദർശനങ്ങൾ

ഇതാ! കർത്താവു കോവണിയുടെ മുകളിൽ നിന്നുകൊണ്ടു യാക്കോബിനോടു അരുളിച്ചെയ്യുന്നു:...നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെയാകും. കിഴക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും നീ വർദ്ധിക്കും. ഭൂമിയുടെ സകല വംശങ്ങളും നീമൂലവും നിന്റെ സന്തതിമൂലവും അനുഗ്രഹിക്കപ്പെടും. (XXVII, 13, 14)

പ്രിയ കുഞ്ഞുങ്ങളേ, അനുഗ്രഹമുള്ള പിതാവായ ദൈവം ഇങ്ങനെ കാലാകാലങ്ങളിൽ പൂർവ്വപിതാക്കന്മാർ വഴിയായി തന്റെ വാഗ്ദാനത്തെ നവീകരിച്ചുകൊണ്ടിരുന്നു. എന്നാൽ മനുഷ്യന്റെ നന്ദികേടു പിന്നെയും ആ രക്ഷണീയദിനത്തെ പ്രതിബന്ധിച്ചുകൊണ്ടുവന്നു. ദൈവത്തിന്റെ പുത്രന്മാർ എന്ന സംജ്ഞയാൽ വിവക്ഷിക്കപ്പെടുന്ന സജ്ജനങ്ങൾപോലും, മാനുഷപുത്രർ എന്നറിയപ്പെടുന്ന ദുർജ്ജനങ്ങളുമായിട്ടുള്ള സംസർഗ്ഗത്താലും മിശ്രവിവാഹത്താലും ദൈവദ്രോഹികളായി ഭവിച്ചു. പാപാന്ധകാരത്താൽ ലോകം അങ്ങനെ നിമഗ്നമായിത്തീർന്നു. രക്ഷയുടെ വെളിച്ചം പ്രാപിച്ചു ലോകത്തിൽ ജീവിപ്പാനാണു നമുക്കു ഭാഗ്യം സിദ്ധിച്ചിരിക്കുന്നതു്. എങ്കിലും പാപതിമിരം നമ്മെ വലയംചെയ്യുന്നു. സൗന്ദര്യവും സമ്പത്തും മാത്രം മോഹിച്ചുള്ള വിവാഹബന്ധത്താൽ എത്ര കുടുംബങ്ങളാണു് ഇന്നും അധഃപതിച്ചു വരുന്നതു്! ദുർജ്ജനസംസർഗ്ഗം നിമിത്തം എത്രയാത്മാക്കൾ ഇന്നും നരകാഗ്നിയിൽ നിപതിക്കുന്നു! ഹാ! കരുണയുള്ള കർത്താവേ! നിന്റെ അനുഗ്രഹത്തിന്റെ കണ്ണുകൾ മനുഷ്യവർഗ്ഗത്തിന്റെ നേരെ തിരിക്കണമേ! പാപത്തിന്റെ ഭയങ്കരത ലോകത്തെ മനസ്സിലാക്കണമേ! പാപത്തിന്റെ എല്ലാ അവസരങ്ങളെയും ദുഷ്ടസംസർഗ്ഗത്തെയും മുഴുവനായി പരിത്യജിച്ചുകൊള്ളാമെന്നു ഞാനിതാ പ്രതിജ്ഞചെയ്യുന്നു. എന്റെ കർത്താവേ! എന്നെ സഹായിക്കണമേ!

### പദ്യരചനക്ലാസ്സ്

അറെറൻഷ്യൻ! ഓൾ സ്റ്റാൻഡ്—സിററ്, സ്റ്റാൻഡ്—സിററ്—പാഠപ്പുസ്തകം 28-ാം പെയ്ജ് എടുക്കുക. മൂന്നാം ഖണ്ഡികയിലെ ആദ്യപദ്യം വായിച്ചാട്ടെ. ഒരു പാദത്തിൽ എത്ര അക്ഷരമാണു് അതിനുള്ളതു്? പതിനൊന്നു്. ശരി. ത്രിഷ്ടുപ്ഛന്ദസ്സിൽതന്നെയുള്ള ഒരുപദ്യമാണു്. ഇന്ദ്രവജ്റയാണോ എന്നു നോക്കുക. അല്ല. ഉപേന്ദ്രവജ്റയാണോ? അതുമല്ല. എന്തുകൊണ്ടു്? ഗുരുലഘുക്കൾ അതുപോലെയല്ല ഇതിനുള്ളതു്. എങ്ങനെയാണു് ഇതിലെ ഗുരുലഘുക്കൾ എന്നു പരിശോധിക്കുക. ഒരു രഗണം, ഒരു നഗണം, വീണ്ടും ഒരു രഗണം, അനന്തരം ഒരു ലഘു, ഒരു ഗുരു ഇങ്ങനെയാണു നില്ക്കുന്നതു്. അതായതു്:

- ᴗ - ᴗᴗᴗ - ᴗ - ᴗ -
ഗാലഗാലലലഗാലഗാലഗാ

ശരി. അതു ഒരു പുതിയ വൃത്തമാണു്. അതിനു് രഥോദ്ധതാ എന്നു പേരു പറയും. ആ മൂന്നാം ഖണ്ഡം മുഴുവൻ രഥോദ്ധതാ വൃത്തത്തിലുള്ളതാണു്. അതു ഒന്നുരണ്ടാവർത്തി വായിച്ചിട്ടു് അതിനെപ്പറ്റിച്ചു് ഓരോ പാദങ്ങൾ സ്വയമായി പറയണം. കേൾക്കട്ടെ—തെററു്—തെററു്, അടുത്തയാൾ—തെററു്—ശരി. അധികവും തെററിപ്പോകുന്നു. മററു വൃത്തങ്ങളായിത്തീരുന്നു. അതിനാൽ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ പുസ്തകത്തിലെ പാദങ്ങൾ വീണ്ടും വായിച്ചു് ഹൃദിസ്ഥമാക്കണം. അനന്തരം താഴെ കാണുന്ന പാഠ്യാഭ്യാസങ്ങൾകൂടി തഴങ്ങുമ്പോൾ ഒരു വൃത്തംകൂടി കൈവശമാകും.

പാട്ടുപോലെയിതു ശീലമാക്കണം
വീട്ടുതോറുമിതു പാടിനോക്കണം.
ഗ്രാമരിയും മഹിതപ്രാന്തപൂരിയും
നേരിയന്ന വഴി ചെന്നുചേരണം
ബാലരംഗമതിലേക്കുണർന്നുടൻ
വേല ചെയ്യണമതീവ തുഷ്ടിയാ.
സത്യദീപമതിനായ് തുണച്ചിടും
കൃത്യമായതുവരുത്തി നോക്കുവിൻ.

### കത്തുകൾക്കു മറുപടി

236. ടി. ടി. മറിയാമ്മ "........മാതാവിനോടു അപേക്ഷിച്ചിട്ടു ഒരു കാര്യവും എനിക്കു കിട്ടാതെപോകുന്നില്ല. ബോസ്കോ അച്ചനു മാതാവു ചെയ്യുന്ന സഹായങ്ങൾ കണ്ടപ്പോൾ എനിക്കു ഒന്നുകൂടി ധൈര്യമായി...... ഹിന്ദുക്കളുടെ സദ്യക്കു പായസം ഒടുവിലാണല്ലോ എടുക്കുന്നതു്. എന്നാൽ സത്യദീപത്തിലെ പായസമായ ബാലരംഗം ഞാൻ ആദ്യം കഴിക്കും. ബാക്കിയെല്ലാം പിന്നെയേ നോക്കാറുള്ളു. എന്റെ സഹോദരങ്ങളെയും ഞാനതു നല്ലവണ്ണം കുടിപ്പിക്കുന്നുണ്ടു്...... "ലേഖനപ്രശ്നം" എന്ന വിഷയത്തിൽ എനിക്കു ഒരു സമ്മാനമുണ്ടെന്നു ജൂലയിലെ പത്രത്തിൽ കണ്ടു കാത്തിരുന്നിട്ടു് ഇതേവരെ കിട്ടിയില്ല......"

പ്രിയമറിയാമ്മേ, പലകത്തുകളുടെ കൂട്ടത്തിൽനിന്നു നിന്റെ ദീർഘകത്തു് ഇന്നെടുത്തിരിക്കയാണു്. പത്രസ്ഥലം അനുവദിച്ചെങ്കിൽ അതു മുഴുവൻ ഞാൻ പത്രത്തിൽ പകർത്തിയേനെ. കുഞ്ഞുങ്ങൾ ബാലരംഗം ഉപയോഗപ്രദമാക്കേണ്ടതു എങ്ങനെയെന്നു അതിൽനിന്നു കാണാം. മാതാവിന്റെ ഭക്തിയെക്കുറിച്ചുള്ള അനുഭവവിവരങ്ങൾ പ്രത്യേകം പ്രസ്താവ്യമാണു്. കുഞ്ഞുമകൾക്കു വല്യച്ചന്റെ അനുമോദനം. സമ്മാനകാര്യത്തിൽമാത്രം ഒരു പ്രമാദം പററിയിട്ടുണ്ടു്. "ലേഖനപ്രശ്നത്തിൽ" പറയുന്ന പേരുകാർക്കുള്ള സമ്മാനം എന്താണെന്നു് ഇതേവരെ മനസ്സിലാക്കാഞ്ഞതിൽ അത്ഭുതപ്പെടുന്നു. പേരോടുകൂടെ കാണുന്ന വിഷയത്തെക്കുറിച്ചു് കാൽ പെയ്ജിലുള്ള ഒരു ലേഖനം അവരുടെ പേരുവച്ചു പത്രത്തിൽ പ്രസിദ്ധപ്പെടുത്താനുള്ള അവകാശമാണു്, ആ ജന്മദിനക്കാർക്കു സമ്മാനമായി കൊടുക്കുന്നതു്. "മാസാദ്യവെള്ളിയാഴ്ചഭക്തി"യാണു നിനക്കു നിശ്ചയിച്ചിരുന്ന വിഷയം. ഈ എഴുത്തിന്റെ നാലിലൊന്നു ആ വിഷയത്തെപ്പററി എഴുതിയിരുന്നെങ്കിൽ എത്ര ഭംഗിയായിരുന്നു. ഇങ്ങനെ കാര്യം മനസ്സിലാകാതെയായിരിക്കുമോ അക്കാര്യത്തിൽ പലരും മുന്നോട്ടു വരാതിരിക്കുന്നതെന്നു സംശയിക്കുന്നതിനാൽ ഈ അവസരം പിടിച്ചു ഇത്രയും പറയാനിടയായതിൽ ഞാൻ സന്തോഷിക്കുന്നു. ഒരു കൊച്ചു ലേഖനം എഴുതാൻ പലരും പേടിക്കുന്നതുപോലെ തോന്നുന്നു. ആരെ പേടിക്കാനാണു്? നിങ്ങളുടെ ഈ എഴുത്തുകളുടെ രീതി ധാരാളംമതി. വിഷയം സംബന്ധിച്ചു വല്ല പുസ്തകങ്ങളും ചിലപ്പോൾ നോക്കേണ്ടിവരും; അഥവാ വല്ലവരുടെയും സഹായം തേടേണ്ടിവരും. അങ്ങനെയൊക്കെയല്ലേ അഭിവൃദ്ധി പ്രാപിക്കേണ്ടതു്? ബാലരംഗത്തിലെ കുറിപ്പുകൾ ശ്രദ്ധിച്ചു വായിക്കായ്കയാൽ ഈ സമ്മാനകാര്യംപോലെയുള്ള വേറെ അബദ്ധങ്ങളും ചിലർക്കു പററുന്നുണ്ടു്. "തിരുസഭാവിജയം" എവിടെ കിട്ടുമെന്നു നാലഞ്ചെഴുത്തുകൾ ഇന്നും വന്നിരിക്കുന്നു. മാനേജർ, സെൻറു ജോസഫ്സ് പ്രസ്സ്, എൽത്തുരുത്തു്, തൃശ്ശൂർ എന്ന മേൽവിലാസത്തിൽ നാലേമുക്കാലണയ്ക്കു തപാൽ സ്റ്റാമ്പയച്ചുകൊടുത്താൽ പുസ്തകം കൂലിതീർത്തയച്ചുതരുമെന്നു രണ്ടോ മൂന്നോ തവണ ഞാൻ ബാലരംഗത്തിൽ അറിയിച്ചിരുന്നതാണു്.

അടുത്ത ശനിയാഴ്ച വി. അമ്മത്രേസ്യായുടെ തിരുനാളാണു്. മഠത്തിനകത്തിരുന്നു പ്രാർത്ഥനയും പരിത്യാഗവുംകൊണ്ടു്, മഹാ അപ്പസ്തോലനായ വി. ശൗര്യാർപുണ്യവാനോടൊപ്പം ആത്മാക്കളെ നേടിയ ആ വിശ്രുതവിശുദ്ധയോടു ഭാരതമിഷനുവേണ്ടി എല്ലാവരും അന്നു വിശേഷവിധമായി പ്രാർത്ഥിക്കണം.

കുഞ്ഞുമക്കളെയെല്ലാം ആ നല്ലയമ്മ അനുഗ്രഹിക്കട്ടെ,

എന്നു സ്വന്തംവല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 അടുത്തുതന്നെ ബാംഗളൂർവച്ചു നടക്കുവാൻപോകുന്ന മെത്രാന്മാരുടെ സൂനഹദോസിൽ ആരായിരിക്കും അദ്ധ്യക്ഷതവഹിക്കുന്നതു്?

2 ആരെല്ലാം അതിലേക്കു ക്ഷണിക്കപ്പെടും?

3 ഇൻഡ്യയിൽ (പാക്കിസ്ഥാൻ കൂടാതെ) ഇപ്പോൾ എത്ര രൂപതകളുണ്ടു്?

4 എത്ര അപ്പസ്തോലിക് പ്രിഫെക്ചറുകളുണ്ടു്?

5 അപ്പസ്തോലിക് പ്രിഫെക്ചർ എന്നു പറഞ്ഞാൽ അർത്ഥമെന്തു്?

(ഉത്തരങ്ങൾ 9-ാം പേജിൽ)

## സ്റ്റെപ്പിനാക്കിനെ മോചിപ്പിച്ചേക്കും

കഴിഞ്ഞ 3 വർഷമായി കാരാഗൃഹവാസമനുഭവിച്ചുവരുന്ന സ്റ്റെപ്പിനാക്കു മെത്രാപ്പോലീത്താ തിരുമേനിയെ യൂഗോസ്ലാവിയായിലെ ഗവമ്മെൻറ് അടുത്തുതന്നെ മോചിപ്പിക്കാനിടയുണ്ടെന്നു് ഒരു പത്രറിപ്പോർട്ടിൽ കാണുന്നു.



ST. ALOYSIOUS ELECTROPLATING WORKS
AND CATHOLIC DEPOT,

MUNICIPAL OFFICE ROAD. TRICHUR.
PROPRIETOR; C. O. LOUIS.

*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*

1. Chalices 2. Ciboriums 3. Monstrances 4. Incense Boats 5. Thuribles 6. Communion Plates 7. Candle-sticks 8. Holy Oil Stoks Etc.

AND ALL KINDS OF CHURCH REQUISITES

NEAT ELECTROPLATING

*N. B. Prepared to go over to anywhere for neat execution if so wanted.*

# ദാനിയൽ—ചാക്കോ അപകീർത്തിക്കേസ്

## ചെങ്ങന്നൂർ ഒന്നാംക്ലാസ് മജിസ്ട്രേട്ടിന്റെ ജഡ്ജ്മെന്റ്

(തുടർച്ച)

### വാദിയുടെ അബദ്ധപ്രസ്താവനകളും വസ്തുതാഗോപനങ്ങളും

### വി. ജറോമിന്റെ വാക്യം ഉദ്ധരിച്ചതിൽ

6. ബി അക്കത്തിൽ വാദി ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന ഏതാനും അബദ്ധപ്രസ്താവനകളേയും വസ്തുതാഗോപനങ്ങളേയുംപററി ഞാൻ ഇനി പ്രസ്താവിക്കാം. വാദിയുടെ വക ബി. അക്കം പുസ്തകത്തിൽ വാദി കാണിച്ചിട്ടുള്ള അബദ്ധപ്രസ്താവനകൾക്കും ഒളിവുകൾക്കും വാദിഭാഗം 5-ാം സാക്ഷി 11 ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നു. ഇവയെപ്പററി എച്ച്. അക്കത്തിൽ വിവരിച്ചിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ ഉദാഹരണം റൈഡരുടെ കത്തോലിക്കാ വാദപ്രതിവാദത്തിലെ 22-ാം വശത്തുള്ളതും വളരെ പ്രധാനപ്പെട്ടതും സന്ദർഭോചിതവുമായ ഒരു ഭാഗം വാദി വിട്ടുകളഞ്ഞുവെന്നുള്ളതാകുന്നു. ഇതെപ്പററി എച്ച് അക്കം 32, 33 പേജുകളിൽ പ്രസ്താവിച്ചിരിക്കുന്നു. റോമൻകത്തോലിക്കർ വിശ്വസിച്ചുപോരുന്ന പാപ്പായുടെ ആധിപത്യം എന്ന സിദ്ധാന്തം ഒരു മായമാണെന്നു സമർത്ഥിക്കണം എന്നുള്ളതാണ് വാദിയുടെ ഉദ്ദേശം എന്നു ഓർമ്മിച്ചിരിക്കേണ്ടതാകുന്നു. തന്റെ വാദത്തിനു ആധാരമായി കത്തോലിക്കാസഭയിലെ ഒരു വൈദികനായ വിശുദ്ധ ജറോമിന്റെ അഭിപ്രായങ്ങളെ വാദി ഉദ്ധരിക്കുന്നു. റൈഡരുടെ പുസ്തക (22 അക്കം) ത്തിന്റെ 22-ാം വശത്തു വിശുദ്ധ ജറോമിന്റെ വാക്യങ്ങളെ കൊടുത്തിരിക്കുന്നു. എന്തായാലും തലവനായ ഒരാളെ തിരഞ്ഞെടുത്താൽ ശിശ്മയ്ക്കു ഇടം ഉണ്ടാകയില്ലല്ലോ എന്നു കരുതി പന്ത്രണ്ടു പേരിൽ ഒരാളെ തിരഞ്ഞെടുത്തു എന്നുള്ള വി. ജറോമിന്റെ വാചകം വാദി മി. ഡാനിയൽ വിട്ടുകളഞ്ഞു. ഈ വാചകം വാദി ഉദ്ധരിച്ചിട്ടുള്ള വാചകത്തിനു ഉടനടി പിന്നാലെ വരുന്നതാകുന്നു. വാദി ഉദ്ധരിച്ചിട്ടുള്ള ഭാഗം തനിച്ചു നോക്കുമ്പോൾ വി. ജറോമിന്റെ അഭിപ്രായത്തിൽ പീററർ 12 അപ്പസ്തോലന്മാരുടെ തലവനല്ലായിരുന്നുവെന്നു തോന്നിപ്പോകും. എന്നാൽ ഇതോടൊന്നിച്ചു വാദി വിട്ടുകളഞ്ഞിട്ടുള്ള ഭാഗംകൂടി ചേർത്തു നോക്കുമ്പോൾ ഇതിനു നേരെ വിപരീതമായ അർത്ഥം കിട്ടും. തന്റെ ഉദ്ദേശ്യത്തിന്നനുരൂപമല്ലെന്നു കണ്ടതിനാൽ വാദി ഈ ഭാഗം മനഃപൂർവ്വം വിട്ടുകളഞ്ഞതാണെന്നാകുന്നു പ്രതിഭാഗംവക്കീലിന്റെ തർക്കം. വിശുദ്ധ ജറോമിന്റെ പുസ്തകത്തിൽ അപ്രകാരം ഒരു ഭാഗം ഉണ്ടായിരുന്നതായും ആയതു റൈഡർ ഉദ്ധരിച്ചിട്ടുള്ളതായും മി. ഡാനിയലിനറിയാമായിരുന്നു എന്നുള്ളതു നിസ്സന്ദേഹമായ കാര്യമാകുന്നു.

ബി. അക്കത്തിൽ ഉദ്ധരിച്ചിട്ടുള്ള എല്ലാ ഇംഗ്ലീഷ് പുസ്തകങ്ങളും താൻ സ്വയം വായിച്ചിട്ടുണ്ടെന്നു മി. ഡാനിയൽ സമ്മതിക്കുന്നു. ഒരു നിഷ്പക്ഷപാതിയായ നിരൂപകൻ, ഒരു സത്യാന്വേഷകൻ (ഇതിനു രണ്ടിനും താൻ അവകാശിയാണെന്നു അന്യായത്തിലും മൊഴിയിലും മി. ഡാനിയൽ പറയുന്നു) എന്ന നിലകളിലും വിശേഷിച്ച് ബി അക്കം 28-ാം വശത്തു "ഇതിൽ പറയുന്ന ഇംഗ്ലീഷ് പുസ്തകങ്ങളിൽ പ്രൊഫസർ ബെർട്ടോളിയുടേതും, കീനാന്റെ ചോദ്യോത്തരപുസ്തകവും ഒഴിച്ചുള്ളതെല്ലാം ഞാൻതന്നെ വായിച്ചിട്ടുള്ളതാണ്. ഞാൻ ഏതു സംഗതിക്കായി ഓരോ ഭാഗങ്ങളെ ഉദ്ധരിക്കുന്നുവോ അതിനു എതിരായുള്ള ഭാഗങ്ങൾ മേലും താഴെയുമില്ലെന്നു വായനക്കാരോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു" എന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കും വാദി ഈ ഭാഗംകൂടി ഉദ്ധരിക്കേണ്ടതായിരുന്നു. മുകളിൽ പ്രസ്താവിച്ച ഭാഗം വിട്ടുകളഞ്ഞിട്ടുള്ളതിനാൽ ഇമ്മാതിരി വാദങ്ങൾ വിരൂപമായി തോന്നുന്നു. ഈ വാദമുഖത്തെപ്പററി മെ. പി കെ. നാരായണപ്പിള്ള, കെ. ഐ. ജോസഫ്, അന്തപ്പായി എന്നിവരുടെ അഭിപ്രായങ്ങൾ വാദി കരസ്ഥമാക്കിട്ടുള്ളതുപോലെ തോന്നുന്നു. ഈ അഭിപ്രായങ്ങളെല്ലാം ഡൈ. അക്കം ആയി ഈ കേസിൽ ഹാജരാക്കിയിട്ടുള്ള ഒരു ചെറുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. ഈ പുസ്തകം വായിച്ചുനോക്കിയാൽ മി. അന്തപ്പായി വാദപ്രതിവാദങ്ങളുടെ ഗുണാഗുണങ്ങളെപ്പററി സ്വയം ആലോചിച്ചുനോക്കിട്ടേയില്ലെന്നു സ്പഷ്ടമാകും.

മി. അന്തപ്പായിയുമായി വാദി ഒരു സംഭാഷണം നടത്തുകയുണ്ടായി. ഈ സംഭാഷണത്തിനിടയ്ക്കു വാദി തനിക്കുള്ള ചില നിർദ്ദേശതീരുമാനങ്ങളെക്കുറിച്ചു മി. അന്തപ്പായിയോടു പ്രസ്താവിക്കുകയും, ഇവയിൽനിന്നും അദ്ദേഹത്തിന്റെ അനുമാനങ്ങൾ ഉണ്ടാകുകയില്ലയോ എന്നു ചോദിക്കുകയും ചെയ്തു. ഈ സംഭാഷണത്തിന്റെ ഒരു ചുരുക്കം വാദി എഴുതുകയും ഇതിന്റെ സുബദ്ധതയ്ക്കു വേണ്ടി അതിൽ ഒപ്പിടുവാൻ മി. അന്തപ്പായിയോടു ആവശ്യപ്പെടുകയുമുണ്ടായി. വിഷയത്തെപ്പററിയുള്ള മി. അന്തപ്പായിയുടെ ഗഹനമായ ചിന്തയുടെ ഫലമായിട്ടുള്ളതാണു ഈ നടപടി എന്നു വരുന്നില്ല. വാദിയുമായി മി കെ. ഐ. ജോസഫ് പല വാദങ്ങളിലും യോജിക്കുന്നുവെങ്കിലും ഈ ഭാഗം വിട്ടുകളഞ്ഞതിനെപ്പററി അദ്ദേഹവും വാദിയെ കുററപ്പെടുത്തുന്നു. മി. നാരായണപിള്ളയുടെ അഭിപ്രായത്തിനു ജി. അക്കം ഒരു മതിയായ മറുപടിയാകുന്നു. ഇതു ഒന്നാംപ്രതിതന്നെ എഴുതിട്ടുള്ളതാണ്. മി. നാരായണപിള്ളയുടെ അഭിപ്രായവും ജി. അക്കവും ഞാൻ വളരെ സൂക്ഷിച്ചു വായിച്ചുനോക്കിയതിൽ ജി. അക്കം മി നാരായണപിള്ളയുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നതിനു എത്രയും പര്യാപ്തമായിട്ടുണ്ടെന്നു പറഞ്ഞുകൊള്ളുന്നു.

ഏതു വിധത്തിലും വിട്ടുകളഞ്ഞതിനെപ്പററി മി ഡാനിയൽതന്നെ സമ്മതിക്കുകയും വിട്ടുകളഞ്ഞഭാഗം സന്ദർഭയോജ്യമല്ലാത്തതിനാൽമാത്രം അങ്ങനെ ചെയ്തതാണെന്നു വാദിക്കുകയും ചെയ്യുന്നു.

### ചാപ്പ്മാന്റെ വാക്യം ഉദ്ധരിച്ചതിൽ

7) വാദി വിട്ടുകളഞ്ഞതിനു അടുത്ത ഉദാഹരണം എച്ച്. അക്കം 106-ാം വശത്തു കാണാവുന്നതാണ്. ഇതും മി. ഡാനിയൽ സമ്മതിക്കുന്നു. അതിനുള്ള വാദിയുടെ മറുപടി വാദിയുടെ സ്വന്തം വാക്കുകളിൽത്തന്നെ ചേർക്കുന്നു "വാദിക്കനുകൂലമായിട്ടുള്ള പ്രതിയുടെ ഒരു സമ്മതം വാദിവക്കീൽ എടുത്തുകാണിക്കുമ്പോൾ വാദിക്കു എതിരായ ഭാഗങ്ങൾ വാദിയുടെ മൊഴിയിൽ വിട്ടുകളഞ്ഞു എന്തുകൊണ്ടെന്നു ചോദിക്കത്തക്കവർ വക്കീലന്മാരുടെ കൂട്ടത്തിൽ കാണുകയില്ലെന്നാണ് എന്റെ പക്ഷം." ഈ അഭിപ്രായം വാദിയുടെ മനസ്ഥിതിയെ പ്രത്യക്ഷപ്പെടുത്തുന്നു. ഒരു ചരിത്രാന്വേഷകനോ ഒരു സത്യാന്വേഷിക്കോ അനുയോജ്യമല്ലാത്തവിധത്തിലുള്ളതും ദുഷിച്ചതുമായ യുക്തിയാണ് ഇവിടെ പ്രകടിതമായിട്ടുള്ളതു്. "ബിഷപ്പ് ഗോർ ആൻറ് ദി കത്തോലിക്ക ക്ലെയിംസ്" എന്ന തന്റെ പുസ്തകത്തിൽ (24 അക്കം പ്രമാണം) ഫാദർ ചാപ്പ്മാൻ, വി. പത്രോസിന്റെ ആധിപത്യത്തെപ്പററി പറഞ്ഞിട്ടുള്ളതു് എച്ച്. അക്കം 107-ാം വശത്തു വാദിഭാഗം 5-ാം സാക്ഷി മുഴുവനും എടുത്തു ഉദ്ധരിച്ചിട്ടുണ്ട്. ചാപ്പ്മാന്റെ അതേപുസ്തകത്തിൽനിന്നുള്ള മി. ഡാനിയലിന്റെ ഉദ്ധരണി അതിൽ കൊടുത്തിട്ടുണ്ട്. തന്റെ വക ബി. അക്കപ്പുസ്തകത്തിൽ വാദി ഉദ്ധരിക്കുന്ന 24 അക്കം 58-ാം വശം നോക്കുന്നതായാൽ ഫാദർ ചാപ്പ്മാന്റെ കൃതിയിലെ ചില ഭാഗങ്ങൾ വാദി വിട്ടുകളഞ്ഞിട്ടുള്ളതായി കാണാവുന്നതും തദ്വാരാ അലക്സാണ്ട്റിയായിലെ പാത്രിയർക്കീസായ വിശുദ്ധ സിറിൽ ഈ വിഷയത്തെപ്പററി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെക്കുറിച്ചു തെററിദ്ധാരണയ്ക്കു ഇടം നൽകുന്നതുമാകുന്നു. ഉയിർത്തെഴുന്നേല്പിനു ശേഷം ക്രിസ്തു വി. പത്രോസിനു നൽകിയ "എന്റെ ആടുകളെ മേയ്ക്കുക" മുതലായ മൂന്നു ആജ്ഞകൾകൊണ്ടു വിശുദ്ധ പത്രോസിനെ അപ്പസ്തോലന്മാരുടെ ഇടയിലേക്കു വീണ്ടും ഉൾപ്പെടുത്തുകമാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും അല്ലാതെ ഈ വചനങ്ങൾ വിശുദ്ധ പത്രോസിന്റെ മേലധികാരത്തെയല്ല കാണിക്കുന്നതെന്നുമാണ് വാദിക്കു സ്ഥാപിക്കേണ്ടിയിരിക്കുന്നതു്. 24 അക്കം 58-ാം പുറത്തു ഫാദർ ചാപ്പ്മാൻ പ്രസ്താവിച്ചിട്ടുള്ളതു മുഴുവൻ വാദി ഉദ്ധരിച്ചിരുന്നുവെങ്കിൽ ഫാദർ ചാപ്പ്മാനെ ആധാരമാക്കിക്കൊണ്ടു തന്റെ വാദങ്ങളെ സ്ഥാപിക്കുന്നതിനു വാദിക്കു് അസൗകര്യം നേരിടുമായിരുന്നു. ഒരുപക്ഷേ ഇക്കാരണങ്ങളാലായിരിക്കാം തക്കഭാഗം വാദി വിട്ടുകളഞ്ഞതു്. ഒരു സത്യാന്വേഷകന്റെ—ഈ പേരിനു തനിക്കു അവകാശമുണ്ടെന്നു അഭിമാനിക്കുന്ന വാദിയുടെ—നടപടിക്കു് ഈ പ്രവൃത്തി തീരെ യോജ്യമായിരിക്കുന്നില്ല. 24 അക്കത്തിൽ (ചാപ്പ്മാൻ) നിന്നും തിരസ്കൃതമായിട്ടുള്ള ഭാഗം എച്ച്. അക്കം 107-ാം വശത്തു വാദിഭാഗം 5-ാം സാക്ഷി വരയിട്ടു കാണിച്ചിരിക്കുന്നു.

### ചാപ്പ്മാന്റെ വേറൊരു വാക്യം ഉദ്ധരിച്ചതിൽ

8) വാദി വസ്തുതകളെ തെററിദ്ധരിപ്പിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നു എന്നുള്ള കുററാരോപണത്തിനു മൂന്നാമതായി ഒരു ഉദാഹരണം ഉള്ളതു് ബി. അക്കത്തിന്റെ 1-ാം പതിപ്പ് 53-ാം വശത്തു ഫാദർ ചാപ്പ്മാന്റെ കൃതിയിൽനിന്നും ഉദ്ധരിക്കുന്നതാണ്. ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് ബി. 1-ആയി അടയാളപ്പെടുത്തിയിട്ടുള്ളതാകുന്നു. 24 അക്കം 47-ാം വശത്തു ഫാദർ ചാപ്പ്മാൻ കൊടുത്തിട്ടുള്ള ഒരു ഫുട്ട്നോട്ടിനു ബി. 1 അക്കം 53-ാം വശത്തു വാദി ഒരു തർജ്ജമ നൽകിയിരിക്കുന്നു. എച്ച്. അക്കം 131-ാം വശത്തു വാദിഭാഗം 5-ാം സാക്ഷി ഈ ഫുട്ട്നോട്ട് പരിഭാഷപ്പെടുത്തി ചേർത്തിട്ടുണ്ട്. വാദി ഉദ്ധരിച്ചിട്ടുള്ള ഭാഗവും എച്ച്. അക്കം 131-ാം വശത്തു ചേർത്തിരിക്കുന്നു. 24 അക്കം 47-ാം വശത്തെ ഫുട്ട്നോട്ട് വാദി പരിഭാഷപ്പെടുത്തിയപ്പോൾ ഒരു പ്രധാനഭാഗം വിട്ടുകളഞ്ഞിരിക്കുന്നുവെന്നും, അതു മുഴുവനും ഉദ്ധരിച്ചിരുന്നുവെങ്കിൽ അപ്പസ്തോലന്മാരുടെ എല്ലാം മേലാവ് പത്രോസ് ആയിരുന്നുവെന്നു് കാണാമായിരുന്നുവെന്നുമാകുന്നു പ്രതിഭാഗം തർക്കം. 24 അക്കം 47-ാം വശത്തുള്ള ഫുട്ട്നോട്ടും ബി. അക്കത്തിന്റെ ഒന്നാം പതിപ്പായ ബി.1 അക്കം 53-ാം വശത്തു ഫുട്ട്നോട്ടിൽ മി. ഡാനിയൽ നൽകിട്ടുള്ള തർജ്ജമയും വായിച്ചുനോക്കുന്നതായാൽ ഫുട്ട നോട്ടിലെ ചില ഭാഗങ്ങൾ വിട്ടുകളഞ്ഞു എന്നുള്ള കുററം യഥാർത്ഥമാണെന്നു സ്പഷ്ടമായി കാണാവുന്നതാണ്. ഫുട്ട്നോട്ടിൽനിന്നും താൻ വിട്ടുകളഞ്ഞിട്ടുള്ള ഭാഗം സന്ദർഭത്തിനു ചേരാത്തതും ആവശ്യമില്ലാത്തതുമാണെന്നു വാദിക്കു തോന്നിയേക്കാം. എന്നാൽ ഇപ്പോഴത്തെ വിവാദവിഷയം അതല്ലല്ലോ. ഫുട്ട്നോട്ടിൽനിന്നും വാദി വിട്ടുകളഞ്ഞിട്ടുള്ള ഭാഗം വാദാധീനമായ വിഷയത്തിനു ഒരു വ്യത്യസ്തഭാവഭേദം നൽകുമെന്നുള്ളതിനും സംശയമില്ല. നിഷ്പക്ഷപാതിയായ ഒരു വിമർശകൻ, ഒരു സത്യാന്വേഷകൻ എന്ന നിലയിൽ വാദി ഒരാളുടെ കൃതിയിൽനിന്നും ഒരു വാചകം ഉദ്ധരിക്കുന്നതിനുപകരം സന്ദർഭത്തിനു യോജിച്ചതായ ഭാഗം മുഴുവൻ ഉദ്ധരിക്കേണ്ടതായിരുന്നു. തന്റെ കാര്യസാദ്ധ്യത്തിനുവേണ്ടി വസ്തുതകളെ മറച്ചുവച്ചിരിക്കുന്നു എന്നുള്ള ന്യായമായ കുററാരോപണത്തിനു വാദി ഇടംനൽകിയിരിക്കുന്നു. മഹാന്മാരായ സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങളെപ്പററിയും ചില കൈയെഴുത്തുഗ്രന്ഥങ്ങളിൽ കാണുന്ന പാഠഭേദങ്ങളെപ്പററിയും ഫാദർ ചാപ്പ്മാൻ പറഞ്ഞിട്ടുള്ളതെല്ലാം വാദി വിട്ടുകളയുന്നതിനു യുക്തിപരമായ യാതൊരടിസ്ഥാനവും കാണുന്നില്ല.

### വി. ഒപ്ററാററസിന്റെ വാക്യം ഉദ്ധരിച്ചതിൽ

9) മി. ഡാനിയൽ കാര്യമായ ഭാഗങ്ങൾ വിട്ടുകളഞ്ഞു എന്നുള്ളതിനു നാലാമതായി ഒരുദാഹരണം എച്ച്. അക്കം 135-ാം വശത്തു കാണുന്നു. വിശുദ്ധ പത്രോസ് അപ്പസ്തോലന്മാരിൽ പ്രമുഖനായിരുന്നു എന്നു കാണിക്കുന്നതിനു 24 അക്കം 55-ാംവശം ഇടത്തേകോളത്തിൽ ഫാദർ ചാപ്പ്മാൻ രണ്ടു ഉദാഹരണങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ഈ ഭാഗങ്ങൾ ഒരു സഭാപിതാവായ വിശുദ്ധ ഒപ്ററാററസിന്റെ പുസ്തകത്തിൽനിന്നും എടുത്തിട്ടുള്ളവയാകുന്നു. ബി. അക്കം 115-ം 116-ം വശങ്ങളിൽ ഇവയെപ്പററി വാദി സൂചിപ്പിച്ചിട്ടുണ്ട്. (115-ാം വശം 10-ാം പാര നോക്കുക) മാർപ്പാപ്പായാണു തലവൻ എന്നു കാണിക്കുവാൻ ചാപ്പ്മാൻ വിശുദ്ധ ഒപ്ററാററസിനെ ആധാരമായി ഉദ്ധരിക്കുന്നു എന്നു വാദി അതിൽ പറയുന്നു. ഫാദർ ചാപ്പ്മാന്റെ ഉദ്ധരണങ്ങൾ എത്രമാത്രം വിശ്വാസ്യവും സ്വീകരണയോഗ്യവുമാണെന്നു പരിശോധിക്കുന്നതിനു തനിക്കു സാധിച്ചിട്ടില്ലെന്നു പറഞ്ഞുകൊണ്ടു വാദി നിന്ദയോടുകൂടി ഫാദർ ചാപ്പ്മാനെ ഉപേക്ഷിക്കുന്നു. ഫാദർ ചാപ്പ്മാനെപ്പററി ഇപ്രകാരം വിചാരിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ചു വാദി പറയുന്നില്ല. ഫാദർ ചാപ്പ്മാൻ ഉദ്ധരിച്ചിട്ടുള്ള ഭാഗം വാദിയുടെ ഉദ്ദേശസാദ്ധ്യത്തിനു ഉതകുന്നില്ല എന്നു മാത്രമാണ് ഇതിൽനിന്നും അനുമാനിക്കേണ്ടിയിരിക്കുന്നതു്. എന്നാൽ അതേസമയംതന്നെ വാദി ഒരു വാചകത്തിന്റെ ഒരു ഭാഗം എടുത്തു അതെപ്പററി വിമർശിക്കുന്നു. എന്തെന്നാൽ അക്കാലത്തു പാപ്പായായിരുന്ന സിറിനിയസിനെപ്പററി പാപ്പായല്ലായിരുന്ന വി. ഒപ്റററസ് അതിൽ "സഹകാരി" (colleague) എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നു. പാപ്പയല്ലാതെ സഭയിലെ ഒരു പുരോഹിതൻമാത്രമായിരുന്ന ഒരാൾ പാപ്പാ സഭാദ്ധ്യക്ഷനായിരുന്നുവെങ്കിൽ അദ്ദേഹത്തെ "സഹകാരി" എന്നു സംബോധനചെയ്കയില്ലായിരുന്നുവെന്നു വാദി വാദിക്കുന്നു. പാപ്പാ പരമാധികാരിയായിരുന്നുവെന്നു കാണിക്കുന്നതിനു വിശുദ്ധ ഒപ്ററാററസിന്റെ എഴുത്തിൽനിന്നും ഒരു ഭാഗം മുഴുവനും ഫാദർ ചാപ്പ്മാൻ ഉദ്ധരിക്കുമ്പോൾ ചാപ്പ്മാന്റെ കൃതിയിൽനിന്നും ഒരു വാചകം മുഴുവൻപോലുമില്ലാതെ ഒരു വാക്കുമാത്രം ഉദ്ധരിച്ചതിൽ മി. ഡാനിയൽ നീതിയാണു കാണിച്ചതെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഭാഗത്തിന്റെ ഒരപൂർണ്ണവിഭാഗം മാത്രമാണ് വാദി ഉദ്ധരിച്ചിട്ടുള്ളതു്. നിഷ്പക്ഷപാതിയായ ഒരു വിമർശകൻ ചാപ്പ്മാന്റെ കൃതിയിലെ ഭാഗം മുഴുവനോ അല്ലാത്തപക്ഷം വാദി ഉദ്ധരിച്ചിട്ടുള്ള വിഭാഗമടങ്ങിയിരിക്കുന്ന ഭാഗം മുഴുവനോ ഉദ്ധരിക്കേണ്ടതായിരുന്നു. ഇതു യഥാർത്ഥത്തിൽ അനീതിയായിരിക്കയും വസ്തുതകളെ മറച്ചുംകൊണ്ടു് വാദി വഞ്ചനചെയ്തു എന്നുള്ള വിമർശനത്തിനു ശരിയായി അവസരം നൽകുകയും ചെയ്തിരിക്കുന്നു.

### വി. തിയഡോററിന്റെ വാക്യം ഉദ്ധരിച്ചതിൽ

10) മി. ഡാനിയൽ വസ്തുതകളെ മറച്ചു എന്നുള്ളതിനു ഇനി ഒരു ദൃഷ്ടാന്തം എച്ച്. അക്കം 142-ാം വശത്തു കാണുന്നു (ഉദാഹരണം നമ്പർ 9). പാപ്പായുടെ പരമാധികാരം വിശുദ്ധ പത്രോസിന്റെ കാലംമുതൽ ഇന്നേതിയതിവരെ എല്ലാ നൂററാണ്ടുകളിലും നിലനില്ക്കുന്നു എന്നുള്ള കത്തോലിക്കാവിശ്വാസത്തെ ഇവിടെ തെളിയിക്കുന്നതിനായി അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു പുരോഹിതനായ വിശുദ്ധ തിയോഡോററ് ലിയോ പാപ്പായ്ക്കും, ഒരു റോമൻവൈദികനായ റിനാററസിനും എഴുതിയിട്ടുള്ളതും "ദി ഓർത്തഡോക്സ് ഈസ്റ്റേൺ ചർച്ച്" എന്ന തന്റെ പുസ്തകത്തിൽ അഡ്റിയാൻ ഫോർട്ടേസ്ക്യൂ ഉദ്ധരിച്ചിട്ടുള്ളതും ഈ കേസ്സിൽ 46 അക്കമായി ഹാജരാക്കിട്ടുള്ളതും ആയ രണ്ടു എഴുത്തുകൾ ഉദ്ധരിച്ചിരിക്കുന്നു. റോമായിലെ ബിഷപ്പിനു, അതായതു പാപ്പായ്ക്കു സൂനഹദോസുകളുടെ വിധികളിന്മേൽ അപ്പീൽ കേൾക്കാൻ ഉള്ള അധികാരവും ലോകത്തിലെ എല്ലാം ക്രിസ്തീയ

സഭകളുടേയും മേൽ പരമാധികാരവും ഉണ്ടെന്നും ഈ എഴുത്തുകൾ വായനക്കാരുടെ ഉള്ളിൽ ഒരഭിപ്രായം ഉണ്ടാക്കും. ഈ എഴുത്തുകളിൽ ഒന്നിൽ അതായതു റിനേററസിനുള്ള എഴുത്തിൽ "നിങ്ങളുടെ ആർച്ച്ബിഷപ്പ്" എന്ന വാക്കിനെ വാദി ഉദ്ധരിച്ച് പാപ്പാ റോമാക്കാരുടെ മാത്രം ബിഷപ്പായിരുന്നുവെന്നും, ഇതായിരുന്നു വി. തിയോഡററിന്റെ അഭിപ്രായമെന്നും ഫോർട്ട്സ്ക്യൂ അതു സമ്മതിക്കുന്നു എന്നും വാദി വാദിക്കുന്നു. (ബി. അക്കം 112-ാം വശം നോക്കുക). റിനേററസിനുള്ള വിശുദ്ധ തിയോഡററിന്റെ എഴുത്തിൽ വാദി തനിക്കു ആധാരമായി എടുത്തിട്ടുള്ള ഭാഗങ്ങൾക്കു മുമ്പും പിമ്പും ഉള്ള ഭാഗങ്ങൾ വിട്ടിരിക്കുന്നു എന്നുള്ള കുററം വാദിഭാഗം 5-ാംസാക്ഷി മി. ഡാനിയലിന്റെ മേൽ ചുമത്തുകയും പാപ്പാ റോമാക്കാരുടെമാത്രം ബിഷപ്പായിരുന്നുവെന്നു ഫോർട്ട്സ്ക്യൂ സമ്മതിക്കുന്നുവെന്നുള്ള പ്രസ്താവനയെ തെളിയിക്കാൻ വാദിയെ വെല്ലുവിളിക്കുകയും ചെയ്യുന്നു. ഈ ഉപാക്ഷേപം എച്ച്. അക്കം 145-ാം വശത്തു "ഇതു ഞാൻ ഈ ഭാഗത്തു ഉദ്ധരിച്ചിട്ടില്ലെന്നുള്ളതു നേരുതന്നെ" എന്നു വാദി സമ്മതിക്കയുംചെയ്യുന്നു. എന്നാൽ ഈ എഴുത്തു തന്റെ പുസ്തകത്തിൽ വേറൊരു ഭാഗത്തു ചേർത്തിട്ടുണ്ടെന്നു വാദി തർക്കിക്കുന്നു. റിനേററസിനുള്ള എഴുത്തിനെ സംബന്ധിച്ചിടത്തോളം ഇതു മുഴുവൻ പരമാർത്ഥമല്ല. റിനേററസിനുള്ള ഈ എഴുത്തിന്റെ ഭാഗങ്ങൾ വിട്ടിട്ടുണ്ടെന്നു വാദിതന്നെ സമ്മതിക്കുകയും താൻ കാർഡിനൽ ഗിബ്ബൺസിന്റെ കൃതിയിൽനിന്നുമാണുദ്ധരിച്ചിട്ടുള്ളതെന്നും ആ ഭാഗങ്ങൾ സന്ദർഭോചിതമല്ലാത്തതിനാൽ അവയെ അദ്ദേഹംതന്നെ വിട്ടുകളഞ്ഞിട്ടുണ്ടെന്നും പറഞ്ഞു വാദി വിട്ടുകളഞ്ഞതിനെ ന്യായീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഗിബ്ബൺസ് റിനേററസിനുള്ള എഴുത്തിൽനിന്നും അല്ല ഉദ്ധരിച്ചിട്ടുള്ളതു്. റോമായിലെ ബിഷപ്പിനുള്ള എഴുത്തിൽനിന്നുമാണു് ഗിബ്ബൺസ് ഉദ്ധരിച്ചിട്ടുള്ളതു്; എന്തെന്നാൽ ഫോർട്ട്സ്ക്യൂവിനു എത്രയോ മുമ്പു ഗിബ്ബൺസ് അദ്ദേഹത്തിന്റെ പുസ്തകം എഴുതി കഴിഞ്ഞിരിക്കുന്നു. (46 അക്കം). 46 അക്കം ഫോർട്ട്സ്ക്യൂവിൽനിന്നാണു ഗിബ്ബൺസ് ഉദ്ധരിച്ചിട്ടുള്ളതെന്നും റിനേററസിനുള്ള എഴുത്തു അദ്ദേഹം കണ്ടിരിക്കുമെന്നും വാദി വായനക്കാർ വിശ്വസിച്ചുകൊള്ളുന്നതിനനുവദിച്ചിരിക്കുന്നു. ഇതു തെററിദ്ധരിപ്പിക്കലാകുന്നു. പാപ്പാ റോമാക്കാരുടെ മാത്രം ബിഷപ്പായിരുന്നുവെന്നു ഫോർട്ട്സ്ക്യൂ സമ്മതിച്ചിട്ടുണ്ടു്, എന്നു വാദി പ്രസ്താവിക്കുന്നതു ന്യായീകരിക്കത്തക്കതല്ലെന്നു എച്ച്. അക്കം 144-ാം വശത്തു വാദിഭാഗം 5-ാംസാക്ഷി പറഞ്ഞിട്ടുള്ളതു് വായിച്ചാൽ കാണാവുന്നതാണു്. റിനേററസിനുള്ള എഴുത്തിൽനിന്നല്ലായിരുന്നു ഗിബ്ബൺസ് ഉദ്ധരിച്ചിട്ടുള്ളതെന്നുള്ളതിനാൽ കാർഡിനൽ ഗിബ്ബൺസ് ഉപേക്ഷിച്ചിട്ടുള്ളതുകൊണ്ടാണു് റിനേററസിനുള്ള എഴുത്തിൽനിന്നും ഏതാനും ഭാഗങ്ങൾ വിട്ടുകളഞ്ഞതു് എന്നുള്ള വാദിയുടെ പ്രസ്താവനയും ന്യായീകരിക്കത്തക്കതല്ല. എങ്ങനെയെല്ലാമായാലും വിട്ടുകളകയും തെററിദ്ധരിപ്പിക്കുകയുംചെയ്തു എന്നുള്ള ആരോപണത്തിനു വാദിയുടെ നടപടി ഇടം നൽകിയിരിക്കുന്നു.

### കാർത്തേജു സൂനഹദോസിലെ നടപടികളെ വിവരിച്ചതിൽ

11) ഈ വാദമുഖത്തെപ്പററി ഇനിയും കൂടുതലായി പറയേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വാദി ചെയ്തിട്ടുള്ള അബദ്ധപ്രസ്താവനകൾ, മാററിമറിക്കലുകൾ, വിട്ടുകളച്ചിലുകൾ എന്നിവയ്ക്കു വേറെയും പല ഉദാഹരണങ്ങൾ പ്രതിഭാഗം വക്കീലന്മാർ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. പ്രതിയുടെ മനോരാജ്യത്തിൽമാത്രം കുടികൊള്ളുന്നവയാണു് ഈ ഉദാഹരണങ്ങൾ എന്നു പറയുന്നതിനു് എനിക്കു നിർവ്വാഹമില്ല. പ്രത്യേക ഭാഗങ്ങൾ വിട്ടുകളയുകയും മറച്ചുവയ്ക്കുകയും ചെയ്തു എന്നതിനു മേൽ ഉദ്ധരിച്ചിട്ടുള്ള ഉദാഹരണങ്ങൾ സാക്ഷ്യം വഹിക്കുന്നു. ബി. അക്കം 31-ാം വശത്തു വാദി കാർത്തേജിലെ സൂനഹദോസിലെ നടപടികളെ വിവരിക്കുന്നതിൽനിന്നും ഇവയെല്ലാം കാണാവുന്നതാണു്. പാപ്പാ അയക്കുന്ന കാനോനകൾ, നിഖ്യാ കാനോനകളാണെന്നു തെളിയുന്നതുവരെ അവയെ അനുസരിക്കേണ്ടതില്ലെന്നു കാർത്തേജിലെ സൂനഹദോസ് തീരുമാനിച്ചതായിട്ടാണു വാദി പ്രസ്താവിക്കുന്നതു്. ഇതിനാധാരമായി ഹെഫെലെയുടെ പുസ്തകം രണ്ടാംവാല്യം (464-ാം വശം) വാദി ഉദ്ധരിക്കുന്നു. ഈ പുസ്തകം 28 അക്കം ആകുന്നു. ഹെഫെലെ ഇതിൽ ഇപ്രകാരം പറയുന്നു. "റോമിനോടുള്ള ബഹുമാനം കൊണ്ടു്, എന്തായാലും നിഖ്യാനിശ്ചയത്തെക്കുറിച്ചു് ഒന്നുകൂടി അന്വേഷിക്കുന്നതുവരെ നിഖ്യായിലെ കപടകാനോനകളെത്തന്നെ തല്ക്കാലത്തേക്കു അനുസരിക്കുന്നതാണെന്നും 418-ൽത്തന്നെ സോസിമസു പാപ്പായ്ക്കു രേഖാമൂലമായ ഒരു പ്രഖ്യാപനം അവർ അയച്ചുകൊടുത്തു" (28 അക്കം 464-ാം പുറം). പാപ്പായുടെ മേലദ്ധ്യക്ഷതയെ നിഷേധിക്കണമെന്നുള്ള ഉദ്ദേശമാണു വാദിക്കുള്ളതെന്നുള്ളതിനാൽ ഹെഫെലെയെക്കുറിച്ചുള്ള ഈ വ്യാജപ്രസ്താവന ദുഷ്ടരഹിതമാണെന്നു വിചാരിക്കാൻ പാടില്ല. 417-ൽ കൂടിയ കാർത്തേജിലെ സൂനഹദോസിലെ നടപടികളെയും വാദി തെററിദ്ധരിപ്പിക്കുന്നു. (ബി. അക്കം 31-ാംവശം നോക്കുക.) 419-ൽ കാർത്തേജിൽവച്ചു കൂടിയ സൂനഹദോസ് അലക്സാണ്ട്റിയായിൽനിന്നും കോൺസ്റ്റാൻറിനോപ്പോളിൽനിന്നും (കുസ്തന്തിനോപ്പോലിസ്) നിഖ്യാകാനോനകൾ വരുത്തി പരിശോധിച്ചു എന്നു വാദി പറയുന്നു. പാപ്പാ അയച്ച കാനോനകൾ നിലവിലില്ലാത്തതാണെന്നു കണ്ടു. ഇതുകാരണം സൂനഹദോസു കോപാവേശത പൂണ്ടു പാപ്പായിൽ ചതിക്കുററം ചുമത്തി "ചെവിക്കുററിക്കു അടിച്ചപോലെ" ഒരെഴുത്തയച്ചു എന്നു വാദി പ്രസ്താവിക്കുന്നു. യഥാർത്ഥത്തിൽ 419ലെ സൂനഹദോസ് അലക്സാണ്ട്റിയായിൽനിന്നും കോൺസ്റ്റാൻറിനോപ്പോളിൽനിന്നും നിഖ്യാകാനോനകൾ വരുത്തുകയുണ്ടായിട്ടില്ല. പൗരസ്ത്യദേശത്തുനിന്നും കാനോൻപ്രതികൾ ബോനിഫസ് പാപ്പായ്ക്കു അയച്ചുകൊടുക്കാമെന്നു അവർ എഴുതുകയാണുണ്ടായതു്. അലക്സാണ്ട്റിയായിലേക്കും മററും എഴുതണമെന്നു് അവർ പാപ്പായോടു അപേക്ഷിക്കുകയും ചെയ്തു. യഥാർത്ഥ കാനോനായുടെ പകർപ്പുകൾ വന്നുചേരുന്നതുവരെ അവർ രണ്ടു കാനോനകളും ഭക്തിയോടെ അനുഷ്ഠിക്കുന്നതാണെന്നുകൂടി അറിയിച്ചിരുന്നു. (ഹെഫെലെയുടെ 2-ാം വാല്യം പുസ്തകം 466-ാം, 476-ാം വശങ്ങൾ നോക്കുക.) ഈ വസ്തുതകളെല്ലാം ബി. അക്കം 21-ാംവശത്തു തെററായി പ്രസ്താവിച്ചിരിക്കുന്നു. പാപ്പായ്ക്കുള്ള എഴുത്തിൽ കോപലേശംപോലും ഇല്ല. പാപ്പായോടും റോമൻകത്തോലിക്കരോടും വാദിക്കുള്ള വെറുപ്പു ഇതിൽനിന്നും തെളിയുന്നു.

### സാർഡിക്കൻ കാനോനകളെപ്പററി വിവരിച്ചതിൽ

12) സാർഡിക്കാസൂനഹദോസിന്റെ സാർവ്വത്രികസ്വഭാവത്തെ റോമൻകത്തോലിക്കാ ഗ്രന്ഥകാരന്മാർ പൊതുവെ സമ്മതിക്കുന്നില്ല എന്നു ബി. അക്കം 34-ാംവശത്തു വാദി സമർത്ഥിച്ചിരിക്കുന്നതു് വാദിയുടെ തെററിദ്ധരിപ്പിക്കലിനുള്ള ഉദാഹരണങ്ങൾക്കു മറെറാരു തെളിവാണു്. സാർഡിക്കൻ കാനോനകൾ ആണെന്നു പറഞ്ഞുകൊണ്ടു കള്ളകാനോനകൾ ഉണ്ടാക്കിയിരിക്കുന്നു എന്നു അപരാധം ചുമത്തി റോമൻ കത്തോലിക്കരെ വാദി കുററപ്പെടുത്തുന്നു. സാർഡിക്കൻ സൂനഹദോസിന്റെ സാർവ്വത്രികസ്വഭാവത്തെ സമർത്ഥിച്ചു അനവധി റോമൻകത്തോലിക്കാ ഗ്രന്ഥകാരന്മാർ എഴുതിട്ടുണ്ടെന്നു ഹെഫെലെയുടെ പുസ്തകം 2-ാംവാല്യം 175-ാം 176-ാം വശങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. വാദിഭാഗം 6-ാം സാക്ഷി എഴുതിട്ടുള്ളതും, ക്യൂ. അക്കമായി ഈ കേസിൽ ഹാജരാക്കിയിട്ടുള്ളതും ആയ പുസ്തകത്തിൽ സാർഡിക്കാസൂനഹദോസിനേയും കാനോനകളേയുംപററി വാദിഭാഗം 6-ാംസാക്ഷി എഴുതിട്ടുള്ളതു് വഞ്ചനയാണെന്നുള്ള വാദിയുടെ ആരോപണം അടിസ്ഥാനരഹിതമാണു്. സാർഡിക്കാ കാനോനകൾ വ്യാജമാണെന്നു കാണിക്കാൻ അലോഷ്യസ് വിഞ്ചെൻസിയുടെ പുസ്തകത്തെ ബി. അക്കം 35-ാം വശത്തു വാദി ഉദ്ധരിക്കുന്നു. പുസ്തകം കണ്ടിട്ടില്ലെന്നും തനിക്കറിയാൻ പാടില്ലാത്ത ഒരു ഭാഷയിലാണു് അതെഴുതിട്ടുള്ളതെന്നും വാദി സമ്മതിക്കുന്നു. ആ പുസ്തകവും ഹാജരാക്കിട്ടില്ല. അയാൾ ഒരു റോമൻകത്തോലിക്കനായതുകൊണ്ടു ഉദ്ധരണം തന്റെ ഉദ്ദേശത്തിനു പര്യാപ്തമായതുകൊണ്ടും അയാളുടെകൃതിയിൽനിന്നും ഉദ്ധരണികൾ എടുക്കുവാൻ വാദിക്കു പ്രത്യേകസന്തോഷമുണ്ടെന്നുള്ളതു് സ്പഷ്ടമാണു്. താൻ വായിക്കുകയോ കാണുകയോ ചെയ്തിട്ടില്ലാത്ത പുസ്തകങ്ങളെ ആധാരമാക്കിക്കൊണ്ടു റോമൻകത്തോലിക്കരിൽ വഞ്ചനക്കുററം ചുമത്തുന്നതിനു വാദി തയ്യാറായിരിക്കുന്നു. ഒരു ചരിത്രാന്വേഷകന്റെയോ സത്യാന്വേഷകന്റെയോ മനസ്ഥിതി ഇതായിരിക്കരുതു്. ഫാദർ ചാപ്പ്മാനെ വർജ്ജിച്ചതുപോലെ വിഞ്ചെൻസിയെ ഉപേക്ഷിക്കുന്നതിനു വാദി ഒരുങ്ങുന്നില്ല. എന്തെന്നാൽ തന്റെ ഉദ്ദേശത്തിനു ഫാദർ ചാപ്പ്മാൻ അനുകൂലിയല്ലാതെയും മറെറയാൾ തനിക്കു അനുകൂലിയായും കാണപ്പെടുന്നു.

13) ക്യൂ. അക്കം 90-ാം പുറത്തു് ഒരു കള്ളറിക്കാർട്ടു് വാദിഭാഗം ആറാംസാക്ഷി ഉപയോഗപ്പെടുത്തിയെന്നു വാദി വീണ്ടും പറയുന്നു. ടില്ലമൊൻറിനെ ആധാരമാക്കിക്കൊണ്ടു് ആ റിക്കാർട്ടു് കള്ളമെന്നു തെളിയിക്കാൻ വാദി ശ്രമിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള ഒന്നുംതന്നെ ടില്ലമൊൻറു പറഞ്ഞിട്ടില്ലെന്നു വാദി സമ്മതിക്കുന്നു. (കെ. അക്കം 112-ാം പുറം നോക്കുക). കെ. അക്കത്തിന്റെ തീരെ അപ്രധാനമായ ഒരു ഭാഗത്താണു് ഈ പ്രമാദത്തെപ്പററി വാദി സമ്മതിച്ചിരിക്കുന്നതു്. വാദിഭാഗം ആറാം സാക്ഷിയെപ്പററി വാദി ചെയ്തിരിക്കുന്ന അടിസ്ഥാനരഹിതമായ കുററാരോപണത്തെക്കുറിച്ചു് അവിടെപ്പോലും വാദി മനസ്താപം പ്രദർശിപ്പിക്കുന്നില്ല. പുസ്തകത്തിന്റെ രണ്ടു പതിപ്പുകൾ പ്രസിദ്ധം ചെയ്തുകഴിഞ്ഞുവെങ്കിലും ബി. അക്കം പുസ്തകത്തിന്റെ ഒരു ഭാഗത്തുപോലും ഈ തെററു വാദി സമ്മതിക്കുന്നില്ല. എച്ച്. അക്കത്തിലുള്ള ആക്ഷേപവും വാദി പിൻവലിച്ചിട്ടില്ല. യാതൊരുവക അടിസ്ഥാനവുമില്ലാതെ വാദിഭാഗം ആറാം സാക്ഷിയുടെ പേരിൽ ഉണ്ടാക്കിട്ടുള്ള ഈ കുററാരോപണം ഒരു സത്യാന്വേഷകനോ നിരൂപകനോ—വാദി ഇങ്ങനെയുള്ള ആളാണെന്നു അഭിമാനിക്കുന്നു—ആവശ്യമായിരിക്കുന്ന യോഗ്യതകൾ ഇല്ലാത്ത ഒരു സാഹസിക എഴുത്തുകാരനാണു് വാദി എന്നു വെളിപ്പെടുത്തുന്നു.

14) റോമൻകത്തോലിക്കാ വിശ്വാസങ്ങളേയും നടപടികളേയും തെററിദ്ധരിപ്പിക്കുന്നതിനും അവയുടെ യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കുന്നതിനും വാദി ശ്രമിച്ചിട്ടുള്ള കാര്യം ശരിയായ അടിസ്ഥാനത്തോടുകൂടിയാണെന്നു് തെളിയിക്കുന്നതിനു് ഞാൻ ധാരാളം പറഞ്ഞുകഴിഞ്ഞിട്ടുണ്ടു് എന്നു ഞാൻ വിചാരിക്കുന്നു. ഉദ്ധരിച്ചുകഴിഞ്ഞിട്ടുള്ള ഉദാഹരണങ്ങൾ ആ മാതിരി ഒരു കുററാരോപണത്തെ സ്ഥാപിക്കുന്നതാണു്. റോമൻ കത്തോലിക്കാ ഗ്രന്ഥകാരന്മാരെപ്പററിയും അവരുടെ സ്ഥാപനങ്ങളെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ വാദി ഹാസ്യരസത്തിലും നിന്ദാസ്തുതിയിലും മുഴുകുന്നതായും നാം കണ്ടിരിക്കുന്നു. റോമൻകത്തോലിക്കരേയും അവരുടെ മതവിശ്വാസങ്ങളേയും കുറിച്ചുള്ള വാദിയുടെ ആവശ്യമില്ലാത്തതും അതിരുകവിഞ്ഞ ആക്ഷേപങ്ങളെപ്പററി മുൻ ഒരു ഖണ്ഡികയിൽ (ഖണ്ഡിക 4) പ്രതിപാദിച്ചിട്ടുണ്ടു്. ഈ ആക്ഷേപവിമർശങ്ങൾ വാദിയെ "ദോഷാരോപണത്തിനു വിരുതൻ" എന്നു വിളിക്കുന്നതിനെ ധാരാളമായി ന്യായീകരിക്കുന്നുവെന്നു സ്പഷ്ടമാകുന്നു. എ. അക്കത്തിനു മുമ്പുതന്നെ വാദിക്കു പക്ഷപാതിയായ ഒരു വിമർശകൻ എന്നുള്ള പേരു കിട്ടിയിട്ടുണ്ടെന്നു 2 മുതൽ 18 വരെ അക്കങ്ങൾ കൊണ്ടു കാണാവുന്നതാണു്. എ. അക്കത്തിൽ ഒന്നാംപ്രതി ചെയ്തിട്ടുള്ള ഓരോ കുററാരോപണത്തിനും ശരിയായ അടിസ്ഥാനമുണ്ടെന്നു നമുക്കു കാണാം. തിരുവിതാംകൂർ പീനൽകോഡ് 502-ാം വകുപ്പിന്റെ 1, 3, 6, 9 എന്നി വ്യത്യസ്തങ്ങൾ (Exceptions) പ്രകാരം ഒന്നാംപ്രതിയുടെ നടപടി ന്യായീകരിക്കത്തക്കതാണു്. വാദിഭാഗത്തെ പണ്ഡിതനായ വക്കീലിന്റെ ചില വാദങ്ങളെ സംബന്ധിച്ചു ഒന്നുരണ്ടു വാക്കു് ഈ പതനത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. എ. അക്കത്തിൽ വ്യാജപ്രസ്താവനകൾ ഉണ്ടെങ്കിൽ വ്യത്യസ്തവകുപ്പുകളുടെ ആനുകൂല്യം പ്രതിക്കു അവകാശപ്പെടാൻ പാടില്ലെന്നു് വാദിക്കയുണ്ടായി. ഒന്നാംപ്രതി തന്റെ ഗ്രന്ഥത്തിൽ ചെയ്തിട്ടുള്ള ഓരോ കുററാരോപണവും വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ചെയ്തിട്ടുള്ളതാണെന്നു് ഞാൻ കാണിക്കയുണ്ടായിട്ടുണ്ടല്ലോ. വാദിയിൽ വഞ്ചനക്കുററം ആരോപിച്ചിട്ടുണ്ടെങ്കിൽ വസ്തുതകളെ മറച്ചും തിരിച്ചും തെററിദ്ധരിപ്പിച്ചും അയാൾ യഥാർത്ഥത്തിൽ ആ കുററം ചെയ്തിരിക്കുന്നു. അങ്ങനെ ചെയ്തിട്ടുള്ള ഒളിപ്പുകൾക്കു അനവധി ഉദാഹരണങ്ങൾ കാണിച്ചു കഴിഞ്ഞിരിക്കുന്നു. വാദിയിൽ ഹാസ്യക്കുററമാണു് ആരോപിച്ചിട്ടുള്ളതെങ്കിൽ ആയതിനും ധാരാളം തെളിവുകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. വാദിതന്നെ അതു സമ്മതിച്ചിരിക്കുന്നു. വാദിയിൽ ദോഷാരോപണക്കുററം ചുമത്തിയിട്ടുണ്ടെങ്കിൽ അതിനു ബി. എച്ച്. എന്നി അക്കങ്ങളുടെ പല പുറങ്ങളിൽനിന്നു നമുക്കു് ധാരാളം ഉദാഹരണങ്ങൾ ലഭിച്ചിട്ടുണ്ടു്. അപകീർത്തിവകുപ്പിലെ വ്യത്യസ്തങ്ങളുടെ രക്ഷയിൽനിന്നും പ്രതിയെ അവകാശഹീനനാക്കിത്തീർക്കുന്നതിനു് ഉതകത്തക്ക അപവാദങ്ങൾ എ. അക്കത്തിലുണ്ടെന്നു് വാദിഭാഗത്തിനു് എങ്ങനെ പറയാൻ സാധിക്കുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. തന്റെ വാദത്തിനു് ആധാരമായി വാദിവക്കീൽ 43 Indian Cases 417 at 420, 424—168 Indian Cases 467 at 473, 474&475 എന്നി വിധികളെ ആശ്രയിച്ചിട്ടുണ്ടു്. ഈ ആധാരങ്ങൾ വാദിഭാഗത്തേക്കു സഹായമാകുന്നില്ല. അവിടെ അപവാദങ്ങളും അബദ്ധപ്രസ്താവനകളും പ്രതി ചെയ്യുകയും അവ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിയിക്കയും ചെയ്തു. ഇവിടെ വാദി തന്റെ ഉദ്ദേശസാദ്ധ്യത്തിനായി, അതായതു് പാപ്പായുടെ ആധിപത്യം നിഷേധിക്കുന്നതിനു്, അബദ്ധപ്രസ്താവനകളിലും യാഥാർത്ഥ്യങ്ങളെക്കുറിച്ചു് മറിച്ചും തിരിച്ചും ഉള്ള പ്രസ്താവനകളിലും മുഴുകിയിരിക്കുന്നു. എ. അക്കത്തിലുള്ള ആക്ഷേപങ്ങൾ ഈ തരത്തിലുള്ള ഒളിപ്പുകളെയും വക്രതകളെയും പററി മാത്രമാകുന്നു. അവയുടെ സ്വഭാവം വ്യക്തിപരമായിട്ടുള്ളതല്ല. വാദിയുടെ അഭിപ്രായപ്രകാരവും ഒരു കുററാരോപണംമാത്രമേ വ്യക്തിപരമായിട്ടുള്ളൂ. അതുപോലും വ്യക്തിപരമായിട്ടുള്ളതല്ലെന്നു ഞാൻ തെളിയിച്ചുകഴിഞ്ഞു. വാദിയുടെ പുസ്തകത്തിൽ അയാളുടെ സ്വഭാവം വെളിപ്പെട്ടു കണ്ടിടത്തോളം അതെപ്പററിയുള്ള ഒരഭിപ്രായംമാത്രമാകുന്നു അതു്. തിരുവിതാംകൂർ പീനൽകോഡ് 502-ാം വകുപ്പിലെ വ്യത്യസ്തങ്ങളിൽ പ്രതികൾ രക്ഷ അവകാശപ്പെടുന്നതിനാൽ ഈ വ്യത്യസ്തങ്ങൾക്കു് അവകാശികളായിത്തീരാനുള്ള സാഹചര്യങ്ങളെ അവർതന്നെ തെളിയിക്കേണ്ടതാണെന്നാകുന്നു വാദിഭാഗത്തെ പണ്ഡിതനായ വക്കീൽ പുറപ്പെടുവിച്ച മറെറാരു വാദം. മററു പ്രകാരത്തിൽ പറയുന്നതായാൽ അവർതന്നെ അവരുടെ സാക്ഷികളെ കൂട്ടിൽകയററി അവർമുഖേന ഈ സാഹചര്യങ്ങളെ തെളിയിക്കണം. അദ്ദേഹത്തോടു യോജിക്കുന്നതിനു് എനിക്കു നിർവ്വാഹമില്ല. തെളിവു നിയമം അനുസരിച്ചു് തെളിവിനു് അങ്ങനെ ഒരു പരാതി കല്പിച്ചിട്ടില്ല. പ്രതിഭാഗത്തുനിന്നും ഒട്ടനേകം പ്രമാണങ്ങൾ ഹാജരാക്കുകയും അവയെല്ലാം വാദിഭാഗം സാക്ഷികളെ കാണിക്കുകയും ചെയ്യുന്നതു നാം കണ്ടു. യഥാർത്ഥത്തിൽ ഈ പുസ്തകങ്ങളിൽ പലതും തന്റെ വക ബി. അക്കം പുസ്തകത്തിൽ വാദിതന്നെ ഉദ്ധരിച്ചിട്ടുള്ളതാകുന്നു. വാദിഭാഗത്തുനിന്നു് കൊടുത്തിട്ടുള്ള തെളിവിൽനിന്നും പ്രതിഭാഗത്തുനിന്നും ഹാജരാക്കിട്ടുള്ള പ്രമാണങ്ങളിൽനിന്നും തിരുവിതാംകൂർ പീനൽകോഡ് 502-ാം വകുപ്പിലെ വ്യത്യസ്തങ്ങളിൽ പ്രതികളുടെ നടപടി ലയിക്കുന്നുവെങ്കിൽ, പ്രതികൾ കുററക്കാരല്ലായെന്നു

വനിതാപംക്തി

# ഗാർഹികശാസ്ത്രാഭ്യസനം

(മിസ്സ് മേരി ടി. പഞ്ഞിക്കാരൻ, Deploma in Home Science)

ശാസ്ത്രം എന്നാൽ എന്തെന്നോ അതിന്റെ വിഭാഗങ്ങൾ ഏവയെന്നോ ഉള്ള കാര്യങ്ങൾ ഇവിടെ പ്രതിപാദ്യവിഷയമല്ലാത്തതിനാൽ ആ ഭാഗങ്ങൾ വിട്ട്, ഒരു പടികൂടി മുന്നോട്ടുകടന്നു് ഗാർഹികശാസ്ത്രമെന്നാലെന്തെന്നും അതിന്റെ ആവശ്യകതയെന്തെന്നുംമാത്രം അല്പം ചിന്തിക്കുന്നതു് ആധുനികവനിതാലോകത്തിനു് കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്നുള്ള വിശ്വാസത്താൽ അല്പം ചിലതു രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഇൻഡ്യയെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ സ്ഥാനം ഗൃഹത്തിനുള്ളിലെ വെളിയിലെ എന്ന കാര്യം തീർച്ചപ്പെടുത്തുക വിഷമമത്രെ. പാചകവിധി, വൈവാഹികജീവിതം, ശിശുപരിചരണം എന്നിവയെ പരിത്യജിച്ച്, കുടുംബജീവിതം ഇഷ്ടപ്പെടാതെ പൊതുക്കാര്യങ്ങളിലേർപ്പെട്ട് രാഷ്ട്രീയകാര്യങ്ങളിൽ നേതൃത്വംനേടി സ്വച്ഛന്ദം വിഹരിക്കുവാനാഗ്രഹിക്കുന്ന വനിതാനേതാക്കളും നമ്മുടെ നാട്ടിലില്ലാതില്ല. മററു ചിലർ യഥാസ്ഥിതികത്വത്തെയും മാമൂലിനെയും ആചാരമര്യാദകളെയും അന്ധവിശ്വാസങ്ങളെയും ഗാഢാശ്ലേഷം ചെയ്തുകൊണ്ടു് ഗൃഹാന്തർഭാഗങ്ങളുടെ ഇരുളടഞ്ഞ കോണുകളിൽ അടങ്ങിയൊതുങ്ങിക്കഴിയുന്നവരുമാണു്. വിഭിന്നാദർശക്കാരായ ഈ ഇരുകൂട്ടരെയും സംബന്ധിച്ചിടത്തോളം, ഗാർഹികശാസ്ത്രം എത്രമാത്രം പ്രായോഗികമായിരിക്കുമെന്നു് ഊഹിക്കുക അസാദ്ധ്യമത്രെ. യഥാർത്ഥമായ, മാതൃകായോഗ്യമായ, കുടുംബജീവിതം നയിക്കണമെന്നാഗ്രഹിക്കുന്ന സ്ത്രീജനങ്ങളെമാത്രം ഉദ്ദേശിച്ചാണു് ഈ ലേഖനമെഴുതുന്നതു്.

സ്ത്രീജനങ്ങളെ സംബന്ധിച്ചിടത്തോളം കുടുംബജീവിതത്തിൽ അവശ്യാവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെ ശാസ്ത്രീയരീത്യാ പ്രതിപാദിക്കുന്ന ഒന്നാണു് ഗാർഹികശാസ്ത്രം. ഭൂമിശാസ്ത്രം, പ്രകൃതിശാസ്ത്രം ജ്യോതിശ്ശാസ്ത്രം എന്നിങ്ങനെ ശാസ്ത്രങ്ങൾ പലതുമുള്ളവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം അർഹിക്കുന്ന ഒന്നത്രെ ഗാർഹികശാസ്ത്രം. ഗാർഹികശാസ്ത്രാഭ്യസനത്തിന്റെ ആവശ്യകത വേണ്ടുംവണ്ണം മനസ്സിലാക്കാതെ അധികംപേരും ഇക്കാര്യത്തിൽ മൗനം ദീക്ഷിക്കുകയും അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതു് ഒരു പച്ചപ്പരമാർത്ഥംമാത്രമാണു്. കുടുംബജീവിതം സംബന്ധിച്ച് എന്താണിത്ര കൂടുതലായി മനസ്സിലാക്കുവാനുള്ളതു്! ഇതെല്ലാം ഏവർക്കും അറിയാവുന്ന കാര്യങ്ങളല്ലേ? പൂർവ്വികർ ഗാർഹികശാസ്ത്രാഭ്യസനം നടത്തിയിട്ടാണോ കുടുംബഭരണം നടത്തിയിരുന്നതു്? എന്നെല്ലാം ശക്തിയുക്തം വാദിക്കുന്നവരുമില്ലാതില്ല. പക്ഷെ ഇക്കാര്യത്തിൽ അവർക്കുള്ള അജ്ഞത ഒന്നുമാത്രമാണു് ഇതുമൂലം വെളിവാകുന്നതു്.



വി. ഫിലോമിന

ഗാർഹികശാസ്ത്രത്തിൽ പല വിഭാഗങ്ങളുമുണ്ടു്. കുടുംബഭരണം (Housewifery) ആഹാരഘടന, (Dietetics) പാചകവിധി (Cookery) അലക്കു്, (Laundry) ശരീരഘടന, (Physiology) ആരോഗ്യസംരക്ഷണം, (Hygiene) ശിശുപരിചരണം, (Mothercraft) തയ്യൽ, (Needlework) ആയവ്യയം, (Budgeting, Account-keeping) മുതലായ വിഷയങ്ങൾ ഗാർഹികശാസ്ത്രപരിധിയിൽ പെടുന്നുണ്ടു്. ഓരോരുത്തരുടെയും ശരീരഘടന അടിസ്ഥാനമാക്കി, വിവിധപ്രായത്തിലും തൊഴിലിലും ഏർപ്പെടുന്നവരുടെ ശരീരത്തിനു് ആവശ്യമായ ഭക്ഷണസാധനങ്ങൾ തിരഞ്ഞെടുക്കുന്നതും, ആഹാരഘടനയെ സംബന്ധിച്ചിടത്തോളം, വിവിധഭക്ഷണസാധനങ്ങളിലടങ്ങിയിരിക്കുന്നപോഷകസാധനങ്ങൾ, അവയുടെ ഉപയോഗത്താൽ ശരീരത്തിനുളവാകാവുന്ന മേന്മ, അവയുടെ അഭാവത്താൽവരുന്ന രോഗങ്ങൾ, അവയ്ക്കുള്ള പ്രതിവിധി, മുതലായവയും, പാചകരീതിയെ ആസ്പദമാക്കി, ഭക്ഷണസാധനങ്ങളിലടങ്ങിയിരിക്കുന്ന പോഷകാംശങ്ങൾ നഷ്ടപ്പെടാതെയും അത്രേസമയം രുചികരമായും പാചകം ചെയ്യുന്നരീതി, വിവിധപാചകവിധികൾ, ഭക്ഷണസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നവിധം മുതലായവയും ഗാർഹികശാസ്ത്രാഭ്യസനംകൊണ്ടു് പഠിക്കാവുന്നവയാണു്. അതിനുപുറമെ, പ്രഥമശുശ്രൂഷ (First aid) രോഗശുശ്രൂഷ (Homenursing) മുതലായവയും ഗാർഹികശാസ്ത്രവിഭാഗങ്ങളത്രെ. ആരോഗ്യസംബന്ധമായി, തനതായും പൊതുവായും ആരോഗ്യം സംരക്ഷിക്കുന്നവിധം, രോഗസംബന്ധമായി, പകരുന്നവയും അല്ലാത്തവയുമായ വ്യാധികൾ പിടിപെടാതെ സൂക്ഷിക്കേണ്ടരീതി, വിവിധരോഗങ്ങൾക്കുള്ള കാരണങ്ങൾ, അവ ബാധിച്ചാലുള്ള പ്രതിവിധി മുതലായവ സംബന്ധിച്ചും മററും മററും ഒരു പരിപൂർണ്ണജ്ഞാനം സിദ്ധിക്കണമെങ്കിൽ ഗാർഹികശാസ്ത്രാഭ്യസനം കൂടിയേതീരൂ.

ശിശുപരിചരണത്തെ സംബന്ധിച്ചിടത്തോളം ശരിയായ ജ്ഞാനമില്ലായ്കയാൽ അകാലമൃത്യുവടയുന്ന മാതാക്കൾക്കും കുഞ്ഞുങ്ങൾക്കും കൈകണക്കില്ല. ആരോഗ്യസംരക്ഷണത്തിലുള്ള അജ്ഞതമൂലവും, ഓരോരുത്തരുടെയും പ്രായതൊഴിൽഭേദമനുസരിച്ച് കഴിക്കേണ്ട ഭക്ഷണസാധനങ്ങൾ തിരഞ്ഞെടുക്കുന്നതിലുള്ള അറിവുകുറവുകൊണ്ടും, രോഗശുശ്രൂഷ മനസ്സിലാക്കായ്കയാൽ ഉചിതരീതിയിലുള്ള ശുശ്രൂഷ ലഭിക്കായ്കയാലും ക്ലേശിക്കുകയും തന്മൂലം അപമൃത്യു അടയുകയും ചെയ്യുന്ന ആളുകൾ നമ്മുടെ പരിസരങ്ങളിൽ ഒട്ടും കുറവല്ലതന്നെ. ഓരോരുത്തർക്കും അവരവരുടെ ആവശ്യാനുസരണമുള്ള കുപ്പായങ്ങൾ സ്വപ്രയത്നത്താൽ ഉണ്ടാക്കുന്നതിനും അവരവർക്കാവശ്യമുള്ള വസ്ത്രങ്ങൾ സ്വയം തയ്ച്ചുണ്ടാക്കുന്നതിനും അവരവർതന്നെ അവ വൃത്തിയായി അലക്കിസൂക്ഷിക്കുന്നതിനും തന്മൂലം കുടുംബങ്ങളിലെ അനാവശ്യച്ചെലവുകൾ കുറച്ച് മിതവ്യയം ശീലിക്കുന്നതിനും സമാധാനവും സംതൃപ്തിയും ഭവനങ്ങളിൽ കളിയാടുന്നതിനും പര്യാപ്തമായവിധം ഗാർഹികശാസ്ത്രം ഓരോ സ്ത്രീയേയും സഹായിക്കുന്നുവെന്നതിനുപുറമെ മാനസികമായും ശാരീരികമായുമുള്ള ഉയർച്ചയും, ആദ്ധ്യാത്മികമായും ലൗകികമായുമുള്ള ഉന്നമനത്തിനും അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഭവനം, താമസത്തിനുമാത്രമുള്ള ഒരു സ്ഥാനമല്ലെന്നും, പിന്നെയോ സ്വഭാവരൂപവൽക്കരണത്തിനുംകൂടിയുള്ള ഒരു സ്ഥാനമാണെന്നും ഓർമ്മിക്കുന്നതു നന്നായിരിക്കും. നാനാപ്രകാരേണയും അനുകരണയോഗ്യയായ ഒരു സ്ത്രീയാൽ ഭരിക്കപ്പെടുന്നഭവനം സൗഭാഗ്യപ്രദമായ ഒരു സമുദായരൂപവൽക്കരണത്തിനുള്ള പ്രഥമവും പ്രധാനവുമായ അടിത്തറ സൃഷ്ടിക്കുന്നുവെന്നുള്ളതു് തർക്കമററ സംഗതിയത്രെ. സമുദായത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം അർഹിക്കുന്ന സ്ത്രീ ഗാർഹികശാസ്ത്രത്തിൽ വെറും അജ്ഞയായി സ്ഥിതിചെയ്യുന്നെങ്കിൽ അതു ലജ്ജാകരമെന്നുമാത്രമല്ല, അതിനാൽ സംഭവിക്കാവുന്ന നഷ്ടങ്ങൾ അപരിഹാര്യങ്ങളുമാണു്.

ഗാർഹികശാസ്ത്രാഭ്യസനം നടത്തുന്നതിനുള്ള ഇൻഡ്യയിലെ ഏകസ്ഥാപനം ന്യൂഡൽഹിയിലെ 'Lady Irwin College' ആണു്. ഗാർഹികശാസ്ത്രാഭ്യസനത്തിന്റെ ആവശ്യകത വേണ്ടുംവണ്ണം മനസ്സിലാക്കിയിട്ടെന്നോണം ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നും, ഇൻഡ്യക്കു വെളിയിലായി, ആഫ്രിക്ക, സിലോൺ മുതലായ രാജ്യങ്ങളിൽനിന്നും ഈ സ്ഥാപനത്തിൽ അഭ്യസനം നടത്തിപ്പോരുന്ന വിദ്യാർത്ഥിനികൾ നിരവധിയത്രെ. എന്നുതന്നെയല്ല അവിടങ്ങളിലെ ഗവമ്മെൻറുകളും ഇതിന്റെ ആവശ്യകത വേണ്ടപോലെ മനസ്സിലാക്കി, ഇമ്മാതിരി സ്ഥാപനങ്ങൾ ആ രാജ്യങ്ങളിലും ആവശ്യമാണെന്നുള്ള ഉദ്ദേശത്താലൊ, അഥവാ, ഈ വിഷയങ്ങൾ സ്കൂളുകളിൽ നിർബന്ധവിഷയമാക്കി പഠിപ്പിക്കണമെന്ന ധാരണയാലൊ, ധാരാളം വിദ്യാർത്ഥിനികളെ, ഗവമ്മെൻറുചെലവിൽ, ഗാർഹികശാസ്ത്രം അഭ്യസിപ്പിക്കുന്നുണ്ടെന്നുള്ളതും ഇത്തരുണത്തിൽ പ്രസ്താവ്യമത്രെ. എന്നാൽ അതേസമയം നമ്മുടെ തിരുവിതാംകൂറിൽനിന്നോ കൊച്ചിയിൽനിന്നോ ഇതേഉദ്ദേശത്താൽ ഗവമ്മെൻറുചെലവിൽ ആരുംതന്നെ ഗാർഹികശാസ്ത്രാഭ്യസനം നടത്തുന്നില്ലെന്നുള്ളതു പരിതാപകരമായിരിക്കുന്നു. പക്ഷെ അഭിജ്ഞന്മാരായ പലരുടെയും ആലോചനയുടെ ഫലമായോ എന്തോ ഇപ്പോൾ മിഡിൽസ്കൂളുകളിലും, ഹൈസ്കൂളുകളിലും അനുദിനശാസ്ത്രം (Everyday Science) ഗാർഹികശാസ്ത്രം (Home Science) എന്നിവ നിർബന്ധവിഷയമായി പഠിപ്പിച്ചുവരുന്നുവെന്നറിയുന്നതു് ചാരിതാർത്ഥ്യജനകമാണു്. എന്നാൽ മേല്പറഞ്ഞവ ഗാർഹികശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണജ്ഞാനം നൽകുവാൻ പര്യാപ്തമല്ല. എന്നാൽ Lady Irwin College-ൽ അഭ്യസനം നടത്താമെന്നുദ്ദേശിച്ചാൽ അതും എല്ലാവർക്കും സാദ്ധ്യമായിരിക്കുകയില്ല. ആ സ്ഥാപനം അത്രമാത്രം വിദൂരത്തിൽ സ്ഥിതിചെയ്യുന്നുവെന്നതിനുപുറമെ പണവ്യയവും കൂടുതൽ ആവശ്യമായിരിക്കുന്നു. അതിനാൽ ഇമ്മാതിരിയുള്ള സ്ഥാപനങ്ങൾ നമ്മുടെ രാജ്യങ്ങളിലും സ്ഥാപിക്കുന്നതിനും ഗാർഹികശാസ്ത്രാഭ്യസനംമൂലം സ്ത്രീലോകത്തെ സംബന്ധിച്ചിടത്തോളം, കുടുംബങ്ങളിൽ ഒരു സമുദ്ധാരണം നൽകുവാൻ അവരെ പ്രാപ്തരാക്കുവാനും നമ്മുടെ ഗവമ്മെൻറു് ശ്രദ്ധപതിക്കുമെന്നു പ്രതീക്ഷിക്കാം.

---

വിധിക്കുവാൻ പാടില്ലാത്തതു് എന്നുകൊണ്ടാണെന്നു് എനിക്കു ഗ്രാഹ്യമാകുന്നില്ല. യുക്തിവാദന്യായേന വാദിയെ അയാളുടെ നിലയിൽ പ്രമാദരഹിതനാണെന്നോ, അയാളുടെ അഭിപ്രായം ശരിയാണെന്നോ, അല്ലാത്തപക്ഷം പ്രതിയുടെ അഭിപ്രായം ശരിയാണെന്നോ നോക്കേണ്ട ആവശ്യം ഈ കോടതിക്കു് ഇല്ല എന്നു് ഓർമ്മിക്കേണ്ടതാണു്, എ. അക്കത്തിനു താൻ എഴുതിയിട്ടുള്ളപ്രകാരം ഒരു വിമർശനം എഴുതുന്നതിനു് ഒന്നാംപ്രതിക്കു ന്യായമുണ്ടോ എന്നാണിവിടെ തീരുമാനിക്കുവാനുള്ളതു്. അവാസ്തവപ്രസ്താവനകൾക്കും യഥാർത്ഥ്യങ്ങളെ ഒളിക്കുന്നതിലും വാദി കുററക്കാരനാണെന്നു നാം കണ്ടുകഴിഞ്ഞു. എങ്ങനെയായാലും ബി. അക്കത്തിൽ ചില വസ്തുതകൾ വാദി വിട്ടുകളഞ്ഞിട്ടുണ്ടെന്നു് ഒന്നാംപ്രതി ആത്മാർത്ഥമായി വിശ്വസിച്ചു. എന്തെന്നാൽ ആ വസ്തുതകൾകൂടി പ്രസ്താവിച്ചിരുന്നുവെങ്കിൽ വാദിയുടെ അഭിപ്രായഗതിക്കു് അവ പ്രതികൂലമായിത്തീരുമായിരുന്നു. അതുകൊണ്ടു വസ്തുതകളെ മറച്ചും തെററിദ്ധരിപ്പിച്ചും ഉള്ള വാദിയുടെ കുററകരമായ പ്രവൃത്തിയെ ശരിപ്പെടുത്തണമെന്നും വാദിയുടെ ഒളിപ്പുകളെയും തെററിദ്ധരിപ്പിക്കലുകളെയും ന്യായീകരിക്കാൻ വേണ്ടിയുള്ള വാദിയുടെ കുയുക്തികളെ ഖണ്ഡിക്കണമെന്നും ഒന്നാംപ്രതി നിശ്ചയിച്ചു. ഈ സാഹചര്യങ്ങളിൽ പ്രതി ഉപയോഗിച്ചിട്ടുള്ള ഭാഷ, അതു കുറെ അതിശയോക്തിപരമാണെന്നുകരുതിയാൽത്തന്നെയും, വിമർശനത്തെ പക്ഷപാതപരമാക്കി തീർത്തിട്ടില്ലാത്തതും നിഷ്പക്ഷപാതിയായ ഏതൊരു നിരൂപകനും ഉപയോഗിക്കാവുന്ന തരത്തിലുള്ളതുമാകുന്നു. പ്രതിയുടെ വിമർശനം പ്രധാനമായി പുസ്തകത്തിന്റെ ഗുണാഗുണങ്ങളെ പരാമർശിച്ചാകുന്നു. അല്ലാതെ വ്യക്തിപരമായിട്ടുള്ളതല്ല. ആയതിനാൽ ക്രിമിനൽ നടപടി നിയമം 230-ാം വകുപ്പുപ്രകാരം പ്രതികളെ ഞാൻ വിട്ടിരിക്കുന്നു.

1106 ധനു 22-ാം നു- ആയ ഇന്നേദിവസം ചെങ്ങന്നൂർ കോടതിയിൽവച്ചു വിധി പ്രസ്താവിച്ചിരിക്കുന്നു.

(ഒപ്പ്) എൻ. എസ്. രാമൻപിള്ള

ഡിവിഷ്യൻ ഒന്നാംക്ലാസ് മജിസ്ട്രേട്ട്.

(ഇടയ്ക്കിടയ്ക്കുള്ള തലക്കെട്ടുകൾ ഞങ്ങൾ ചേർത്തിട്ടുള്ളതാകുന്നു പത്രാധിപർ.)

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക്, ബ്രോഡ്‌വേ - എറണാകുളം




മകന്റെ "ദൈവവിളി" എങ്ങനെയെന്നു പരീക്ഷിച്ചറിയാനായി ചാക്കോച്ചേട്ടൻ ഒരു വിദ്യയെടുത്തു. അവന്റെ മുറിയിൽ മേശപ്പുറത്തു ഒരു ബൈബിളും, ഒരു 100 രൂപാനോട്ടും, ഒരു കുപ്പി ബിസ്കീയും, ഒരു നടന്റെ തൊപ്പിയും (മുടിയും) വെച്ചശേഷം ഒരു ഭാഗത്തു മാറി ഒളിച്ചിരുന്നു. മകൻ വരുമ്പോൾ ബൈബിൾ എടുത്താൽ അവനൊരു ഉപദേശിയാകുമെന്നും, പണം എടുത്താൽ ഒരു ധനകാര്യവിദഗ്ദ്ധനാകുമെന്നും, ബിസ്കീക്കുപ്പിയെടുത്താൽ ഒരു കുടിയനായിത്തീരുമെന്നും, തൊപ്പി് എടുത്താൽ ഒരു നടനാകുമെന്നുമായിരുന്നു ചാക്കോച്ചേട്ടന്റെ സങ്കല്പം. കുറച്ചുകഴിഞ്ഞപ്പോൾ മകൻ മുറിയിലേക്കുവന്നു് 100 രൂപാനോട്ടെടുത്തു കീശയിലിട്ടു്, ബൈബിൾ കക്ഷത്തിലാക്കി, തൊപ്പെടുത്തു തലയിൽവെച്ചു്, ബിസ്കീക്കുപ്പി തുറന്നു കുടിതുടങ്ങി. സംഭ്രമചിത്തനായ ചാക്കോച്ചേട്ടൻ പറയുകയാണു്: "ഈശ്വരാ, ഇവൻ ഒരു രാജ്യതന്ത്രജ്ഞനാകുവാൻ പോകുകയാണല്ലോ."

* * *

വൈദ്യനും ശിഷ്യനുംകൂടി ഒരു രോഗിയെ അയാളുടെ ഭവനത്തിൽ ചെന്നു സന്ദർശിച്ചു. രോഗിയുടെ നാഡി പിടിച്ചുനോക്കിയശേഷം വൈദ്യൻ പറഞ്ഞു: 'ഏത്തക്കാ തിന്നു, അല്ലേ?' അതു വാസ്തവമാണെന്നു രോഗി സമ്മതിച്ചു.

മടങ്ങിപ്പോരുന്നവഴി, രോഗി ഏത്തക്കാ തിന്നകാര്യം അറിഞ്ഞതെങ്ങനെയെന്നു ശിഷ്യൻ വൈദ്യനോടു ചോദിച്ചു "ഏത്തപ്പഴത്തിന്റെ തൊണ്ടു് മുററത്തു കിടന്നതു കണ്ടില്ലേ?" എന്നായിരുന്നു അതിനു ലഭിച്ച മറുപടി. പിന്നീടൊരിക്കൽ ശിഷ്യൻ തനിച്ചു് മറെറാരു രോഗിയെ സന്ദർശിക്കാൻപോയി. മുററത്തു കുറെ വൈക്കോൽ കിടക്കുന്നതു കണ്ടു. ആകയാൽ രോഗിയുടെ നാഡി പിടിച്ചശേഷം ചോദിച്ചു, "അപ്പോൾ വൈക്കോൽ തിന്നുവല്ലേ?"

---

## ചരമം

പുത്തൻപീടിക, ശ്രീ തട്ടിൽമണ്ടി ചുമ്മാർ ദേവസി കഴിഞ്ഞ വെള്ളിയാഴ്ച നിര്യാതനായിരിക്കുന്നു. ശവസംസ്കാരം റവ. ഫാ. എസ്. എം. തട്ടിൽ എം. എ. അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. വെ. റവ. ഫാ. ജോൺ ചിറായത്തു് ചരമപ്രസംഗം നിർവ്വഹിച്ചു.

R. I. P.

—തൃശ്ശൂർ. ചിറയ്ക്കൽ ഉലഹന്നൻ സെപ്റ്റംബർ 17-ാം നു- നിര്യാതനായിരിക്കുന്നു. R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ
എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, OCTOBER 12 1949 ‖ No 9


## പശ്ചിമജർമ്മനിയിലെ റിപ്പബ്ളിക്കൻ ഗവമ്മെൻറ്

ഇപ്പോഴത്തെ ജർമ്മനി ഇക്കഴിഞ്ഞ മഹായുദ്ധത്തിനുശേഷം രണ്ടു മേഖലകളായി വിഭജിക്കപ്പെട്ടിരിക്കുകയാണല്ലോ. കിഴക്കെ മേഖല സോവ്യററുഷ്യയുടെ അധീനതയിലാണ്; പടിഞ്ഞാറെ മേഖല യുണൈറഡ് സ്റ്റേയ്റ്റ്സിൻേറയും ഗ്രെയിററു ബ്രിട്ടൻേറയും ഫ്രാൻസിൻേറയും സംയുക്തമായ അധീനതയിലുമാണ്. പടിഞ്ഞാറെ മേഖലയിൽ ജർമ്മനിയിലെ പതിനൊന്നു സംസ്ഥാനങ്ങൾ ഉൾപ്പെടുന്നുണ്ട്. ഇവയുടെ എല്ലാംകൂടെയുള്ള ഭൂവിസ്തൃതി ജർമ്മനിയുടെ മൂന്നിൽ രണ്ടുഭാഗവും, അവിടങ്ങളിലെ ജനസംഖ്യ 470 ലക്ഷവും വരും. പടിഞ്ഞാറെ മേഖലയിലെ ജർമ്മൻ പാർലമെൻററി കൗൺസിൽ ഇക്കഴിഞ്ഞ മേയ് മാസത്തിൽ ആ ഭൂവിഭാഗത്തെ "ഫെഡറൽ റിപ്പബ്ളിക് ആഫ് ജർമ്മനി" എന്ന നാമത്തിൽ ഏകീകൃത രാജ്യമായി പ്രഖ്യാപിച്ചു. ഒരു ഭരണഘടന നിർമ്മിക്കപ്പെടുകയും ചെയ്തു. ഇതനുസരിച്ചുള്ള പൊതുതിരഞ്ഞെടുപ്പ് ഇക്കഴിഞ്ഞ ആഗസ്റ്റിൽ നടത്തപ്പെട്ടു. ഹിററ്ലർ അധികാരം പിടിച്ചടക്കിയശേഷം 16 കൊല്ലങ്ങൾക്കുള്ളിൽ ആദ്യമായി നടത്തപ്പെട്ട സ്വതന്ത്രമായ പൊതുതിരഞ്ഞെടുപ്പായിരുന്നു ഇത്. ആകെയുണ്ടായിരുന്ന 310 ലക്ഷം വോട്ടർമാരിൽ 250 ലക്ഷം പേർ വോട്ടുചെയ്തു. പ്രതീക്ഷയെ വളരെ കവിഞ്ഞ ശതമാനമായിരുന്നു ഇത്. ഈ തെരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്കു 75 ലക്ഷം വോട്ടുകൾ ലഭിച്ചതിൻെറ ഫലമായി നിയമസഭയുടെ അധോമണ്ഡലത്തിൽ അവർക്കു 139 സീററുകൾ ലഭിച്ചു. സോഷ്യൽ ഡെമൊക്രാററിക് പാർട്ടിക്കു 70 ലക്ഷത്തിൽതാഴെ വോട്ടുകളും, അങ്ങനെ 131 സീററുകളുമാണ് ലഭിച്ചത്. ഫ്രീഡെമൊക്രാററിക് പാർട്ടിക്കു 27½ ലക്ഷം വോട്ടുകളും 52 സീററുകളും ലഭിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിക്കു 2½ ലക്ഷത്തിൽപ്പരം വോട്ടുകൾ കിട്ടിയെങ്കിലും അവരിൽ ഒരു സ്ഥാനാർത്ഥിപോലും ഡയറക്ററ് ഇലക്ഷൻവഴിയായി തിരഞ്ഞെടുക്കപ്പെട്ടില്ല. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യതത്വമനുസരിച്ചു അവർക്കു 15 സീററുകൾ നല്കപ്പെടുകയാണുണ്ടായത്. ജർമ്മൻപാർട്ടി, ബവേറിയൻപാർട്ടി, മുതലായ നാമങ്ങളിൽ അറിയപ്പെടുന്ന അമിതദേശീയവാദികൾക്കും വിഭാഗീയതാല്പര്യക്കാർക്കും തെരഞ്ഞെടുപ്പിൽ വളരെ തുച്ഛമായ വിജയംമാത്രം കരസ്ഥമാക്കാനേ സാധിച്ചിരുന്നുള്ളു.

### മന്ത്രിസഭ

തിരഞ്ഞെടുപ്പിൽ ഒന്നാംസ്ഥാനം ലഭിച്ച ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയുടെ ലീഡറായ ഡോക്ടർ കൊൺറാഡ് അഡെനാവ്വർ (Conrad Adenauer) ഫെഡറൽ റിപ്പബ്ളിക്കിൻെറ ചാൻസലർ (പ്രധാനമന്ത്രി) ആയി തിരഞ്ഞെടുക്കപ്പെട്ടു. തദനുസരണം അദ്ദേഹമാണ് പുതിയ മന്ത്രിസഭ രൂപീകരിച്ചത്. ക്രിസ്ത്യൻ ഡെമൊക്രാററുകളും ഫ്രീഡെമൊക്രാററുകളും ജർമ്മൻ പാർട്ടിക്കാരും ഉൾപ്പെട്ട സംയുക്തമന്ത്രിസഭയാണിത്. ഇവരിൽ 9 മന്ത്രിമാർ ക്രിസ്ത്യൻ ഡെമൊക്രാററുകളും 3 മന്ത്രിമാർ ഫ്രീഡെമൊക്രാററുകളും, 2 മന്ത്രിമാർ ജർമ്മൻ പാർട്ടിക്കാരുമാണ്. ചാൻസലരെ കൂടാതെ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയിൽപ്പെട്ട 8 മന്ത്രിമാർ അഭ്യന്തരം, സാമ്പത്തികം, അഭയാർത്ഥി, കിഴക്കേമേഖലയോടു ബന്ധമുള്ള അഖിലജർമ്മൻകാര്യങ്ങൾ, ധനം, കൃഷി, തപാൽ, തൊഴിൽ, എന്നീ വകുപ്പുകളുടെ മേധാവിത്വം വഹിക്കുന്നു. ഫ്രീഡെമൊക്രാററിക് പാർട്ടിയിലെ ഒരു മന്ത്രിയാണ് വൈസ് ചാൻസലർ; അതിലെ മററു രണ്ടുമന്ത്രിമാർ നീതിന്യായം, ഭവനനിർമ്മാണവും പുനരുദ്ധാരണവും, എന്നീവകുപ്പുകളുടെ ആധിപത്യമാണു വഹിക്കുന്നത്. ട്രാൻസ്പോർട്ട്, നിയമസഭയുടെ ഇരുമണ്ഡലങ്ങളും തമ്മിലുള്ള ബന്ധം എന്നീ രണ്ടു വകുപ്പുകൾ ജർമ്മൻ പാർട്ടിയിലെ രണ്ടുമന്ത്രിമാരെ ഏല്പിച്ചിരിക്കുന്നു. ഫ്രീഡെമൊക്രാററിക് പാർട്ടിയുടെ ലീഡറായ തിയൊഡോർ ഹെവുസ് (Theodor Heuss) ഫെഡറൽ റിപ്പബ്ളിക്കിൻെറ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. അധോമണ്ഡലത്തിലെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയിൽപെട്ട ഡോക്ടർ കേളർ (Koehler) ആണ്. ഉപരിമണ്ഡലത്തിലെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു നോർത്ത് റൈൻ വെസ്റ്റ്ഫാലിയ സംസ്ഥാനത്തിലെ ഇടതുപക്ഷ പ്രധാനമന്ത്രിയായ കാൾ അർണോൾഡ് എന്ന കത്തോലിക്കനാണ്. തിരഞ്ഞെടുപ്പിൽ രണ്ടാംസ്ഥാനത്തു നില്ക്കുന്ന സോഷ്യൽ ഡെമൊക്രാററിക് പാർട്ടി സോഷ്യലിസ്റ്റ് സിദ്ധാന്തമനുസരിച്ചു സർവ്വതോമുഖമായ രാഷ്ട്രസാൽക്കരണം ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്നതിനാൽ മന്ത്രിസഭാരൂപീകരണത്തിൽ അവരെ ഉൾക്കൊള്ളിക്കുവാൻ ചാൻസലർ വിസമ്മതിച്ചു. അവരായിരിക്കും പുതിയ പാർലിമെൻററിലെ പ്രധാന പ്രതിപക്ഷം.

### പുതിയ വ്യവസ്ഥിതിയെപ്പററി ചാൻസലരുടെ പ്രസ്താവന

73 വയസ്സു പ്രായംവരുന്ന ചാൻസലർ ഡോക്ടർ അഡെനാവ്വർ, ഹിന്ദുപത്രത്തിൻെറ വാക്കുകളിൽ, "വളരെ ഭക്തനായ ഒരു കത്തോലിക്കനാണ്; വളരെയധികം രാഷ്ട്രീയപരിചയം സമ്പാദിച്ചിട്ടുള്ളദേഹമാണ്; പരമാർത്ഥതയോടുകൂടിത്തന്നെ ഡെമൊക്രാററിക് ആദർശങ്ങൾ സ്വീകരിച്ചിട്ടുള്ളവനുമാണ്." ഒരു പത്രപ്രതിനിധിയുമായുണ്ടായ അഭിമുഖസംഭാഷണത്തിൽ അദ്ദേഹം ചെയ്ത ചില പ്രസ്താവങ്ങൾ ഇങ്ങനെയായിരുന്നു.

"സോഷ്യലിസ്റ്റുകാരുമായി ചേർന്ന് ഒരു സംയുക്തമന്ത്രിസഭ രൂപീകരിക്കുവാൻ സാദ്ധ്യമല്ല. അതിൻെറ പ്രധാന കാരണം ആ പാർട്ടിയുടെ ലീഡറായ ഡോക്ടർ സ്കൂമാക്കർ സ്വീകരിക്കുന്ന സ്വേച്ഛാധിപത്യപരമായ നിലയാണ്. പാർട്ടിയിൽ യാതൊരു സ്വാതന്ത്ര്യവും അദ്ദേഹം അനുവദിക്കുന്നില്ല. സ്കൂമാക്കറിൻെറ ഈ അസഹിഷ്ണുമനോഭാവം ആധിപത്യം വഹിക്കുന്നപക്ഷം അതു ജർമ്മനിക്കു വലിയ ദൗർഭാഗ്യമായിരിക്കും. ജർമ്മൻ സോഷ്യലിസ്റ്റുകാർക്കു ബോൾഷെവിസത്തെ പ്രതിരോധിക്കുന്ന ഒരു യഥാർത്ഥകോട്ടയായിരിക്കുവാൻ സാദ്ധ്യമല്ല. ഈ വസ്തുത റഷ്യയുടെ അധീനതയിലുള്ള ജർമ്മൻ മേഖലയിലും ഇതരരാജ്യങ്ങളിലും തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ക്രിസ്തീയതത്വങ്ങളിൽ അടിസ്ഥാനപ്പെട്ടിട്ടുള്ള പാർട്ടികൾക്കുമാത്രമേ ബോൾഷെവിസത്തിനെതിരായ യഥാർത്ഥ സംരക്ഷണം നല്കുവാൻ സാധിക്കുകയുള്ളു. സോഷ്യൽ ഡെമൊക്രാററിക് പാർട്ടി ക്രിസ്തീയതത്വങ്ങളിൽ അടിയുറച്ചുനില്ക്കുന്നതല്ല. ജർമ്മൻ സോഷ്യലിസ്റ്റുവിദ്യാർത്ഥികളുടെ നാവായിരിക്കുന്നപത്രത്തിൽ പറഞ്ഞിരിക്കുന്നതു "മനുഷ്യവർഗ്ഗത്തിൻെറ യഥാർത്ഥമർദ്ദകർ ക്രിസ്തീയസഭയാകുന്നു. അവർ മനുഷ്യനെ അടിമത്തത്തിലേക്കാണ് അഭ്യസിപ്പിച്ചുകൊണ്ടുവരുന്നത്" എന്നാണ്. പശ്ചിമജർമ്മനിയിലേക്കുള്ള ഭരണഘടനയെപ്പററി പാർലിമെൻററി കൗൺസിലിൽ ചർച്ചകൾ നടന്നപ്പോൾ, "മനുഷ്യസമുദായത്തിൻെറ അസ്തിവാരം കുടുംബവും വിവാഹവുമാണ്" എന്ന മൗലികവ്യവസ്ഥ അതിൽ ഉൾപ്പെടുത്തുന്നതിനെ സോഷ്യലിസ്റ്റുകൾ ആവർത്തിച്ചാവർത്തിച്ച് എതിർക്കുകയുണ്ടായി. സോഷ്യലിസ്റ്റുകാരനായ ഡോക്ടർ സെൽബർട്ട് പ്രസ്താവിച്ചതിങ്ങനെയാണ്: "വിവാഹത്തിനു വെളിയിൽ നവനവങ്ങളായ ജീവരൂപങ്ങൾ ഇക്കാലത്തു വികസിച്ചുവരുന്നുണ്ടെന്നു നാം കാണുന്നില്ലെങ്കിൽ, ജീവിതത്തിൻെറ യാഥാർത്ഥ്യങ്ങൾക്കെതിരായി നാം കണ്ണടയ്ക്കുകയാണു ചെയ്യുന്നത്. നവീനങ്ങളായ ഈ ജീവരൂപങ്ങൾ അസാന്മാർഗ്ഗികങ്ങളായി ഒരു വിധത്തിലും പരിത്യജിക്കപ്പെടാവുന്നതല്ല. കുടുംബത്തിൻേറയും വിവാഹത്തിൻേറയും തത്വങ്ങൾ ജീവനാൽ (Life) തന്നെ നശിപ്പിക്കപ്പെട്ടിരിക്കുകയാണ്." മറെറാരു സോഷ്യലിസ്റ്റ് നേതാവായ ഡോക്ടർ ഗ്രേവ് ഇങ്ങനെയാണ് പ്രസ്താവിച്ചത്. "പുരുഷനും സ്ത്രീയും തമ്മിലുള്ള ജീവിതബന്ധത്തിൻെറ നിയമാനുസൃതമായ രൂപം വിവാഹമാണെന്നുള്ള പ്രമേയം ഒരിക്കലും സാധുവായ നിയമമാകുവാൻ പാടുള്ളതല്ല. കുടുംബത്തിൻെറ അടിസ്ഥാനം വിവാഹമാണെന്നുള്ള രണ്ടാമത്തെ പ്രമേയത്തിൻെറ കാര്യവും ഇങ്ങനെതന്നെയാണ്." ഇത്തരം പ്രസ്താവനകളാൽ തെളിഞ്ഞിരിക്കുന്നു, സോഷ്യൽ ഡെമൊക്രാററിക് പാർട്ടി അതിൻെറ മൗലികതത്വങ്ങളിൽ കമ്മ്യൂണിസത്തോടു പരിപൂർണ്ണമായും ബന്ധപ്പെട്ടിരിക്കുകയാണെന്ന്. പ്രൊട്ടസ്റ്റൻറുകാർ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടി വിട്ടുപേക്ഷിച്ചു മററു പാർട്ടികളിൽ ചേരുകയാണെന്നുള്ളതു യഥാർത്ഥമല്ല. നേരെമറിച്ച് എവാഞ്ചലിക്കൽ വകുപ്പുകാരുടെയിടയിൽ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്കുള്ള നില ഉറച്ചുവരികയാണ്. അതിൻെറ കാരണം ബോൾഷെവിസത്തെ പ്രതിരോധിക്കുവാനുള്ള ഏക കോട്ട ആ പാർട്ടിയാണെന്ന് അവർ കാണുന്നതുതന്നെ.

"രാഷ്ട്രനിയന്ത്രണത്തിൽ കേന്ദ്രീകരിക്കപ്പെട്ട സോഷ്യലിസ്റ്റ് സാമ്പത്തികപദ്ധതി 1945-ൽ സ്വീകരിക്കപ്പെട്ടതിനാൽ ജർമ്മനിയിൽ പരിപൂർണ്ണമായ സാമ്പത്തികാധഃപതനമുണ്ടായി. നേരെമറിച്ച് 1948-ൽ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയാൽ ഏർപ്പെടുത്തപ്പെട്ട സ്വതന്ത്രസാമ്പത്തികപദ്ധതിമൂലം ഗുണകരമായ വലിയ മാററങ്ങൾ സംഭവിച്ചു. ഈ അഭിവൃദ്ധി മാർഷൽ എയ്ഡ് പദ്ധതിയാൽമാത്രം ഉണ്ടായതാണെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ ബ്രിട്ടനും മാർഷൽ എയ്ഡ് ലഭിക്കുകയുണ്ടായല്ലോ. എന്നിട്ടും രാഷ്ട്രത്തിൽ കേന്ദ്രീകരിക്കപ്പെട്ട അവിടത്തെ സാമ്പത്തികപദ്ധതിമൂലം ആ രാജ്യം ഇനിയും വിഷമിച്ചു കുഴങ്ങുകയാണ്. ജർമ്മനിയിൽ സാധനങ്ങളുടെ വില ഒരു കൊല്ലമായി നിയമേന കുറഞ്ഞുവരുന്നു. ഈ വിലക്കുറവ് കേന്ദ്രീകൃതമായ സാമ്പത്തികപദ്ധതി മാററി തൽസ്ഥാനത്തു ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടി ഏർപ്പെടുത്തിയ സോഷ്യൽ മാർക്കററിംഗ് സമ്പ്രദായത്തിൻെറ ഫലമാണ്. സോഷ്യൽ മാർക്കററിംഗ് സമ്പ്രദായമനുസരിച്ച്, അസംസ്കൃതസാധനങ്ങൾ നൽകപ്പെടുന്ന ഫാക്ടറികൾ സാമാന്യജനങ്ങൾക്കു വേണ്ടിയുള്ള വിഭവങ്ങൾ ഉല്പാദനംചെയ്യുന്നവയാണ്; ആ ഫാക്ടററികളിൽ കേവലം സുഖജീവിതത്തിനായുള്ള വിഭവങ്ങൾ ഉല്പാദനം ചെയ്യുവാൻ അനുവദിക്കപ്പെടുന്നില്ല. എന്നാൽ സോഷ്യൽ മാർക്കററിംഗിൻെറ ചട്ടക്കൂട്ടിനുള്ളിൽ വിലയുടെ കാര്യത്തിൽ സ്വതന്ത്രമായ കിടമത്സരമുണ്ട്. തൻമൂലം കഴിയുന്നിടത്തോളം ചെലവു കുറച്ച് ഉല്പാദനം നടത്തുന്നതിനും വില കുറച്ചു വില്ക്കുന്നതിനും പ്രേരണയുണ്ടാകുന്നു."

തെരഞ്ഞെടുപ്പിനു മുൻപു നടന്ന ഈ പ്രസ്താവനകളിൽനിന്നും അതിനുശേഷം ചാൻസലർ ഔദ്യോഗികമായി ചെയ്ത മററു പ്രസ്താവങ്ങളിൽനിന്നും കാണുന്നതു പശ്ചിമജർമ്മനിയിലെ പുതിയ ഫെഡറൽ റിപ്പബ്ളിക്കൻ ഗവമ്മെൻറു സാക്ഷാൽ ക്രിസ്തീയതത്വങ്ങളെ ആധാരമാക്കിയുള്ളതും, പൗരന്മാരുടെമേൽ രാഷ്ട്രത്തിൻെറ പിടിമുറുകത്തക്കവണ്ണം കേന്ദ്രീകൃതമാകുവാൻ ഇടയില്ലാത്തതും, സാമാന്യജനങ്ങളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി ഉല്പാദനവും വിതരണവും നടത്തുവാൻ പര്യാപ്തമാകുന്ന പ്രേരണയോടുകൂടിയ സ്വതന്ത്രവ്യവസായം ഉൾക്കൊള്ളുന്നതുമായ സാമ്പത്തികസംവിധാനമാണ് നടപ്പിൽ വരുത്തുവാൻപോകുന്നതെന്നാണല്ലോ. ഏററവും കാമ്യമായ ഈ വ്യവസ്ഥിതി നടപ്പിൽ വരുവാൻ തക്കവണ്ണം പശ്ചിമജർമ്മനിയിലെ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്കു സമൃദ്ധമായ ദൈവസഹായം ലഭിക്കട്ടെയെന്നു നമുക്ക് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കാം.

## അടുത്ത ആഴ്ചയിൽ

ഒക്ടോബർ

16 ഞാ: പന്തക്കുസ്താ 19-ാം ഞായർ
17 തി: മറിയം അലക്കോക്ക്
18 ചൊ: ലൂക്കാ
19 ബു: പത്രോസ് അൽകാന്ത്ര
20 വ്യാ: യോഹന്നാൻ കന്തീസ്
21 വെ: ഹിലാരിയോൻ
22 ശ: മറിയം ശാലോം

സത്യദീപം

### വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒറ്റപ്രതി | 0—2—0 |


## വില്പാനുണ്ട്

സത്യദീപം 22-ാം പുസ്തകം ഹാഫ് ലെതർ ബയൻറുചെയ്തതു വില്പാനുണ്ട്. ബുക്കൊന്നിനു വില പത്തുരൂപാ മാത്രം. പോസ്റ്റേജ് പുറമെ.

മാനേജർ, സത്യദീപം
എറണാകുളം.


## റവ. ഫാ. ജോസഫ് പറമ്പി നിര്യാതനായി

വളമംഗലം പള്ളിവികാരിയായിരുന്ന റവ. ഫാ. ജോസഫ് പറമ്പി ഒക്ടോബർ 10-ാംനു ടൈഫോയ്ഡ് മൂലം എറണാകുളം ജനറൽ ആസ്പത്രിയിൽവച്ച് നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം ഒക്ടോബർ 11-ാംനു സ്വദേശമായ മാമ്പ്രയിൽവച്ച് എറണാകുളം വികാരി ജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി പി എച്ച്. ഡി., ഡി ഡി. അവർകളുടെ പ്രധാന കാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. റവ. ഫാ. പോൾ കുഴിക്കാട്ട് ബി. എ. ചരമപ്രസംഗം നിർവ്വഹിച്ചു.

1908-ൽ ജാതനായ ഫാ. പറമ്പി 1937-ൽ ഗുരുപ്പട്ടം സ്വീകരിച്ചു. അനന്തരം കൊരട്ടി, മഞ്ഞപ്ര, കോതമംഗലം, ഞാറയ്ക്കൽ, വൈക്കം, അങ്കമാലി, വടക്കൻപറൂർ മുതലായ സ്ഥലങ്ങളിൽ അസിസ്റ്റേന്തിയായും, വടക്കേക്കര വളമംഗലം എന്നീ സ്ഥലങ്ങളിൽ വികാരിയായും ജോലിനോക്കിട്ടുണ്ട്. ഭക്തിതീക്ഷ്ണത, ദീനദയാലുത്വം, അന്യാദൃശമായ ത്യാഗശീലം ആദിയായ വിശിഷ്ടഗുണങ്ങൾ വഴി ഏവരുടേയും സ്നേഹാദരവുകൾക്കു ഈ വന്ദ്യ വൈദികൻ പാത്രീഭൂതനായിരുന്നു. ഒരു ധ്യാനപ്രസംഗകൻ എന്ന നിലയിലും അദ്ദേഹം പ്രശസ്തി സമാർജ്ജിച്ചിട്ടുണ്ട്. ഏവംവിധം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിരുന്ന ഫാ. പറമ്പിയുടെ നിര്യാണം എറണാകുളം അതിരൂപതയ്ക്ക് അപരിഹാര്യമായ ഒരു നഷ്ടമാണ്. പരേതൻെറ ബന്ധുമിത്രാദികളോട് അനുശോചിക്കുകയും അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.

R. I. P.

## സാഹിത്യമത്സരം

ഒല്ലൂർ കത്തോലിക്കാ കോൺഗ്രസ്സിൻറ ആഭിമുഖ്യത്തിൽ കത്തോലിക്കാ യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ചെറുകഥ, ഉപന്യാസം, എന്നീ വിഷയങ്ങളിൽ ഒരു മത്സരം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. മത്സരത്തിൽ കേരളത്തിലുള്ള എല്ലാ കത്തോലിക്കർക്കും പങ്കെടുക്കാവുന്നതാണ്.

ചെറുകഥ:—മദ്യപാനം, സന്താനനിയന്ത്രണം, സ്ത്രീധനം എന്നിവയിൽ ഒന്നിൻറ ദൂഷ്യവശങ്ങളെ ചൂണ്ടിക്കാണിക്കുന്നതായിരിക്കണം.

ഉപന്യാസം:—"തൊഴിലാളി പതാക ചെങ്കൊടിയോ?" "ഇതാണോ പുരോഗമന സാഹിത്യം?" "കമ്മ്യൂണിസവും വൈദികവിദ്വേഷവും" എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു കത്തോലിക്കാ ആദർശത്തോടുകൂടി എഴുതുന്നതായിരിക്കണം.

ഫുൾസ്കേപ്പ് 12 പേജിൽ കവിയാതെയും, മഷിയിട്ടും, കടലാസ്സിൻറ ഒരു പുറത്തും എഴുതി മുവരുടെ ശരിയായ പേരും മേൽവിലാസവും ചേർത്ത് ഒക്ടോബർ 25-ാംനു-ക്കു മുൻപായി ആപ്പീസിൽ കിട്ടത്തക്കവിധം അയക്കേണ്ടതാണ്. ഓരോ ഇനത്തിലും ഒന്നും രണ്ടും സമ്മാനാർഹർക്ക് സ്വർണ്ണമെഡലുകളും, പ്രസിദ്ധ കത്തോലിക്കാ സാഹിത്യകാരന്മാരുടെ വിലപിടിച്ച ഗ്രന്ഥങ്ങളും തിരുവല്ലാ മെത്രാൻ മോസ്റ്റ് റവ. മാർ സെവേരിയൂസ് ഡി. ഡി. തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഒക്ടോബർ 30-ാംനു നടക്കുന്ന കോൺഗ്രസ്സിൻറ വാർഷിക സമ്മേളനത്തിൽവച്ച് നല്കുന്നതായിരിക്കും. സമ്മാനാർഹമാകുന്ന ചെറുകഥകളുടേയും പ്രബന്ധങ്ങളുടേയും പകർപ്പവകാശം കോൺഗ്രസ്സിനായിരിക്കുന്നതാണ്.

എന്ന് സിക്രട്ടറി

ഒല്ലൂർ കത്തോലിക്കാ കോൺഗ്രസ്സ്,
ഒല്ലൂർ (കൊച്ചിൻ ഡിവിഷൻ).

## ഇടവകവാർത്തകൾ

38 വർഷം പൂർത്തിയാക്കി ഇടവക സ്തുത്യർഹമായി ഭരണം നടത്തിയ വെ. റവ. ഫാ. ഫൊൺസേക്കായുടെ ചരമത്തിൽ അനുശോചിക്കുവാൻ ഒരു യോഗം സെപ്റ്റംബർ 25-ാംനു തിരുവനന്തപുരം ബിഷപ്പു തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ മെ. എ. ജെ. റമഡി, ബി. പി ജോൺ, റവ. ഫാ ലോറൻസ് പോൾ എന്നിവർ ഓരോ പ്രസംഗം ചെയ്തു. ഇടന്ന് റവ. ഫാ. അൽഫോൻസ് ജി. അവതരിപ്പിച്ച അനുശോചനപ്രമേയം ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തു.

—പൊൻകുന്നം ഇടവകയിലെ ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 25-ാംനു ഒരു പ്രചരണസമ്മേളനം റവ ഫാ. ജോസഫ് വട്ടക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഡോക്ടർ കെ. ഇ. ഈപ്പൻ ബി. എ., എം. ബി. ബി. എസ്. മി. കെ. വി. ഇട്ടിയവിര ബി. എ. എന്നിവർ തദവസരത്തിൽ പ്രസംഗിക്കുകയുണ്ടായി.

—വാഴക്കുളം സെൻറ് വിൻസെൻറ് ഡി പോൾ സംഘം, കത്തോലിക്കാ കോൺഗ്രസ് ശാഖ, സി. വൈ. എം. എ. എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 25-ാംനു ഒരു പൊതുയോഗം റവ. ഫാ. പോൾ വടക്കുംഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ കൂടി മദ്രാസ് ഗവമ്മെൻറിൻറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി.

—മാനന്തവാടിപള്ളി ഇടവകയിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻറ ഒരു ശാഖ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മാനന്തവാടിയിൽനിന്നു 5 മൈലകലെയുള്ള കല്ലോടി എന്ന സ്ഥലത്തെ കപ്പേളയിൽ ഞായറാഴ്ചതോറും ദിവ്യപൂജ അർപ്പിച്ചു തുടങ്ങിയിരിക്കുന്നു

—കത്തോലിക്കാ വിദ്യാഭ്യാസദിനാചരണം പ്രമാണിച്ച് കന്നേന്നേിക്ക. കെ. കത്തോലിക്കാ കോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ റവ. ഫാ. ജോർജ്ജ് കുത്തിവളപ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 25 ാംനു ഒരു യോഗം കൂടുകയും മദ്രാസ് ഗവമ്മെൻറിൻറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഒരു പ്രമേയം പാസാക്കുകയും ചെയ്തിരിക്കുന്നു.

—പോട്ടിപ്പറ കരിശ്ശുപള്ളിയിൽ സെൻറ് വിൻസെൻറ് ഡി പോൾ സെമെസറിയുടെ ഉൽഘാടനം പ്രമാണിച്ച് ഒക്ടോബർ 2-ാംനു റിട്ടയർഡ് അസിസ്റ്റൻറ് പേഷ്കാർ മി. ജോർജ്ജ് തോമസിൻറ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയുണ്ടായി. മെ. കെ. റ്റി. തോമസ് ബി. എ. ബി. എൽ, കെ. ഡോമിനിക് ചെറിയാൻ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്തു.

—തേവര സേക്രഡ് ഹാർട്ട് ഹൈസ്കൂളിൻറ ആഭിമുഖ്യത്തിലുള്ള മിഷൻ ബാലസംഘത്തിൻറ ഉൽഘാടനം പ്രസ്തുത സംഘത്തിൻറ സ്വർഗ്ഗീയമദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾദിനത്തിൽ വെ. റവ ഫാ ക്ലെമൻഡ് സി. ഡി. നിർവ്വഹിച്ചിരിക്കുന്നു.

—ഒല്ലൂർ ചെറുപുഷ്പവായനശാലയുടെ ആഭിമുഖ്യത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ പ്രമാണിച്ചു കൂടിയ യോഗത്തിൽ റവ. ഫാ പോൾ ചാലിശ്ശേരി അദ്ധ്യക്ഷതവഹിക്കുകയും ശ്രീ പി. ആർ. ഫ്രാൻസിസ്, ശ്രീ ടി. വി. ജോസഫ്, ശ്രീ എം. ഒ. വറീത് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—മദ്രാസ് ഗവമ്മെൻറിൻറ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനായി പാട്ടുവാ സി എ. സി. യുടെ ആഭിമുഖ്യത്തിലും റവ. ഫാ. കുര്യാക്കോസ് ചവറ്റുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിലും ഒക്ടോബർ 9 ാംനു ഒരു പൊതുയോഗം കൂടിയിരിക്കുന്നു.

—പെരുമ്പാവൂർ പുതുതായി പണികഴിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിൻറ ആശീർവ്വാദകർമ്മം ഒക്ടോബർ 8-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചിരിക്കുന്നു. അന്നുതന്നെ പള്ളിയങ്കണത്തിൽവച്ച് തിരുവല്ലാരൂപതാ അഡ്മിനിസ്ട്രേറ്റർ മാർ സെവേരിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുണ്ടായി. എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും, മൊററ് റവ. മോൺ. മാത്യു പോത്തനാമൂഴിയും പ്രസ്തുതയോഗത്തിൽ സംബന്ധിച്ചിരുന്നു. റവ. ഡോ. പ്ലാസിഡ്, റവ. ഫാ. തോമസ് ഇഞ്ചക്കലോടി എന്നിവർ ഓരോ പ്രസംഗംചെയ്യുകയുണ്ടായി. യോഗത്തിൽവച്ച് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കുകയും അതിനു മറുപടിയായി തിരുമനസ്സുകൊണ്ട് ഒരു ചെറുപ്രസംഗം ചെയ്കയും ചെയ്തു.

## കൊ-തി. വാർത്തകൾ

ഇൻഡ്യൻ നക്കൽഭരണഘടനയിലുള്ള സ്റ്റേററുകളുടെയും സ്റ്റേററ്യൂണിയനുകളുടേയും ഭരണഘടനാനക്കലിൽ കൊച്ചി തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിനാവശ്യമായ ഭേദഗതികൾ നിർണ്ണയിച്ചു കേന്ദ്രത്തിലേക്കയക്കുന്നതിനായി ഐക്യസംസ്ഥാന നിയമസഭയുടെ സമ്മേളനം ഒക്ടോബർ 4, 5, 6 എന്നീ തീയതികളിൽ കൂടുകയും ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

—ഒക്ടോബർ 6-ാംനു ഐക്യസംസ്ഥാന നിയമസഭയിലെ ക്രൈസ്തവമെമ്പർമാരുടെ ഒരു കോൺഫറൻസ് തിരുവനന്തപുരത്തുവച്ചു കൂടി ക്രിസ്ത്യാനികൾ ഇന്നനുഭവിച്ചുവരുന്ന അവശതകളെപ്പററി ചർച്ചചെയ്യുകയും അവയുടെ പരിഹാരാർത്ഥം എല്ലാ ക്രിസ്ത്യാനികളും യോജിച്ചുനിന്നു പ്രവർത്തിക്കണമെന്നു തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

—വിവിധ റിസർവ്വ് വനങ്ങളിൽനിന്നുമായി ഭക്ഷ്യോല്പാദനപദ്ധതികൾക്കുവേണ്ടി അടുത്ത കർക്കടകാവസാനംവരെ 26598 ഏക്കർ ഭൂമി ഗവമ്മെൻറിൽനിന്നും പാട്ടത്തിനു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാന വിദ്യാലയങ്ങളിലെ സ്കൂൾഫീസ് ഇംഗ്ലീഷ്മാസം 5-ാംനു തോറും അടയ്ക്കേണ്ടതാണെന്നു ഗവമ്മെൻറുത്തരവു പുറപ്പെടുവിച്ചിരിക്കുന്നു


### ആസന്നമായ

### ക്രിസ്തുരാജമഹാമഹത്തിനു ഒരു പാട്ടുപുസ്തകം

## "ക്രിസ്തുരാജ് ജയ്!"

ഗ്രന്ഥകർത്താ: റവ. ഫാ ഫെലിക്സ് ടി. ഒ. സി. ഡി

നവീനരീതിയിലുള്ള ഹൃദയാവർജ്ജകമായ ഗാനങ്ങൾ ഉൾക്കൊള്ളുന്ന ഈ പുതിയ പുസ്തകം ഉടൻ ആവശ്യപ്പെടുക. വില. 1 ണ. 6 പൈ. 100 ക്ക് ക. 6—4—0

## "ക്രിസ്തുരാജപതാക"

ക്രിസ്തുരാജൻറ തിരുനാൾ സംബന്ധിച്ചുള്ള ആഘോഷങ്ങളിലും ഘോഷയാത്രകളിലും ഉപയോഗിക്കാനുള്ള മനോഹരമായ കൊടി-ക്രിസ്തുരാജൻറ ചിത്രത്തോടുകൂടിയതു 100 ക്കു ക. 3—0—0

മാനേജർ, ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മൽ A. O. & P. O


—ഐക്യസംസ്ഥാനത്തിൽ ഗവമ്മെൻറടുക്കുന്ന നെല്ലിനു കൊടുക്കുന്ന വിലയിൽ പത്തുശതമാനം കുറവുവരുത്തണമെന്ന് കേന്ദ്ര ഗവമ്മെൻറ് ആവശ്യപ്പെട്ടിരിക്കുന്നതായറിയുന്നു. കേന്ദ്രത്തിൽനിന്നു നല്കപ്പെടുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽ 25 ശതമാനം വെട്ടിക്കുറച്ചിരിക്കുന്നു.

—ഇപ്പോൾ തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും ഇൻഡ്യൻ കോൺസ്റ്റിററുവൻറ് അസംബ്ലി അംഗങ്ങളായിരിക്കുന്നവർ ഭരണഘടന പാസായിക്കഴിയുന്നതോടുകൂടി അവരുടെ സാമാജികത്വം രാജിവയ്ക്കുന്നതും സെൻട്രൽ പാർലിമെൻറിലേക്ക് ഐക്യസംസ്ഥാനനിയമസഭാംഗങ്ങളിൽനിന്നും പുതുതായി മെമ്പർമാരെ തിരഞ്ഞെടുക്കുന്നതുമാണെന്നറിയുന്നു.

—സ്ത്രീകൾ സൈന്യസേവനമനുഷ്ഠിക്കുന്നതിനെക്കാൾ അവർ നല്ല ഭാര്യമാരും ഉത്തമ മാതാക്കളുമായി, സ്വസന്താനങ്ങളെ ആരോഗ്യവാന്മാരും ഗുണവാന്മാരുമായി വളർത്തിക്കൊണ്ടുവരികയായിരിക്കും കൂടുതൽ മഹത്തായ സേവനമെന്ന് ഇൻഡ്യൻ സർവ്വസൈന്യാധിപൻ ജനറൽ കാരിയപ്പ തിരുവനന്തപുരത്തുവച്ച് അദ്ദേഹത്തിനു സിററികോർപ്പറേഷൻറ ആഭിമുഖ്യത്തിൽ നല്കപ്പെട്ട ഒരു സല്ക്കാരാവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി.

## ഇൻഡ്യാവാർത്തകൾ

ഇൻഡ്യയുടെ ഉത്തരപൂർവ്വാതിർത്തിയിൽ സ്ഥിതിചെയ്യുന്ന മണിപ്പൂർ രാജ്യത്തിൻറ ഭരണം ഒക്ടോബർ 15-ാംനു കേന്ദ്രഗവമ്മെൻറ് ഏറെറടുക്കുന്നതാണെന്നു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇതോടുകൂടി കേന്ദ്രഗവമ്മെൻറ് ഏറെറടുക്കുവാൻ നിശ്ചയിച്ചിരുന്ന നാട്ടുരാജ്യങ്ങളുടെ സംഖ്യ പൂർത്തിയാകുന്നതാണ്.

—പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ഒക്ടോബർ 7-ാംനു വിമാനമാർഗ്ഗം ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു. അവിടെനിന്നും അദ്ദേഹം അമേരിക്കയിലേക്കു പോകുന്നതായിരിക്കും.

—ഇൻഡ്യയിലെ പൊതുതിരഞ്ഞെടുപ്പ് 1950 നവംബറിനും 1951 മാർച്ചിനും ഇടയ്ക്കു നടന്നേക്കുമെന്ന് പ്രസിഡണ്ട് ഡോക്ടർ രാജേന്ദ്രപ്രസാദ് കോൺ അസംബ്ലിയിൽ പ്രസ്താവിച്ചിരിക്കുന്നു.

—രണ്ടുവർഷത്തെ സംയോജനനടപടികൾകൊണ്ട് ഇൻഡ്യയിലെ 565 നാട്ടുരാജ്യങ്ങൾ 9 ഖണ്ഡിതഘടകങ്ങളായി കുറഞ്ഞിരിക്കുന്നു. സൗരാഷ്ട്ര, മദ്ധ്യഭാരത്, രാജസ്ഥാൻ, വിന്ധ്യാപ്രദേശ്, പട്യാല ആൻഡ് ഈസ്റ്റ് പഞ്ചാബ് സ്റ്റേററ്സ് യൂണിയൻ, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനം എന്നീ ആറു യൂണിയനുകളും മൈസൂർ, ഹൈദ്രബാദ്, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങളുമാണ് പ്രസ്തുത ഘടകങ്ങൾ.

—ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പു സർവ്വീസിൽ നിയമിതരായിട്ടുള്ളവർക്ക് പുതിയ ഭരണഘടന നടപ്പിൽ വന്നതിനുശേഷവും ഇതുവരെയുണ്ടായിരുന്ന അധികാരാവകാശങ്ങളോടുകൂടി തുടരാവുന്നതാണെന്നു ഭരണഘടനയിൽ വ്യവസ്ഥപ്പെടുത്തുവാൻ കോൺഗ്രസ് പാർട്ടി തീരുമാനിച്ചിരിക്കുന്നു.

—സുപ്രീംകോടതി ചീഫ് ജസ്റ്റീസിനു 5000 ക.യും മററു ജഡ്ജിമാർക്ക് 4000 ക. വീതവും താമസിക്കാൻ വാടകക്കൂടാതെ കെട്ടിടവും, ഹൈക്കോടതി ചീഫ് ജസ്റ്റിസിനു 4000 ക. യും പ്യൂണി ജഡ്ജിമാർക്ക് 3500 ക. വീതവും ശമ്പളം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

—നിത്യോപയോഗത്തിനു ആവശ്യമുള്ള സാധനങ്ങളുടെ വില 10 ശതമാനം കുറയ്ക്കണമെന്ന പ്രമേയം ഒക്ടോബർ 10-ാംനു ഡൽഹിയിൽ കൂടിയ ഫുഡ് കോൺഫറൻസ് അംഗീകരിച്ചിരിക്കുന്നു.

—പവൻനോട്ടിൻറ വില കുറച്ചതിനെത്തുടർന്നുള്ള ഇൻഡ്യയിലെ രൂപയുടെ വില താഴ്ത്തലിനെ ഒക്ടോബർ 6-ാംനു കൂടിയ കേന്ദ്രപാർലിമെൻറ് അംഗീകരിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

സോവ്യററ്യൂണിയനുമായുള്ള നയതന്ത്രബന്ധം ചൈന വിച്ഛേദിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

—യുഗോസ്ലാവിയായിലെ വിദ്യാലയങ്ങളിൽ ഉപഭാഷയായ റഷ്യൻഭാഷയ്ക്കു പകരം ഇംഗ്ലീഷ് ഉപഭാഷയായി സ്വീകരിക്കുന്നതിനു ഗവമ്മെൻറുത്തരവായിരിക്കുന്നു.

—കഴിഞ്ഞ ഒരു കൊല്ലമായി അധികാരത്തിലിരുന്നിരുന്ന ഹെൻറികുവീകുവിയ്യുടെ നേതൃത്വത്തിലുള്ള ഫ്രഞ്ചുമന്ത്രിസഭ രാജിവച്ചിരിക്കുന്നു.

—ഫ്രാൻസിലെ പ്രഥമ ഇൻഡ്യൻ സ്ഥാനപതിയായി സർദാർ ഹർദ്ദിത്ത് സിംഗ് മാലിക് ഫ്രഞ്ചുപ്രസിഡണ്ടിൻറപക്കൽ അധികാരപത്രങ്ങൾ സമർപ്പിച്ചിരിക്കുന്നു.

—ചൈനയിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടവുമായി നയതന്ത്രബന്ധമില്ലാത്ത രാജ്യങ്ങളിലെ പത്രലേഖകന്മാരും റേഡിയോറിപ്പോർട്ടർമാരും ചൈനയിൽനിന്നു സന്ദേശങ്ങൾ അയക്കുന്നതു നിർത്തണമെന്നു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് ഉത്തരവായിരിക്കുന്നു.

### മെത്രാൻ പട്ടാഭിഷേകം

## രഹസ്യത്തിൽ

ചെക്കോസ്ലോവാക്യായിൽ പ്രേഗിലെ മെത്രാപ്പോലീത്തായായ ബെറാൻ തിരുമേനിയുടെ സഹായകനായി നിയമിതനായിരിക്കുന്ന മോൺ സിഞ്ഞാർ മററുസെക്ക് തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേകം സെപ്റ്റംബർ 17-ാംനു പ്രേഗിലെ വി. ഇഗ്നേഷ്യസിൻറ ദേവാലയത്തിൽവച്ചു രഹസ്യമായി നടത്തപ്പെട്ടു. നവമായി അഭിഷിക്തനായ തിരുമേനിയാണ് ഈ വാർത്ത ജനങ്ങളെ അറിയിച്ചത്. തദവസരത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "ഞാൻ ഒരു സാധുതൊഴിലാളിയുടെ പുത്രനാണ്. പക്ഷെ പരിശുദ്ധപിതാവു എന്നെ ഈ ഉന്നതസ്ഥാനത്തേക്കു വിളിച്ചിരിക്കുന്നു. ഭാവിയിൽ സാധുക്കൾക്കും രോഗികൾക്കുംവേണ്ടി വേലചെയ്യുവാൻ ഞാനാഗ്രഹിക്കുന്നു." തിരുമേനിക്കു ഇപ്പോൾ 30 വയസ്സുമാത്രമേ പ്രായമുള്ളു.

### വത്തിക്കാൻ റേഡിയോക്ക്

## 10,000 ക. സംഭാവന

ആസ്ത്രേലിയായിൽ ന്യൂസൗത്തുവെയിൽസ് ചെലീസ്സ് ർരൂപത 10,000ക വത്തിക്കാൻ റേഡിയോക്കു സംഭാവന ചെയ്തിരിക്കുന്നു.

## ചോദ്യോത്തരപംക്തി

**ചോ:** "നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുതു്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ." (മത്തായി സുവിശേഷം 23: 8, 9). "വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കും ഒരുവനല്ലോ പിതാവ്. അതുകൊണ്ട് അവൻ (കർത്താവായ യേശുക്രിസ്തു) അവരെ സഹോദരന്മാർ എന്നു വിളിപ്പാൻ ലജ്ജിക്കാതെ............"(എബ്രായർ2: 11.) എന്നും കാണുന്നു. എന്നാൽ റോമാസഭയിൽ പിതാവ്, അച്ചൻ, മക്കൾ എന്നിങ്ങനെ പട്ടക്കാർ അത്മേനികൾ ബന്ധത്തെ കുറിക്കുന്നതിനു സംബോധന ചെയ്യുവരുന്നതെന്തുകൊണ്ട്? Father, Rev. Father എന്നിങ്ങനെ വിളിക്കപ്പെടുന്നതായും ആ ബഹുമാനപ്പേരുകൾ സ്വയമേവ സ്വീകരിക്കപ്പെടുന്നതായും കാണുന്നു. വിശ്വാസികൾ—ദൈവമക്കൾ എന്ന നിലയിൽ—ആ വിധ ജഡികബന്ധങ്ങളില്ലാതിരിക്കുമ്പോൾ അങ്ങനെ വിളിക്കപ്പെടുന്നതു തിരുവചനാനുസരണം തെററല്ലേ?"

**ഉ:** മേലുദ്ധരിച്ച വേദവാക്യങ്ങൾ അവയുടെ അക്ഷരാർത്ഥത്തിൽ എടുക്കുകയാണെങ്കിൽ, "ജഡികബന്ധങ്ങളില്ലാതിരിക്കുമ്പോൾ" പിതാവ്, മക്കൾ എന്നെല്ലാം വിളിക്കുന്നതു മാത്രമല്ല, ജഡികബന്ധങ്ങളുള്ളപ്പോൾപോലും അങ്ങനെ വിളിക്കുന്നതു "തിരുവചനാനുസരണം തെററാ"ണെന്നു സമ്മതിക്കേണ്ടിവരും. "ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുതു" എന്നാണല്ലോ അനുശാസിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ചോദ്യകർത്താവുപോലും സ്വന്തം ജനയിതാവിനെ പിതാവ് എന്നു വിളിക്കുന്നുണ്ടായിരിക്കുമല്ലോ. ആകയാൽ പ്രസ്തുത അനുശാസനം അതിന്റെ നിഷ്കൃഷ്ടാർത്ഥത്തിലല്ല വ്യാഖ്യാനിക്കേണ്ടതു് എന്നു വ്യക്തമാണ്.

ചോദ്യകർത്താവ് മത്തായിയുടെ സുവിശേഷത്തിൽനിന്നു ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളുടെ മുകളിലായി, ആരും റബ്ബി (ഗുരോ) എന്നു വിളിക്കപ്പെടരുതെന്നും ക്രിസ്തുനാഥൻ അനുശാസിക്കുന്നുണ്ട്. "നിങ്ങളോ എല്ലാവരും സഹോദരന്മാരാകുന്നു" എന്നവാക്യം ആ അനുശാസനത്തോടു അനുബന്ധമായുള്ളതാണ്. ആകയാൽ മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായം എട്ടും ഒൻപതും വാക്യങ്ങൾ പൂർണ്ണമായി ഉദ്ധരിച്ചശേഷം അവയുടെ ശരിയായ വ്യാഖ്യാനമെന്തെന്നു പര്യാലോചിക്കാം. എന്നാൽ നിങ്ങൾ റബ്ബി എന്നു വിളിക്കപ്പെടരുതു്. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ റബ്ബി ഒരുത്തൻമാത്രമാകുന്നു. നിങ്ങളോ എല്ലാവരും സഹോദരന്മാരാകുന്നു. (വാക്യം 8). ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുതു്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻതന്നെ." (വാക്യം 9) "റബ്ബി" (ഗുരോ) എന്നു വിളിക്കപ്പെടുന്നതിനും തങ്ങൾ അർഹിച്ചിരുന്നതിൽ കൂടുതലായ ബഹുമാനം സാമാന്യജനങ്ങളിൽനിന്നും സ്വീകരിക്കുന്നതിനും അഭിലഷിച്ചിരുന്ന നിയമജ്ഞന്മാരുടെയും പ്രീശന്മാരുടെയും അഹങ്കാരത്തെ ക്രിസ്തുനാഥൻ പഴിക്കുകയാണ് ആദ്യമായി ചെയ്യുന്നതു്. ഒരുവൻമാത്രമാണ് യഥാർത്ഥത്തിൽ അവരുടെ ഗുരു എന്നു അവിടുന്നു ജനങ്ങളെ ഉൽബോധിപ്പിക്കുന്നു. ആ ഗുരു, "വഴിയും സത്യവും ജീവനു"മായ ക്രിസ്തുതന്നെ. സകല വിജ്ഞാനത്തിന്റേയും ഉൽപ്പത്തിസ്ഥാനമായ അവിടുത്തേക്കുമാത്രമാണു പരമോൽകൃഷ്ടമായ അദ്ധ്യാപനാധികാരമുള്ളതു്. മനുഷ്യരെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളെന്നനിലയിൽ സമന്മാരും സഹോദരന്മാരുമാകകൊണ്ട്, യഹൂദനിയമജ്ഞന്മാരും മററും ചെയ്തിരുന്നവണ്ണം ഒരാൾ മറെറാരാളെ ഔദ്ധത്യപൂർവ്വം പഠിപ്പിക്കുന്നതു് ഉചിതമല്ല. അഹങ്കാരപൂർവ്വകമായ അദ്ധ്യാപനത്തെയാണ് ക്രിസ്തുനാഥൻ അപലപിക്കുന്നതു്. ന്യായാനുസൃതവും വിനയാന്വിതവുമായ അദ്ധ്യാപനകൃത്യത്തെ അവിടുന്നു അപലപിക്കുന്നില്ല. അദ്ധ്യാപകൻ, ഗുരു ഇത്യാദിപദങ്ങൾക്കു സാധാരണമായുള്ള വിപുലാർത്ഥത്തിൽ മററാരേയും അദ്ധ്യാപകൻ, ഗുരു എന്നെല്ലാം സംബോധനചെയ്തുകൂടെന്നു അവിടുന്നു ആജ്ഞാപിക്കുന്നില്ല. വി. ഇരാനിമ്മോസ് ചൂണ്ടിക്കാണിക്കുന്നതിൻവണ്ണം വി. പൗലോസുതന്നെ പുറജാതിക്കാരുടെ അദ്ധ്യാപകൻ (മൂലഭാഷയായ ഗ്രീക്കിൽ ഡിഡാസ്കലോസ് Didaskalos) എന്നാണു സ്വയം സംബോധനചെയ്തിരിക്കുന്നതു്. (I തിമോ: 2, 7). "നിങ്ങളുടെ റബ്ബി ഒരുവനാകുന്നു" എന്നുള്ള മത്തായിയുടെ വാക്യത്തിലും റബ്ബി എന്ന പദത്തിനു പകരം ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നതും "ഡിഡാസ്കലോസ്" എന്നാണ്. "ഡിഡാസ്കലോസ്" ഒരുവൻ മാത്രമെയുള്ളുവെന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തിരുന്നിട്ടും വി. പൗലോസ് "ഡിഡാസ്കലോസ്" എന്നു സ്വയം സംബോധനചെയ്യുന്നതുകൊണ്ട് (വി. പൗലോസിനെ ഉദ്ദേശിച്ചല്ല ക്രിസ്തു പറഞ്ഞിരിക്കുന്നതെന്നു വ്യക്തമാണല്ലോ) ക്രിസ്തുവിന്റെ അനുശാസനം അതിന്റെ നിഷ്കൃഷ്ടാർത്ഥത്തിൽ എടുക്കേണ്ട ആവശ്യമില്ല എന്നു അനുമാനിക്കാം.

മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായം 8-ാം വാക്യത്തിൽ "റബ്ബി" എന്ന സംബോധനയെ കുറിച്ച് പ്രസ്താവിച്ചശേഷം ക്രിസ്തു 9-ാം വാക്യത്തിൽ പിതാവ് എന്ന സംബോധനയെപ്പററി പ്രസ്താവിക്കുന്നു. എല്ലാവരും സഹോദരന്മാരാകുന്നു എന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഏതന്ന്യായത്താൽത്തന്നെ ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുതു്; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗസ്ഥനായ ഒരാൾമാത്രമാണ് മനുഷ്യരുടെ പിതാവ് എന്നും അവിടുന്നു ഉൽബോധിപ്പിക്കുന്നു. അതായതു്, മനുഷ്യരിൽ ആരേയും നമ്മുടെ അസ്തിത്വത്തിനു പൂർണ്ണനിദാനമായും, നമ്മുടെ ജീവന്റെ ഉടയവനായും പരിപാലകനായും പരിഗണിക്കരുതു്. ഈദൃശലക്ഷണങ്ങളുള്ള പിതാവും സ്വർഗ്ഗസ്ഥനായ ദൈവമാത്രമാണ്. അങ്ങിൽമാത്രമേ പിതൃത്വം അതിന്റെ പാരമ്യത്തിലും പരിപൂർണ്ണാർത്ഥത്തിലുമുള്ളു. ഭൗമികപിതൃത്വം ദൈവത്തിന്റെ പിതൃത്വത്തിന്റെ ഛായമാത്രമാണ്. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും ആരിൽനിന്നു നാമകരണം ചെയ്യപ്പെടുന്നുവോ" എന്നു പൗലോസ് ശ്ലീഹാ ദൈവത്തെപ്പററി എഴുതിയിട്ടുണ്ട് (Eph 3,15) ഭൗമികപിതാക്കൾക്കു സ്വസുതരുടെമേൽ പരമമായ അധികാരമില്ല അവരും മക്കളും ഒരുപോലെ ദൈവത്തെ അനുസരിപ്പാൻ കടപ്പെട്ടിരിക്കുന്നു. വി. ജോൺ ക്രിസോസ്തോമോസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ മാതാപിതാക്കന്മാർവഴി നാം ജീവൻ സ്വീകരിക്കുന്നുവെങ്കിലും ജീവന്റെ ഉൽപ്പത്തിസ്ഥാനം അവരല്ല.

ഏവംവിധം ദൈവത്തെ മാത്രമേ "പിതാവേ" എന്നു, ഈ ശബ്ദത്തിന്റെ പരിപൂർണ്ണാർത്ഥത്തിൽ, സംബോധനചെയ്യാവൂ. എന്നു വരികിലും, ആത്മീയപാലകരേയും മററും വിപുലാർത്ഥത്തിൽ പിതാക്കൾ എന്നു സംബോധനചെയ്തുകൂടെന്നു വരുന്നില്ല. ലൗകികപിതാക്കൾ സ്വന്തം മക്കളുടെ ശാരീരികോത്ഭവത്തിൽ ഭാഗഭാക്കുകളായതുപോലെ ആത്മീയപിതാക്കൾ വിശ്വാസികളുടെ ആദ്ധ്യാത്മികജനനത്തിൽ ഭാഗഭാക്കുകളാകുന്നു. ലൗകികപിതാക്കൾ സ്വസന്താനങ്ങളുടെ ശാരീരികാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നതുപോലെ ആത്മീയപാലകർ വിശ്വാസികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു. ആകയാൽ ആത്മീയപാലകരേയും പിതാക്കന്മാർ എന്നു സംബോധനചെയ്യാവുന്നതാണ്. വി. പൗലോസ് കൊറിന്ത്യക്കാർ തന്റെ ആത്മീയ പുത്രരാണെന്നും താൻ അവരുടെ പിതാവാണെന്നും അഭിമാനംകൊള്ളുന്നുണ്ട്. "ഞാൻ ഇവ എഴുതുന്നതു നിങ്ങളെ ലജ്ജിപ്പിക്കുവാനല്ല; മറിച്ച്, വാത്സല്യപുത്രന്മാരെ എന്നപോലെ നിങ്ങളെ ഉപദേശിക്കുകയത്രെ ഞാൻ ചെയ്യുന്നതു്. നിങ്ങൾക്കു മിശിഹായിൽ പതിനായിരം ഉപാദ്ധ്യായന്മാരുണ്ടായാലും പിതാക്കന്മാർ വളരെയില്ല. എന്തെന്നാൽ സുവിശേഷംകൊണ്ട് മിശിഹായിൽ നിങ്ങളെ ജനിപ്പിച്ചതു ഞാനാകുന്നു." (1 കൊറി 4. 14,15). മാത്രമല്ല, തിമോത്തിയെ "എന്റെ സ്നേഹപുത്രൻ" എന്നു സംബോധനചെയ്യുന്നുമുണ്ട്. (1 കൊറി. 4,17). "മിശിഹാ നിങ്ങളിൽ ഉരുവാകുവോളം ഞാൻ വീണ്ടും പ്രസവിക്കുന്ന എന്റെ കുഞ്ഞുമക്കളേ (ലത്തീനിൽ Filioli, ഗ്രീക്കിൽ Tekna)"എന്നു വി. പൗലോസ് ഗലാത്തിയരെ സംബോധനചെയ്യുന്നു. (ഗാല. 4,19) വി. യോഹന്നാന്റെ 1-ാം ലേഖനത്തിൽ 8 പ്രാവശ്യം വിശ്വാസികളെ "കുഞ്ഞുമക്കളേ" എന്നു അദ്ദേഹം വിളിക്കുന്നുണ്ട്. (1 യോ. 2:1,12,18,28; അ. 3: 7,18; അ 4: 4; അ 5: 21). ആകയാൽ സ്വർഗ്ഗസ്ഥനായ പിതാവിനേയും, സ്വാഭാവികജനയിതാക്കളേയും മാത്രമല്ല, ആത്മീയപാലകരേയും "പിതാവ്" എന്നു വിളിക്കാമെന്നും, വിശ്വാസികളെ അവർക്കു മക്കൾ എന്നു വിളിക്കാമെന്നും വിശദമാകുന്നുണ്ടല്ലോ. ഏതന്ന്യായത്താൽ "റോമാസഭ"യിലെ പുരോഹിതന്മാരെ വിശ്വാസികൾ പിതാവ്, (അച്ചൻ) Father, Rev. Father എന്നെല്ലാം വിളിക്കുന്നതിലും അപ്രകാരം തങ്ങളെ വിളിക്കുന്നതിനു അവർ അനുവദിക്കുന്നതിലും യുക്തിഭംഗമില്ലെന്നുവിശദമാണല്ലോ.

"വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കും ഒരുവനല്ലോ പിതാവ്. അതുകൊണ്ട് അവൻ (കർത്താവായ യേശുക്രിസ്തു) അവരെ സഹോദരന്മാർ എന്നു വിളിക്കാൻ ലജ്ജിക്കാതെ..." (എബ്രാ: 2: 11) എന്നതാണല്ലോ ചോദ്യകർത്താവ് തന്റെ വാദം സ്ഥാപിക്കുന്നതിനായി ഉദ്ധരിച്ചിരിക്കുന്ന മറെറാരു വാക്യം. പ്രോട്ടസ്റ്റൻറു വിവർത്തനത്തിൽനിന്നാണ് താൻ വാക്യങ്ങൾ ഉദ്ധരിക്കുന്നതെന്നും അതിനു വിരോധമുണ്ടായിരിക്കയില്ലെന്നു വിചാരിക്കുന്നുവെന്നും ചോദ്യകർത്താവ് ഞങ്ങൾക്കു എഴുതിയിട്ടുണ്ട്. പക്ഷെ, ആദ്യവാചകം ബൈബിളിൽ ഉള്ളതിൽനിന്നു അല്പം വ്യത്യാസപ്പെട്ടരീതിയിലാണു വിവർത്തനംചെയ്യപ്പെട്ടിരിക്കുന്നതു്. "വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരുംഎല്ലാം ഒരുവനിൽനിന്നു" എന്നാണു ബൈബിളിൽ ഉള്ളതു്. (ഒന്നിൽ നിന്നു എന്നും തർജ്ജിമ ചെയ്യാം. From one എന്നു അർത്ഥംവരുന്ന "എക്സ് ഏനോസ്" എന്ന ശൈലിയാണു മൂലത്തിൽ പ്രയോഗിച്ചിരിക്കുന്നതു്.) പുതിയ നിയമത്തിന്റെ പുരാതന കൈയെഴുത്തുപ്രതികൾ പരിശോധിച്ച് നെസൽ എന്ന ജർമ്മൻ പ്രോട്ടസ്റ്റൻറുകാരൻ ഒരുവശത്തു ലത്തീനിലും മറുവശത്തു ഗ്രീക്കിലുമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പുതിയ നിയമഗ്രന്ഥത്തിൽ ഉദ്ധൃതവാക്യം കത്തോലിക്കാ ബൈബിളിൽ ഉള്ളപോലെതന്നെയാണു കിടക്കുന്നതു്. (ലത്തീനിൽ Ex uno എന്നും ഗ്രീക്കിൽ Ex enos എന്നും). "പിതാവ്" എന്ന പദം മൂലത്തിലില്ല.

കൊർണേലി ആ ലാപിദെ എന്ന സുപ്രസിദ്ധ വേദപുസ്തകവ്യാഖ്യാതാവ് ഉദ്ധൃതവാക്യത്തിനു കൊടുക്കുന്ന വ്യാഖ്യാനം താഴെ ചേർക്കുന്നു. "വിശുദ്ധീകരിക്കുന്നവൻ" ക്രിസ്തുവും "വിശുദ്ധീകരിക്കപ്പെടുന്നവർ" മനുഷ്യരുമാണ്. From one (Ex uno) എന്നതിലെ one പുല്ലിംഗമായി സ്വീകരിക്കയാണെങ്കിൽ, "ആദത്തിൽനിന്നു" എന്നു അർത്ഥം വിവക്ഷിക്കാം. നപുംസകലിംഗമായി സ്വീകരിക്കയാണെങ്കിൽ, ഒരു മൂലത്തിൽ നിന്നു ഒരേ മനുഷ്യപ്രകൃതിയിൽനിന്നു എന്നെല്ലാം അർത്ഥം കല്പിക്കാം. ഏതു വിധത്തിലായാലും വാക്യത്തിന്റെ അർത്ഥത്തിനു വ്യത്യാസം വരുന്നില്ല. "ഒരുവനിൽനിന്നു" എന്നതിനു "ദൈവത്തിൽനിന്നു" എന്ന അർത്ഥം കല്പിക്കുന്നവരുമുണ്ട്. ക്രിസ്തുവും മററു മനുഷ്യരും ഒരേമനുഷ്യപ്രകൃതിയുള്ളവരാകയാൽ, ആ അർത്ഥത്തിൽ സമന്മാരാണെന്നുംസഹോദരന്മാരാണെന്നും സാരം. ഈ സംഗതിപൗലോസ് ശ്ലീഹാ ഉന്നയിക്കുന്നതു ക്രിസ്തു പീഡകൾ സഹിക്കുക എന്നതു ഉചിതമായിരുന്നു എന്നു സ്ഥാപിക്കുവാനാണ്. ഉദ്ധൃതവാക്യത്തിനുമുമ്പുള്ള വാക്യത്തിൽ വി. ശ്ലീഹാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "എന്തുകൊണ്ടെന്നാൽ സകലവും ആരാലോ, സകലവും ആർക്കുവേണ്ടിയോ അവൻ വളരെ സന്താനങ്ങളെ മഹത്വത്തിൽ പ്രവേശിപ്പിക്കയിൽ അവരുടെ രക്ഷയുടെ നാഥനെ പീഡകൾകൊണ്ട് പൂർണ്ണനാക്കുക യുക്തമായിരുന്നു" (വാക്യം 10). വി. ശ്ലീഹാ തുടർന്നുപറയുന്നു: "എന്തെന്നാൽ ശുദ്ധീകരിക്കുന്നവനും ശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽനിന്നുള്ളവരാകുന്നു. ഇതിനാൽ: നിന്റെ നാമം എന്റെ സഹോദരന്മാരെ ഞാൻ അറിയിക്കും, സഭയുടെ നടുവിൽവച്ച് നിന്നെ ഞാൻ സ്തുതിക്കും (സങ്കീ: 22, 22); വീണ്ടും, ഞാൻ അവനിൽ ആശ്രയിക്കും; പിന്നെയും, ഇതാ! ഞാനും ദൈവം എനിക്കുതന്ന മക്കളും എന്നു പറയുകയിൽ അവരെ തന്റെ സഹോദരന്മാരെന്നു വിളിക്കുവാൻ അവൻ ലജ്ജിച്ചില്ല" (സങ്കീ. 18; 2. ഏശ. 8,18). (പ്ശീത്തായിൽനിന്നുള്ള വിവർത്തനം. എബ്രാ 2, 11-13) 17-ാം 18-ാം വാക്യങ്ങളിൽ ശ്ലീഹാ വീണ്ടും പറയുന്നു: "ഇതിനാൽ കരുണയുള്ളവനും ദൈവകാര്യങ്ങളിൽ വിശ്വസ്തനായ പ്രധാനാചാര്യനും ആകുവാനും, ജനത്തിന്റെ പാപങ്ങളെക്കുറിച്ച് പരിഹാരംചെയ്യുവാനും വേണ്ടിഅവൻ സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനാകുവാൻ ആവശ്യമായിരുന്നു. എന്തെന്നാൽ അവൻ പീഡയനുഭവിക്കയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ടു പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ അവൻ കഴിവുള്ളവനാകുന്നു." ഈ വാക്യങ്ങളുടെ സാരം വ്യക്തമാണ്. പീഡാസഹനവും മരണവുംവഴി മിശിഹാ ലോകപരിത്രാണം സാധിക്കുവാനിരുന്നതുകൊണ്ട്, മററുള്ളവരെപ്പോലെ പീഡകൾ സഹിക്കുന്നതിനും മരിക്കുന്നതിനും സാധിക്കുന്ന ഒരു പ്രകൃതിയോടുകൂടി അവതാരം ചെയ്യേണ്ടതു് ആവശ്യമായിരുന്നു. "അവൻ മാലാഖമാരിൽ നിന്നല്ല (സ്വഭാവം) സ്വീകരിച്ചതു്; പിന്നെയോ, അബ്രാഹത്തിന്റെ സന്തതിയിൽനിന്നാകുന്നു സ്വീകരിച്ചതു്" (വാക്യം 16). ഏവംവിധം ക്രിസ്തു മററുള്ളവരോടു സമത്വവും സാഹോദര്യവുമുള്ള പ്രധാനാചാര്യനാണെന്നുംതൽക്കാരണത്താൽപീഡാസഹനവും മരണവുംവഴി മനുഷ്യരെ രക്ഷിക്കാൻ അവിടുത്തേക്കു കഴിഞ്ഞെന്നുമാണ് എബ്രായക്കാർക്കുള്ള ലേഖനം 2-ാം അദ്ധ്യായത്തിൽ വി. പൗലോസ് സമർത്ഥിക്കുന്നതു്. അല്ലാതെ ആത്മീയ പാലകരെ Father (പിതാവ്) എന്നു വിളിക്കരുതു് എന്നു യാതൊരു സൂചനയും അവിടെ കാണുന്നില്ല.

# ചെറുപുഷ്പത്തോട്

(എളങ്ങുളം പി. എം. ജെയിംസ്)

രീം ജീം പർസേ എ. മ.

പല്ലവി

ദിവ്യസുമോഹനതാരമേ—ത്രേസ്യാംബേ ധന്യേ ജയ!
നൽവരപ്പൂമാരി നീ ചൊരിയുക മേന്മേൽ

ചരണങ്ങൾ

ചിന്മയനീശൻ പ്രേമസുധാധരി, നാരി, സ്വർ സൂനമേ,
വെണ്മവിളങ്ങിന കളരവഹൃദയേ, വാനവർക്കോമനേ,
കന്മഷമഖിലം തീർത്തിവരിൽ നന്മവർഷിച്ചീടുവാൻ
കനിയേണമേ നായികേ, കൊച്ചുത്രേസ്യാംബേ (ദിവ്യസു.......
ജീവിതസാഗരതിരകളിലാണ്ടിവരാർത്തരായ് മേവുമ്പോൾ
താവകകരതലമതിലീസുതരെ ചേർത്തു നൽശാന്തിയിൻ
ഭാവുകമരുളി വിലസുക സുചിരം, ത്രേസ്യാംബേ കന്യേ ജയ!
ദ്യോവിൽ നീ വാഴ്ക! വാഴ്ക! ദ്യോവിൽ നീ വാഴ്ക!! (ദിവ്യസു.......

## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്ക് കറന്റ് | 1½% | 6 മാസം കാലാവധി | | 4% |
| സേവിംഗ്സ് | 3% | 12 | " | 4½% |
| ഷോർട്ട് നോട്ടീസ് | 3% | 24 | " | 5% |
| | | 36 | " | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്ക് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.


ചെറുകഥ

# പ്രശ്നക്കാരൻ

(A. A. P.)

വളരെ ദുരിതം അനുഭവിക്കുന്നുണ്ട് ഒറോത. വീട്ടിലാണെങ്കിൽ ഒരിക്കലും ഒരു സൈ്വരമില്ല. നാഴിയും ഉരിയും പോലെ നാലഞ്ചുകുഞ്ഞുങ്ങൾ. ഒന്നിനു പനി മാറുമ്പോൾ ഒന്നിനു നീരു്. ഒന്നിനു ചൊറി മാറുമ്പോൾ ഒന്നിനു ചുമ. കഷായക്കലം മാററാൻ ഒഴിവുകാണാതെ അവൾ വലഞ്ഞു. ഇതെന്തൊരു കഷ്ടകാലം! അയൽക്കാരി കാരണം പറഞ്ഞുകൊടുത്തു: "വല്ലവരും വല്ലോം ചെയ്തതായിരിക്കും." ഒറോതയ്ക്കു പണ്ടേ ഉണ്ടൊരു സംശയം. ഇതുകൂടെ കേട്ടപ്പോൾ സംശയം തീർന്നു് ഉറപ്പായി.

അവൾ ഇരുന്നു ചിന്തിച്ചു. "ഭർത്താവിനാണെങ്കിലും എന്നോടൊരു കൂറില്ല. വെറുതെക്കാരെ കണ്ടാൽ അതിയാൻ എന്തു സ്നേഹം കാണിക്കും. ചിരിക്കും, ലോഹ്യംപറയും, സൽക്കരിക്കും. എന്നോടുമാത്രം എപ്പോഴും ഗൗരവമാ. ഞാൻ തൊടുന്നതെല്ലാം കുററം. ഒന്നും ബോധിക്കേല. ഒന്നുകിൽ കറിക്കു ഉപ്പേറിപ്പോയി; അല്ലെങ്കിൽ എരിവുകുറഞ്ഞുപോയി. ഞാനെത്ര കരുതിച്ചെയ്താലും ഒന്നും തൃപ്തിയില്ല. "രാകാതിക്കാർ" വല്ലോം ചെയ്യാതെ എന്നോടി വെറുപ്പുവരാൻ വഴിയില്ല." അവളുടെ "യുക്തിപൂർവ്വ"മായ അനുമാനം!

ഒറോതയ്ക്കു ഒരടുക്കളത്തോട്ടമുണ്ടു്; ചുററും വേലിയും. ചീര, ചീനി തുടങ്ങി പലതും അവൾ നട്ടുവളർത്തി. എന്നും അവൾ വേലിയുടെ ഭദ്രത പരിശോധിക്കും. എന്നിട്ടും അതിനകത്തു നില്ക്കുന്നു അയൽപക്കത്തെ ആടു്. ചീരയും ചീനിയും ഒന്നില്ലബാക്കി. അവൾക്കു അടക്കവയ്യാത്ത കോപംവന്നു. കൈയിൽകിട്ടിയ കോടാലി ഉയർക്കോടെ അവൾ ഒരേറു്. ഏറുകൊണ്ടു ക്രിമിനൽപ്പുള്ളി നിലംപതിച്ചു. ഇനി ഒരിക്കലും കുററം ആവർത്തിക്കയില്ലാത്ത ശിക്ഷ. ഉടമസ്ഥൻ കേസുകൊടുത്തു. കേസ് ഒതുക്കിത്തീർക്കാൻ ഒറോതയുടെ ഭർത്താവു വളരെ ദണ്ഡിക്കേണ്ടിവന്നു. വലിയ ഒരുതുക ചെലവുമായി. ഇങ്ങനെയെല്ലാം സംഭവിക്കാൻ ഇടയാക്കിയകാരണം പിന്നെയും അവൾ വിഭാവനം ചെയ്തു. "വല്ലവരും വല്ലോം ചെയ്തതായിരിക്കണം."

ഒരു ദിവസം ഭർത്താവു ഭവനത്തിലില്ല. അപ്പോൾ ഒറോത ഭരണാധിപയായി. ഒരു സിംഹാസനത്തിലെന്നപോലെ അവൾ പേടികൂടാതെ അടുക്കളപ്പടിയിൽ ഇരിപ്പുറപ്പിച്ചു. അവളുടെ ചിന്താമൃഗം കാലക്കേടുകളാകുന്ന പുൽത്തകിടിയിൽ മേഞ്ഞുനിന്നു.

അവൾക്കു നിരാശതോന്നി. ഇതിനെന്തുണ്ടൊരു പ്രതിവിധി, എന്റെ തമ്പുരാനെ! വല്ല പ്രശ്നക്കാരോടും ചോദിച്ചാൽ അറിയാമായിരുന്നു. പക്ഷേ നമ്മുക്കുണ്ടോ അതിനുവല്ലോം അനുവാദം. അച്ചനറിഞ്ഞാൽ കുരിശുമുടക്കും. പിന്നെ ജീവിക്കണോ? എന്തുമോശം. വേണ്ടേ വേണ്ട. ദിവസങ്ങൾ പലതു കടന്നുപോയി. പിന്നെയും പഴയ വിചാരം അവളുടെ മനസ്സിൽ തികട്ടിവരും. ഭർത്താവു അറിയാതെ, ആരും കാണാതെ ഇതിനൊരു മറുകൃതി പഠിച്ചവരെക്കൊണ്ടു ചെയ്യിക്കണം. എന്നാലേ എന്റെ മനസ്സിനു ഒരാശ്വാസമാകൂ.

* * *

ആരും ആവശ്യപ്പെടാതെതന്നെ ഒരു ദിവസം ഒരു ലാടൻ അവിടെ കയറിവന്നു. ഗൃഹനായികയെ കണ്ടു് അവൻ താണുതൊഴുതു. ദൈവനാമം ഉച്ചരിച്ചു പ്രാർത്ഥിച്ചു. നയനങ്ങൾ പലതവണ സ്വർഗ്ഗത്തിലേക്കു ഉയരുകയും താഴുകയുംചെയ്തു. അയാൾ കൈവശമുള്ള മരുന്നുകളുടെ മാന്ത്രികശക്തിയെപ്പററി പ്രസംഗിക്കുവാൻ തുടങ്ങി. ഗംഗാപ്രവാഹംപോലുള്ള വാഗ്ധോരണി. ഇതെല്ലാം കേട്ടശേഷം ഒറോത പറഞ്ഞു: "എനിക്കു മരുന്നൊന്നും വേണ്ട. മരുന്നുകൊണ്ടു മാറുന്ന ഒന്നല്ല എന്റെ ദീനം. ഞാൻ കഷ്ടപ്പാടുകൾകൊണ്ടു വലഞ്ഞു. ഒരിക്കലും മനസ്സിനു സ്വാസ്ഥ്യമില്ല. അതിനു കൈയിൽ മരുന്നുണ്ടോ? കാലക്കേടുമാറാൻ. കുടുംബം നശിക്കാൻവേണ്ടി ആരോ "കൂടവത്രം" ചെയ്തിട്ടുണ്ടെന്നുപോലും എനിക്കു സംശയമുണ്ടു്. ഒന്നു നോക്കാമോ?"

ലാടൻ അറിയാവുന്ന ഭാവം നടിച്ചു് ഒറോതയെ അടിമുടി ഒന്നു വീക്ഷിച്ചു. മുഖത്തു ദൃഷ്ടിയുറപ്പിച്ചു. അനന്തരം ഒരു ദീർഘനിശ്വാസത്തോടെ അയാൾ പറഞ്ഞുതുടങ്ങി. ത്രികാലജ്ഞനായ ആ ദിവ്യൻ പ്രവചിച്ചു. അയാളുടെ പ്രസ്താവനകളിൽ ഒറോതയുടെ ഊഹങ്ങൾ പലതും നേരാണെന്നുള്ളതിന്റെ നേരിയ സൂചന ഒളിഞ്ഞുകിടന്നിരുന്നു. അവൾ വിസ്മയംപൂണ്ടു. ജിജ്ഞാസ വർദ്ധിച്ചു. "ഒന്നും മറയ്ക്കേണ്ട. എല്ലാം തെളിച്ചുപറയണം." അവൾ ലാടനെ സ്വകൃത്യനിർവ്വഹണത്തിൽ പ്രോത്സാഹിപ്പിച്ചു.

ലാടൻ വരാന്തയിൽ ചമ്പ്രംപടഞ്ഞിരുന്നു. മുമ്പിൽ ഒരു നേരിയതു വിരിച്ചു. അതിന്റെ എതിർവശത്തു നേരെ മുന്നിൽ ഒരു തുങ്ങപ്പെട്ട രൂപം പ്രതിഷ്ഠിച്ചു. മററു പലയിനം പ്രതിമകളും ഒളിച്ചുവച്ചിരുന്ന ഭാണ്ഡത്തിൽനിന്നു് ഒരു ചെപ്പടിവിദ്യക്കാരന്റെ കൈച്ചുരുക്കോടെയാണു് അവൻ ആ രൂപം പുറത്തെടുത്തതു്. ഒരു ക്രിസ്ത്യാനിയിൽ വിശ്വാസവും ഭക്തിയും ഉളവാക്കുവാൻ ഇതിനുമേൽ മറെറാന്നില്ലെന്നു ചിരകാലപരിചയം കൊണ്ടു അയാൾ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. കവടിയും പലകും അതിന്റെ മുമ്പിൽ നിരന്നു. സത്യവും അസത്യവും അവൻ കൂട്ടിയിണക്കി. തൂങ്ങപ്പെട്ട രൂപത്തിൻമുമ്പാകെ ചെയ്യുന്നതൊന്നും ദോഷമല്ലെന്നു ഒറോതയുടെ വിശ്വാസം ന്യായവാദംചെയ്തു. അതിനപ്പുറം ചിന്തിക്കാൻ അവൾക്കു കഴിവുണ്ടായിരുന്നില്ല.

അഞ്ജലിബദ്ധനായി അയാൾ അല്പനേരം കണ്ണടച്ചു ധ്യാനിച്ചു. പിന്നീടു കണ്ണുതുറന്നു ഫലഭാഗം പറഞ്ഞുതുടങ്ങി. അറിയേണ്ടതെല്ലാം ഒറോത അറിഞ്ഞു. ഊഹിച്ചുപോലെതന്നെ കാര്യങ്ങൾ. ഒന്നുമാത്രം അവൾ ഒട്ടും പ്രതീക്ഷിച്ചതല്ല. തന്റെ ഓമൽക്കുമാരനു് പതിനേഴാമത്തെ വയസ്സിൽ വലിയ ഒരാപത്തു നേരിടുമെന്നുള്ളതു്. ആ അറിവു് അവളെ അമ്പരപ്പിച്ചു. ഒരു ബോധക്കേടുപോലെ വന്നു. കുട്ടി അവൾക്കു ജീവന്റെ ജീവനായിരുന്നു. ലാടൻ ധൈര്യപ്പെടുത്തി. "ആ ആപത്തു നീക്കാവുന്നതാണു്. സൽക്കർമ്മങ്ങൾകൊണ്ടു് അതു നീങ്ങിപ്പോകും."

"സൽക്കർമ്മങ്ങളോ? എന്റെ തങ്കക്കുടത്തിനുവേണ്ടി ഞാൻ എന്തു ത്യാഗവും ചെയ്യാനൊരുക്കമാണു്."

ലാടൻ കൂസലെന്യേ പ്രായശ്ചിത്തങ്ങൾ നിർദ്ദേശിച്ചു. മൂന്നു ദിവസം ഉപവസിക്കണം. ഏഴുപേർക്കു മൃഷ്ടാന്നഭോജനം നല്കണം. അല്പം ആലോചിച്ചിട്ടു്: "വേലാങ്കണ്ണി മാതാവിനു് ഒരു കർബാനയും."

സത്യവിശ്വാസിക്കു വെറുപ്പുവരുത്തുന്ന വ്യവസ്ഥകളൊന്നുമില്ല. പ്രശ്നക്കാരന്റെ കീശ വീർപ്പിക്കുന്ന മിരട്ടുകളൊന്നുമില്ല. ആ ത്യാഗസമ്പന്നന്റെ ഉദ്ദേശ്യശുദ്ധിയെ അവൾ മനസാ വാഴ്ത്തി. എല്ലാം തികയ്ക്കുവാൻതന്നെ ഉറച്ചു. ഒരു സംശയംമാത്രം ബാക്കിവന്നു. വേലാങ്കണ്ണിൽ ആരു പോകും? അവൾക്കു സാദ്ധ്യമല്ല. മററാരും പോകുന്നതായി അറിവുമില്ല.

ലാടൻ പറഞ്ഞു: "അതുകൊണ്ടു വിഷാദിക്കേണ്ട. സഞ്ചാരിയായ ഞാൻ ആണ്ടുതോറും അവിടെപോകും. ഡിസംബർ എട്ടാംതിയതി തിരുനാൾ. മാതാവിന്റെ പാദത്തുങ്കൽചെന്നു ഭജനമിരുന്നുകൊള്ളാമെന്നു നേർച്ചയുണ്ടു്. കഴുത്തിൽ ശ്വാസമുണ്ടെങ്കിൽ പോയേതീരൂ. ഞാൻ പോകും." അയാളുടെ ഭക്തിനിഷ്ഠയിൽ അവൾക്കു വിശ്വാസം ജനിച്ചു.

"അങ്ങനെയെങ്കിൽ ഞാൻ കർബാനയ്ക്കു പണം തന്നയക്കാം. മറക്കാതെ ചൊല്ലിക്കണം. കുഞ്ഞിന്റേയും കുടുംബത്തിന്റേയും ഭാവിയെ സ്പർശിക്കുന്ന കാര്യമല്ലേ. ഒട്ടും അമാന്തം വരുത്താമോ?" അവൾ പണമെടുത്തു ലാടനെ ഏല്പിച്ചു. അഞ്ചുരൂപ. അനേകനാളത്തെ സമ്പാദ്യം ആപത്തു നീക്കാൻ കൊടുത്തുവിട്ടു. അവൻ ആ രൂപ വാങ്ങി നെററിയിൽതൊട്ടു ത്രിതാസ്തുതിചൊല്ലുന്നതു ഒറോത വിശ്വാസപൂർവ്വം നോക്കിനിന്നു.

* * *

ഡിസംബർ എട്ടു്. ഒറോത രാവിലേ പള്ളിയിൽ പോയി കർബാനകണ്ടു വീട്ടിൽ മടങ്ങിയെത്തി. അവളുടെ മാതാമഹിക്കു സുഖമില്ലെന്നറിയിക്കുവാൻ ആൾവന്നിരിക്കുന്നു. അവൾ വേഗം പുറപ്പെട്ടു. നാലഞ്ചുമൈൽ നടന്നു. ഒരിടവഴിയിലേക്കു തിരിഞ്ഞപ്പോൾ നമ്മുടെ ലാടൻ അതാ ഒരു ഹൈന്ദവഗൃഹത്തിൽനിന്നു ഇറങ്ങിവരുന്നു. ആ വീട്ടുകാരുടെ ആപത്തൊഴിക്കുവാൻ കാശിയിൽ ചെന്നു വഴിപാടുകഴിക്കണമെന്നുംപറഞ്ഞു പണവുംപററി വരുന്നവഴിയാണു്. ഒറോത സൂക്ഷിച്ചുനോക്കി. അവൾക്കു ആൾ തെററിപ്പോയില്ല. ഡിസംബർ എട്ടാം തിയതി വേലാങ്കണ്ണി മാതാവിന്റെ തിരുനാളിൽ സംബന്ധിക്കുമെന്നും, ഭജനമിരിക്കുമെന്നും, കർബാന ചൊല്ലിക്കുമെന്നും പറഞ്ഞയാൾതന്നെ.

"അപ്പോൾ നീ എന്നെ പററിക്കയായിരുന്നു, അല്ലേ മഹാപാപി!" അവൾ



മറിയത്തിന്റെ വിമലഹൃദയമേ, ഇൻഡ്യക്കുവേണ്ടി പ്രാർത്ഥിക്കണമെ.
(300 ദി. ദ. വി.)

മൂക്കിന്മേൽ വിരൽവച്ചുകൊണ്ടു ചോദിച്ചു: "നിന്റെ തൊഴിലിതാണു്. സാധുക്കളെ കബളിപ്പിക്കുക. ഇങ്ങനെ എത്രായിരം പേരെ വഞ്ചിച്ചു പണം വാങ്ങിക്കാണും." ലാടൻ കേട്ടതുപാതി, കേൾക്കാത്തതുപാതി, ഭാണ്ഡവുംപേറി തലയും താഴ്ത്തി നിമിഷം നടന്നു മുന്നോട്ടുപോയി.

"അല്ലേലും എനിക്കങ്ങനെ വരണം." ഒറോത സ്വയം സമാശ്വസിച്ചു. "എത്രതവണ വികാരിയച്ചൻ പള്ളിയിൽ പറഞ്ഞിട്ടുണ്ടു്: "നിങ്ങൾ ദുഃഖദുരിതങ്ങൾക്കു കാരണം തിരഞ്ഞുകൊണ്ടു പ്രശ്നക്കാരേയും മന്ത്രവാദികളേയും സമീപിക്കരുതു്. അവർ നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ ചെയ്യരുതു്. അവരുടെ തട്ടിപ്പുകളിൽ അകപ്പെടരുതു്. മേല്പട്ടക്കാർ നിശ്ചയിക്കുന്ന തപശ്ചര്യങ്ങൾ അനുഷ്ഠിക്കാനും ദാനധർമ്മങ്ങൾ ചെയ്യാനും മടിക്കുന്നവർ പ്രശ്നംനോക്കുന്നവരുടെ കല്പനകളെ അക്ഷരശഃ അനുവർത്തിക്കുവാൻ വെമ്പുന്നതു എത്ര നിർഭാഗ്യകരമായിരിക്കുന്നു."

"ഇനി ഒരിക്കലും ഇത്തരക്കാരെ എന്റെ വേലിയകത്തു കയററുകയില്ല" എന്നു പിറുപിറുത്തുകൊണ്ടു് ഒറോത മന്ദം മന്ദം നടന്നു മാതാമഹിയുടെ ഭവനത്തിൽ ചെന്നുചേർന്നു.

## നിങ്ങൾക്കറിയാമോ?

(2-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ആസ്ത്രേലിയായിൽ സിഡ്നിയിലെ മെത്രാപ്പോലീത്തായായ കാർഡിനൽ ഗിൽറോയി.

2 ഇൻഡ്യയിലെ എല്ലാം വൈദികാദ്ധ്യക്ഷന്മാരും, സന്യാസസഭാശ്രേഷ്ഠന്മാരും കാനൻലോ വിദഗ്ദ്ധന്മാരും.

3 48

4 4

5 അപ്പസ്തോലിക് പ്രിഫെക്ചർ എന്നു പറയുന്നതു് പ്രിഫെക്ററ് അപ്പസ്തോലിക് എന്ന സ്ഥാനപ്പേരുള്ള ഒരു വൈദികശ്രേഷ്ഠനാൽ ഭരിക്കപ്പെടുന്ന ഭൂവിഭാഗമാണു്. ഹൈരാർക്കി സ്ഥാപിതമായിട്ടില്ലാത്ത മിഷൻപ്രദേശങ്ങളിലാണു് ഈവിധത്തിൽ ഭരണം നടക്കുന്നതു്. ഭരണാധികാരി സാധാരണമായി ഒരു വൈദികനായിരിക്കും. അദ്ദേഹത്തിനു പട്ടം (Major orders) കൊടുക്കുന്നതിനു അധികാരമില്ലെങ്കിലും സ്വഭരണസീമയിൽ, മെത്രാന്മാരെപ്പോലെതന്നെ ഭരണസംബന്ധമായ മററധികാരങ്ങൾ പ്രയോഗിക്കാവുന്നതാണു്. അദ്ദേഹം നേരിട്ടു പരിശുദ്ധസിംഹാസനത്തിന്റെ കീഴാണു്. ഇൻഡ്യയിൽ ഗൊറാക്പൂർ, സിക്കിം മുതലായ അപ്പസ്തോലിക് പ്രിഫെക്ചറുകളുണ്ടു്.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യംസാധിച്ചതിനു കൃതജ്ഞത. തൊമ്മൻ മത്തായി കണ്ടിരിക്കൽ, ചിററൂർ, തൊടുപുഴ

---

## വിമാനം

(11-ാം പേജ് തുടർച്ച)

രമ്യം അങ്ങിൽ ഉണ്ടായിരിക്കണം. അമ്മയും മകനും തമ്മിൽ സാധർമ്മ്യമുണ്ടായിരിക്കണമെന്നുള്ളതു പ്രകൃതിനിയമമല്ലെ! മിശിഹാ മകനാണെങ്കിൽ അങ്ങയുടെ അമ്മ അങ്ങയോടു സാധർമ്മ്യം വഹിക്കേണ്ടയോ? അതുകൊണ്ടാണു് ഒരു സൃഷ്ടിക്കു എത്രകണ്ടു സാദ്ധ്യമാണൊ അത്രയും നന്മകളാൽ പരി. മറിയം സമ്പൂർണ്ണയാണെന്നു പറയുന്നതു്. "അവൾ നിത്യജ്യോതിസ്സിന്റെ പ്രഭയും ദൈവമഹത്വത്തിന്റെ കളങ്കരഹിതമായ ദർപ്പണവും അവിടുത്തെ നന്മയുടെ പ്രതിച്ഛായയുമാകുന്നു." (ജ്ഞാന. VII 26)

ഗബ്രിയേൽ ദൈവദൂതനോടുകൂടി നാം സ്നേഹത്തോടും ഭക്തിയോടുംകൂടി നമ്മുടെ അമ്മയെ "നന്മനിറഞ്ഞവളെ" എന്നു് അഭിസംബോധനചെയ്യുമ്പോൾ നമ്മുടെ ആദ്ധ്യാത്മികസ്ഥിതിയിലേക്കും ഒരെത്തിനോട്ടം ആവശ്യമാണു്. നാം വരപ്രസാദവിമാനത്തിലാണൊ സ്ഥിതിചെയ്യുന്നതു്? അഥവാ, അതിൽനിന്നു് എടുത്തുചാടി പാപലോകത്തിൽ ജീവിക്കയാണൊ? അങ്ങനെയെങ്കിൽ അനുതാപവും പാപസങ്കീർത്തനവും വഴിയായി വീണ്ടും ആ വിമാനത്തിൽ കയറുവാൻ ഉടനടി ഉദ്യുക്തരാകണം. വീണ്ടും അതിൽനിന്നു ചാടാതിരിപ്പാൻ സൂക്ഷിക്കണം. ഉയരത്തിൽതന്നെ നാം പറക്കുവാൻ ശ്രമിക്കണം. പാപാസക്തിയും ലഘുവായ പാപങ്ങളും നിമിത്തം നാം വളരെ താഴ്ന്നാണു് പറക്കുന്നതെങ്കിൽ നാം പാപത്തിലേക്കു കൂടുതൽ ആകൃഷ്ടരായി വിമാനത്തിൽനിന്നു എടുത്തുചാടുവാൻ എളുപ്പമുണ്ടു്. നാം മേലോട്ടു നോക്കിയാൽ, അതാ, അത്യുച്ചിയിൽ നമ്മുടെ അമ്മയായ പരി. കന്യക, രാജാളിപ്പക്ഷി തന്റെ കുഞ്ഞുങ്ങളെ മുകൾപ്പരപ്പിലേക്കു പറക്കുവാൻ പഠിപ്പിക്കുന്നതുപോലെ, നമ്മെ സ്നേഹപൂർവ്വം ക്ഷണിക്കയും ഉത്തേജിപ്പിക്കയും ചെയ്യുന്നു. ഈ അമ്മയുടെ സഹായത്താൽ വരപ്രസാദവിമാനത്തിൽതന്നെ മൃതിയടയുന്നതിനും സ്വർഗ്ഗകവാടത്തിലേക്കു വഹിക്കപ്പെടുന്നതിനും നമുക്കിടയാകട്ടെ. (ജെ. ചെമ്മണൂർ)

# ഇന്ത്യൻസംസ്കാരം ലോകത്തിനു കെടാവിളക്കോ?

(ജോസഫ് പെട്ട എം. എ. (ഓണേഴ്സ്)

III

ഇനി മറെറാരു തോതുവച്ചു് ഇന്ത്യൻ സംസ്കാരത്തിന്റെ ധാർമ്മികത്വം അളന്നുനോക്കാം. സാക്ഷാത്തായ ധർമ്മബോധത്തിന്റെ ബഹിഃസ്ഫുരണമാണല്ലോ സമസൃഷ്ടിസ്നേഹം. ഇക്കാര്യത്തിൽ ആധുനികഭാരതത്തിന്റെ നിലയെന്താണു്? പാശ്ചാത്യരാജ്യക്കാർ ലോകമാസകലം ജാതിമതഭേദംകൂടാതെ വിപുലമായ തോതിൽ വ്യക്തിപരമായും സംഘടിതമായും നടത്തിക്കൊണ്ടിരിക്കുന്ന ആതുരശാലകൾ, അനാഥമന്ദിരങ്ങൾ, അവശസങ്കേതങ്ങൾ, അബലാസമുദ്ധാരണഭവനങ്ങൾ, പരിത്യക്തരായ പിഞ്ചുപൈതങ്ങളെ തേടിപ്പിടിച്ചു പോററിരക്ഷിക്കുന്ന ധർമ്മസ്ഥാപനങ്ങൾ, കുഷ്ഠരോഗികൾക്കുള്ള ആലംബകേന്ദ്രങ്ങൾ ആദിയായ നിരവധി ജീവകാരുണ്യപ്രസ്ഥാനങ്ങളോടു കിടപിടിക്കത്തക്ക ഏതെങ്കിലും ഒരു കർമ്മസരണി ഇന്നത്തെ ഇന്ത്യൻ സംസ്കാരത്തിന്റേതായി ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ? ഡോക്ടർ പട്ടാഭി പറയുന്നതു കേട്ടാലും: "The Empire builders have gone. But the Missionaries who were with them all the time have been doing yeomen service to the country. All the social services one finds in the country now are the handiwork of the Missionaries. We are beholden to them for the magnificent social service they have rendered us." മന്ത്രി മി. മാധവമേനോനും ഈ അഭിപ്രായം തന്നെയാണു പ്രകടിപ്പിക്കുന്നതു്. തനിക്കു ക്രിസ്ത്യൻ മിഷനറി സ്ഥാപനങ്ങളോടു അത്യധികം ബഹുമാനമാണുള്ളതു്; മിഷനറിമാർ, നിരാശ്രയരായ സ്ത്രീകൾ ആസ്പത്രികളിൽ കിടന്നു പ്രസവിക്കുന്ന കുട്ടികളെ ഏറെറടുത്തു സംരക്ഷിക്കുന്നു; കാരാഗൃഹങ്ങൾ സന്ദർശിച്ചു തടവുകാരെ സമാശ്വസിപ്പിക്കുന്നു എന്നിങ്ങനെ പ്രസ്താവിച്ചശേഷം അദ്ദേഹം തുടരുന്നു. "But I have yet to see a Hindu Missionary or a member of a Muth coming forward to cater to the religious needs of the prisoners." പാശ്ചാത്യപൗരസ്ത്യസംസ്കാരങ്ങൾ തമ്മിലുള്ള ശ്രദ്ധേയവും അർത്ഥസൂചകവുമായ ഈ വ്യത്യാസം വിശദീകരിക്കുന്ന ഉദാഹരണങ്ങൾ ഇനിയും അനവധി ഉദ്ധരിക്കാവുന്നതാണു്.

മൃഗജന്തുക്കളോടുള്ള പെരുമാററത്തിലാണു നമ്മുടെ മറെറാരു പ്രത്യേകത പ്രകടമാകുന്നതു്. പാമ്പു്, പഴുതാര, തേളു്, തേരട്ട എന്നിങ്ങനെ മനുഷ്യർക്കു ഉപദ്രവകാരികളായ ക്ഷുദ്രജീവികളെ കൊല്ലുന്നതിനു വൈമുഖ്യം പ്രദർശിപ്പിക്കുന്ന അനവധി "അഹിംസാവാദികൾ" നമ്മുടെ നാട്ടിലുണ്ടു്. ഗോവധനിരോധനനിയമനിർമ്മാണത്തിനു വേണ്ടി വെമ്പൽക്കൂട്ടുന്നവരും നിരവധിയാണു്. പക്ഷേ, തങ്ങളുടെ സംരക്ഷണയിലുള്ള പശു, കാള മുതലായ മൃഗങ്ങളെ വേണ്ടവിധം തീററിപ്പോററുന്നതിൽ ശരിയായ ശ്രദ്ധ ചെലുത്തുന്നവർ എത്ര ചുരുക്കം. കുട്ടിക്കു കുടിക്കുന്നതിനുപോലും ഒരു തുള്ളി പാൽ ബാക്കിവയ്ക്കാതെ മൂന്നു നേരം "അറുകറ" കറന്നു പശുവിനെയും കുട്ടിയെയും കേവലം അസ്ഥിപഞ്ജരങ്ങളാക്കിയശേഷം കറ വററിയാലുടനെ "കിട്ടുന്നകാശിനു" കശാപ്പുകാരനു വിററു ശാപമൊഴിയുന്ന പതിവു നമ്മുടെ നാട്ടിലെപ്പോലെ മററു വല്ലേടത്തുമുണ്ടോ? ഇതുപോലെതന്നെ, അർദ്ധപ്രാണങ്ങളായ കാളകളേയും പോത്തുകളേയും അമിതഭാരം കയററിയ വണ്ടിക്കു പൂട്ടി നിർദ്ദയം പ്രഹരിച്ചു പുറംപൊട്ടിക്കുന്ന കാഴ്ചയും നമ്മുടെ നാട്ടിൽ സാധാരണമാണു്. അതിനെപ്പററി ചോദ്യംചെയ്യുന്നതിനും ആളില്ല. ഗാന്ധിജി ഒരിക്കൽ (27-12-1947) പറയുകയുണ്ടായി: "നോട്ടക്കുറവുനിമിത്തം നമ്മുടെ കാലിവർഗ്ഗം നാടിനു ഒരു ഭാരമായിത്തീർന്നിരിക്കുന്നു. ഗോവധത്തെപ്പററി മുസ്ലിമിങ്ങളെ പഴിക്കുന്നതു മികച്ച അജ്ഞതയാണു്. ഹിന്ദുക്കളാണു ക്രൂരമായ പെരുമാററംകൊണ്ടു കന്നുകാലികളെ "ഇഞ്ചിഞ്ചായി" കൊല്ലുന്നതു്. ഉടനടി കൊല്ലുന്നതിനെക്കാൾ അത്യധികം ക്രൂരമാണു പീഡനമേല്പിച്ചു ക്രമശഃ കൊല്ലുന്നതു്." ഇത്തരത്തിലുള്ള ധർമ്മബോധമാണോ ലോകത്തിനു എന്നും കെടാവിളക്കായി പ്രകാശിക്കേണ്ടതു്? പാശ്ചാത്യരാകട്ടെ, മൃഗങ്ങളെ സംബന്ധിച്ചേടത്തോളം മേല്പറഞ്ഞ തരത്തിലുള്ള അഹിംസാവാദികളല്ല. ദുഷ്ടമൃഗങ്ങളെ സംഹരിക്കുന്നതിലും ആവശ്യമുള്ളപ്പോൾ വീട്ടുമൃഗങ്ങളെക്കൊന്നു ഭക്ഷണത്തിനു് ഉപയോഗിക്കുന്നതിലും അവർ വൈമുഖ്യം നടിക്കാറില്ല. അതേസമയംതന്നെ, തങ്ങൾ വളർത്തുന്ന മൃഗങ്ങളെ ഉദാരമായി തീററി സംരക്ഷിക്കുന്നതിലും അവർ അതീവ ശ്രദ്ധാലുക്കളാണു്. വേലയ്ക്കുപയോഗിക്കുന്ന മൃഗങ്ങളെ അവർ നിർദ്ദയം മർദ്ദിക്കാറില്ല. അങ്ങനെ ചെയ്യുന്നവരെ തേടിപ്പിടിച്ചു യഥാവിധി ശിക്ഷിപ്പിക്കുന്നതിനുള്ള സംഘടനകളും (S. P. C. A.) അവർക്കുണ്ടു്. അത്തരം സംഘടനകളുടെ ശാഖകൾ ഭാരതമുൾപ്പെടെയുള്ള അന്യരാജ്യങ്ങളിൽ അവർ സ്ഥാപിച്ചിട്ടുമുണ്ടു്; പക്ഷേ നമ്മുടെ സർവ്വസാധാരണമായ അധർമ്മമാമൂലുകൾമൂലം അവയുടെ പ്രവർത്തനം ഇവിടെ അത്ര ഫലിക്കുന്നില്ലെന്നുമാത്രം. ഇതാണു പാശ്ചാത്യരുടേയും നമ്മുടേയും അഹിംസാപ്രസ്ഥാനങ്ങൾ തമ്മിലുള്ള പ്രായോഗികമായ അന്തരം.

ഇന്ത്യൻജനതയുടെ ധാർമ്മികാവബോധത്തെക്കുറിച്ചുള്ള ഈ വിമർശനം ഇനിയും ദീർഘിപ്പിക്കേണ്ടതില്ല. "സത്യമേവ ജയതേ", "അഹിംസാ പരമോ ധർമ്മഃ" "പരോപകാരാർത്ഥം ഇദം ശരീരം" എന്നൊക്കെ പ്രസംഗവേദികളിൽനിന്നു് ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ഭാരതീയർ തങ്ങളുടെ അനുദിനജീവിതത്തിൽ ആ ഉൽകൃഷ്ടാദർശങ്ങൾക്കു് എന്തു സ്ഥാനമാണു കൊടുത്തിട്ടുള്ളതെന്നു മേൽ വിവരിച്ച സംഗതികൾ വ്യക്തമാക്കുന്നുണ്ടല്ലോ. "ഏട്ടിലപ്പടി, പയററിലിപ്പടി," എന്നാണു നമ്മുടെ നിത്യാനുഭവം വിളിച്ചുപറയുന്നതു്.

ഉപസംഹരിക്കുന്നതിനുമുമ്പായി, ലേഖനത്തിലെ മറെറാരു പ്രസ്താവനയെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. "പാശ്ചാത്യസംസ്കാരം ലൗകികപ്രധാനമെങ്കിൽ പൗരസ്ത്യസംസ്കാരം ആദ്ധ്യാത്മികം അഥവാ ധാർമ്മികപ്രധാനമാണു്" എന്നത്രെ ലേഖകന്റെ പ്രസ്താവന. ഇതിൽ എത്രകണ്ടു യാഥാർത്ഥ്യമുണ്ടെന്നു കുറെ നാം ഗ്രഹിച്ചുകഴിഞ്ഞു. ഇനിയും ഒന്നുരണ്ടു സംഗതികൾകൂടി മനസ്സിലാക്കേണ്ടതുണ്ടു്. പാശ്ചാത്യസംസ്കാരം എന്നു നാം പറയുമ്പോൾ അതിൽ യൂറോപ്പു്, അമേരിക്കാ, ആഫ്രിക്കാ, പടിഞ്ഞാറൻ ഏഷ്യ എന്നി ഭൂവിഭാഗങ്ങളെ അധിവസിക്കുന്ന ഉദ്ദേശം 40-കോടിയോളം വരുന്ന കത്തോലിക്കരുടെ സംസ്കാരവുംകൂടി ഉൾപ്പെടുന്നുണ്ടു് എന്ന വസ്തുത നാം വിസ്മരിച്ചുകളയരുതു്. ഈ സംസ്കാരമാകട്ടെ, ആധുനികഭാരതസംസ്കാരത്തെക്കാൾ എത്രയോ ഉപരി കർമ്മോന്മുഖമായ ധാർമ്മികചൈതന്യമുള്ളതാണെന്നു്, ഇരുസംസ്കാരങ്ങളേയുംപററി അവധാനപൂർവ്വം പഠിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കാതിരിക്കയില്ല. കത്തോലിക്കേതരന്മാരോ, അഥവാ കത്തോലിക്കാമതസിദ്ധാന്തങ്ങൾ പ്രായേണ ഉപേക്ഷിച്ചിട്ടുള്ളവരോ ആയ ജനവിഭാഗങ്ങൾ നിബിഡമായി നിവസിക്കുന്ന ചില വമ്പിച്ച പട്ടണപ്രദേശങ്ങളിൽ ഏറെക്കുറെ ഭൗതികാത്മകമായ ഒരു ജീവിതാദർശവും സമുദായവ്യവസ്ഥിതിയും പ്രചരിക്കുന്നതായി കണ്ടേക്കാം. പക്ഷേ അതുമാത്രം ആധാരമാക്കി "പാശ്ചാത്യസംസ്കാരം ലൗകികപ്രധാനമെങ്കിൽ" എന്നു വിധിക്കുന്നതു അബദ്ധമായിരിക്കും. ബഹുഭൂരിപക്ഷം ജനങ്ങളുടെ ആവാസസ്ഥാനമായ നാട്ടിൻപുറങ്ങളിലെ അനുദിനജീവിതരീതിയെക്കുറിച്ചു ജ്ഞാനമില്ലാത്തതുകൊണ്ടാണു് അത്തരം അബദ്ധപ്രസ്താവനകൾക്കിടവരുന്നതു്. ഐശ്വര്യസമൃദ്ധിയുള്ള ദിക്കുകളൊക്കെ ഭൗതികത്വത്തിന്റെ കേളീരംഗമാണെന്നും, പ്രത്യുത, ദാരിദ്ര്യക്കുണ്ടിൽകിടന്നു നട്ടംതിരിയുന്ന രാജ്യങ്ങളൊക്കെ ആദ്ധ്യാത്മികത്വത്തിന്റെ കേന്ദ്രങ്ങളാണെന്നും ഉള്ള ഒരു സാമാന്യതെററിദ്ധാരണയും മേൽപ്പറഞ്ഞ അബദ്ധവിധിക്കു് അരുനില്ക്കുന്നുണ്ടു്. പോരെങ്കിൽ, യഥാർത്ഥക്രിസ്തീയത്വസിദ്ധാന്തങ്ങൾ തിരസ്കരിച്ചു സ്വേച്ഛാനുസൃതമായ ജീവിതക്രമം അവലംബിക്കുകനിമിത്തം അനേകകാലമായി "ആത്മാവിന്റെ ഫലശൂന്യതയും ഗൗരവാവഹമായ ആദ്ധ്യാത്മികദാരിദ്ര്യവു"മെന്ന മണലാരണ്യത്തിൽപെട്ടു നട്ടംതിരിയുന്ന ചില പാശ്ചാത്യവിദ്വച്ഛിരോമണികൾ—അഥവാ, ധാർമ്മികമൂല്യങ്ങൾ നിശ്ശേഷം നഷ്ടപ്പെട്ടു്, ഭൗതികത്വസാഗരത്തിൽ ചുക്കാനും നങ്കൂരവുമില്ലാതെ അലഞ്ഞുതിരിയുന്ന "അഗ്രഗണ്യന്മാരായ" ചില ശാസ്ത്രജ്ഞന്മാർ—തങ്ങളുടെ ചുററും നിലകൊള്ളുന്ന കത്തോലിക്കാമതത്തോടുള്ള അവജ്ഞയും വിദ്വേഷവുംമൂലം അതിന്റെ ആദ്ധ്യാത്മികവൈശിഷ്ട്യവും ധാർമ്മികമനോഹാരിതയുംകണ്ടാസ്വദിക്കുന്നതിനു് അപ്രാപ്തരായിഭവിച്ചിട്ടുള്ള ചില ഗവേഷണപടുക്കൾ—, വിദൂരസ്ഥമായ പൗരസ്ത്യസമുദായങ്ങളിലെ വല്ലൊരു ആദ്ധ്യാത്മികചിന്താശകലമൊ ധാർമ്മികാചാരമൊ തങ്ങളുടെ ദൃഷ്ടിയിൽ എത്തുപെട്ടാൽ, അതിനെ, കാണാൻ കൊതിച്ചിരുന്നു കണ്ടെത്തിയ ഏതൊ അസുലഭവിശിഷ്ടവസ്തുവെന്നോണം, മതിമറന്നു വാനോളം വാഴ്ത്തിപ്പുകഴ്ത്തുന്ന പതിവും സാധുക്കളായ അനുവാചകരെ വഴിപിഴപ്പിക്കുന്നതിനു വളരെ സഹായിച്ചിട്ടുണ്ടു്. എന്നാൽ ഏതദ്ദേശങ്ങളായ അവജ്ഞയും അന്ധതയുംകൂടാതെ, നിഷ്പക്ഷദൃഷ്ട്യാ വാസ്തവം പരിശോധിക്കുന്ന പക്ഷം, സാക്ഷാത്തായ മതവിശ്വാസം, സജീവമായ മതാനുഷ്ഠാനം, പ്രാവർത്തികമായ ധർമ്മബോധം, നിഷ്കൃഷ്ടമായ സത്യനിഷ്ഠ, കർമ്മധീരമായ പരസ്നേഹം ആദിയായ വിശിഷ്ടഗുണലക്ഷണങ്ങൾ പാശ്ചാത്യലോകത്തിലെ കത്തോലിക്കാസംസ്കാരത്തിൽ പ്രതിഫലിച്ചു കാണുന്നതുപോലെ ഭാരതസംസ്കാരത്തിൽ ഒരേടത്തും കാണുന്നതിനു സാധ്യമല്ലെന്നു വ്യക്തമാകുന്നതാണു്. അടുത്തകാലത്തു സുദീർഘമായ പാശ്ചാത്യപര്യടനം നടത്തി സാമുദായികസ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷണം ചെയ്ത അതിവന്ദ്യ വൈദികാദ്ധ്യക്ഷന്മാരായ ഡോക്ടർ അട്ടിപ്പേററി, മാർ ഇവാനിയോസു് എന്നി തിരുമേനിമാരുടെ മഹൽസാക്ഷ്യവും പ്രസ്തുത പരമാർത്ഥം സംശയലേശരഹിതം വിശദീകരിച്ചുറപ്പിക്കുന്നുണ്ടു്. 1947-ഡിസംബർമാസത്തിൽ ഡോക്ടർ അട്ടിപ്പേററി അമേരിക്കയിൽനിന്നയച്ച ക്രിസ്തുമസ് സന്ദേശത്തിൽ തിരുമനസ്സുകൊണ്ടു പറയുന്നതിപ്രകാരമാണു്: "നാം മുമ്പു് ഒരെഴുത്തിൽസൂചിപ്പിച്ചിരുന്നവിധം, ഇവിടെയുള്ള അമേരിക്കാക്കാരായ കത്തോലിക്കരെപ്പോലെ, അനുദിനജീവിതംകൊണ്ടു തങ്ങളുടെ വിശ്വാസത്തെ പ്രഖ്യാപനംചെയ്യുന്നതിനു ഭയമില്ലാത്ത യഥാർത്ഥ കത്തോലിക്കർ നിങ്ങൾ ആയിത്തീരുവാൻ നാം ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തങ്ങളുടെ ഉദാരമായ ധർമ്മതൽപരത, മിഷനറിപ്രവർത്തനങ്ങളിലുള്ള ശുഷ്കാന്തി, കൂദാശകളുടെ കൂടെക്കൂടെയുള്ള സ്വീകരണം എന്നിവ പ്രത്യക്ഷപ്പെടുത്തുന്ന അവരുടെ വിശ്വാസദാർഢ്യം നമ്മെ പലപ്പോഴും ആകൃഷ്ടചിത്തനാക്കിത്തീർത്തിട്ടുണ്ടു്. അവരുടെ ധർമ്മധീരതയും ഉദാരമനസ്കതയുംമൂലം ദൈവം അവരെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കുന്നു." വീണ്ടും മറെറാരു എഴുത്തിൽ തിരുമേനി പറയുന്നു: "പലപ്പോഴും ഞാൻ ഇവിടത്തെ പള്ളികളിൽ ചെല്ലുമ്പോൾ ഈ ദിഗ്വാസികളായ അനേകമനേകം കത്തോലിക്കരിൽ കാണുന്ന പ്രായോഗികമായ വിശ്വാസദാർഢ്യം എന്നെ വിസ്മയഭരിതനാക്കാറുണ്ടു്." (അനവധി ഉദാഹരണങ്ങൾ എടുത്തുകാട്ടിയശേഷം തുടരുന്നു) "ചിലപ്പോൾ ആഴ്ചവട്ടത്തിലെ സാധാരണദിവസങ്ങളിൽപ്പോലും ഉച്ചക്കു 12 മണിക്കു കുർബാനയുണ്ടായിരിക്കും. വൃദ്ധരും ചെറുപ്പക്കാരുമായ വളരെ സ്ത്രീപുരുഷന്മാർ ആ സമയത്തും കുർബാനയ്ക്കും ദൈവകാരുണ്യസ്വീകരണത്തിനുമായി പള്ളിയിൽ വരാറുണ്ടു്. കച്ചവടസ്ഥലങ്ങളിലെ, ഓഫീസുകളിലെ ഓരോ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ കാലത്തെ പ്രവൃത്തിസമയം കഴിഞ്ഞു കിട്ടുന്ന വിശ്രമസമയത്തിനിടയ്ക്കാണു് ഇപ്രകാരം പള്ളിയിൽ വരുന്നതു്. കുർബാന കൈക്കൊള്ളാൻവേണ്ടി ഉച്ചയ്ക്കുമുമ്പുള്ള സമയം മുഴുവൻ ഉപവസിച്ചുകൊണ്ടായിരിക്കും അവർ ജോലി ചെയ്യുക. എത്ര അഗാധവും അത്ഭുതകരവുമായിരിക്കണം ഇവരുടെ ഭക്തിവിശ്വാസങ്ങൾ! ഹാ! ദൈവമെ, വിശ്വാസം, പ്രദർശിപ്പിക്കുവാൻ ലജ്ജിക്കാത്തവരും വിശ്വാസം പരിശീലിക്കുന്നതിനുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുന്നവരുമായി മേൽവിവരിച്ചവരെപ്പോലെ വിശ്വാസമുള്ള ആളുകൾ എന്നാണു നമുക്കുണ്ടാകുക." വീണ്ടും കഴിഞ്ഞ സെപ്റ്റംബർമാസത്തിൽ പൊന്നുരുന്തിയിൽ വച്ചു തിരുമനസ്സിലേക്കു നൽകിയ സ്വീകരണത്തിന്റെ റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു: "അമേരിക്കരുടെ സ്വയം പര്യാപ്തത, പരിശ്രമശീലം, ഔദാര്യം, സർവ്വോപരി ഈശ്വരവിശ്വാസം ഇവയാണു വാസ്തവത്തിൽ അമേരിക്കരെ ലോകോത്തരസൃഷ്ടികളാക്കിച്ചെയ്തിട്ടുള്ളതെന്നു് അവിടുന്നു സമർത്ഥിച്ചു." മാർ ഇവാനിയോസു് തിരുമേനിയും ഈ അഭിപ്രായംതന്നെയാണു തിരുമനസ്സുകൊണ്ടു ആദ്ധ്യക്ഷംവഹിച്ച പല യോഗങ്ങളിലും പ്രകാശിപ്പിച്ചതു്. ആകയാൽ അമേരിക്കൻ കത്തോലിക്കരിൽ തിരുമേനിമാർ ദർശിച്ചതായ സംസ്കാരം കേവലം ഭൗതികാത്മകം ആയിരുന്നില്ലെന്നും, പ്രത്യുത പ്രായോഗികമായ ആദ്ധ്യാത്മികതീക്ഷ്ണതയിലും കർമ്മോന്മുഖമായ ധർമ്മചൈതന്യത്തിലും ഭാരതസംസ്കാരത്തെ അതിശയിക്കുന്നതായിരുന്നു എന്നും സ്ഥാപിക്കുന്നതിനു മറെറാരു തെളിവും ആവശ്യമില്ല.

ഇതുവരെ പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽനിന്നു, സ്തുത്യർഹവും ആകർഷകവുമായൊന്നുംതന്നെ ഭാരതസംസ്കാരത്തിൽ ഇല്ലെന്നു എനിക്കു അഭിപ്രായമുള്ളതായി ആരും തെററിദ്ധരിക്കരുതെന്നു ഒരപേക്ഷയുണ്ടു്. ഭാരതസംസ്കാരം അതിപുരാതനവും പ്രസിദ്ധവുമാണു്. അതിനു് ആദ്ധ്യാത്മികസമ്പത്തും പാരമ്പര്യവുമുണ്ടു്; മതാത്മകവികാരങ്ങളോടു ബഹുമാനമുണ്ടു്. വിശിഷ്ടങ്ങളായ പല ജീവിതാദർശങ്ങളും അതുൾക്കൊള്ളുന്നുണ്ടു്. ഭാരതീയരുടെ ജീവിതപരിപാടിയിൽ ആകർഷകങ്ങളായ പല സദാചാരങ്ങളുമുണ്ടു്. എന്നിരുന്നാലും, എന്നെന്നും ഇന്ത്യക്കു് ഒരു കൈവിളക്കും ലോകത്തിനു് ഒരു കെടാവിളക്കുമായി പ്രശോഭിക്കത്തക്ക ആദർശപരിപൂർണ്ണതയോ, ആദ്ധ്യാത്മിക ഔൽകൃഷ്ട്യമോ, കർമ്മോന്മുഖമായ ധാർമ്മികാവബോധമോ, ഏവർക്കും അനുകരണീയമായ സമാധാനതല്പരതയോ, ഇന്ത്യൻസംസ്കാരത്തിനുള്ളതായി കാണുന്നില്ല—ഇത്രമാത്രമേ ഇവിടെ വിവക്ഷയുള്ളു. ഈ പരമാർത്ഥം വിശദീകരിക്കുന്നതിലേക്കു, ഭാരതസംസ്കാരത്തിൽ ആദ്യവസാനം പ്രത്യക്ഷപ്പെട്ടു കാണുന്ന ഗുരുതരമായ ചില ദൂഷ്യങ്ങളും ദുരാചാരങ്ങളും ദുർന്നയങ്ങളും എടുത്തുകാണിച്ചു എന്നുമാത്രം. പ്രാമാണികങ്ങളായ ഒന്നുരണ്ടു സാക്ഷ്യങ്ങൾകൂടി ഉദ്ധരിക്കാം. ഉത്തമ ദേശബന്ധുവും പക്വബുദ്ധിയും നല്ല തികഞ്ഞ രാജ്യതന്ത്രജ്ഞനുമായ സർ മിർസാ ഉസ്മയിൽ ഇപ്രകാരമാണു പറയുന്നതു്:

"When public affairs and service morality in our Country have sunk as low as they have, it ill befits us to pose at international conferences as the apostles of high morality. When we have become so completely intolerant, how can we, with any conscience, pose as the apostles of tolerance? How can we pose as the apostles of unity when we are the most disrupted of peoples?" (26—11—1947) ഭാരതത്തിലെ സ്ഥി

തിഗതികളെ സംബന്ധിച്ചു സുദീർഘമായ അനുഭവജ്ഞാനം സമ്പാദിച്ചിട്ടുള്ള നിരീക്ഷണപടുവായ മി. എ. സോരസ് പറയുന്നു: "A nation, where indiscipline, greed, corruption and individual, class and communal selfishness are eating up the very vitals of the national and social structure, can only invite the world's laughter if it poses as the moral leader of the world." Says Acharya Kripalani: "Confussion is the keyword of our Indian life. We have never lived except under the control of the whip".

ഭാരതത്തിന്റെ നില ഇപ്രകാരമാണെങ്കിൽ, സ്വാതന്ത്ര്യലബ്ധിയോടുകൂടി ആഗതമായിട്ടുള്ള ഈ നവയുഗത്തിന്റെ പൊൻപുലരിയിൽ ഭാരതീയ കത്തോലിക്കരുടെ കർത്തവ്യമെന്താണ്? അതിവപ്രാധാന്യമർഹിക്കുന്നതും സുദീർഘപ്രതിപാദനം ആവശ്യപ്പെടുന്നതുമായ ഈ മഹാപ്രശ്നത്തിലേക്കു തൽക്കാലം പ്രവേശിക്കുന്നില്ല. ഒരു പ്രാരംഭമെന്നോണം ഒന്നു രണ്ടു സംഗതികൾ സംക്ഷിപ്തമായി സൂചിപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളു. ഭാരതമാസകലം ക്രിസ്തുവിലേക്കു ആനയിക്കുക എന്നുള്ളതാണല്ലൊ നമ്മുടെ പരമലക്ഷ്യം. ക്രിസ്തുവിന്റെ വാഴ്ചയിൽമാത്രമേ ക്രിസ്തുവിന്റെ സമാധാനം—അതായതു, യഥാർത്ഥവും അഭംഗുരവുമായ രാഷ്ട്രീയ-സാമുദായിക-വർഗ്ഗീയസമാധാനസംതൃപ്തികൾ—സംസ്ഥാപിതമാകയുള്ളു എന്നു വിശ്വസിക്കുന്നവരാണു നാം. ആകയാൽ അതിനു വിഘാതംവരുത്തുമാറു്, അജ്ഞതാജന്യവും തൻമൂലം അന്ധവും അമിതവുമായ ദേശീയാവേശത്തിൽ മുങ്ങിമുഴുകാതെയും; ഭാരതീയ സംസ്കാരത്തേയും നേട്ടങ്ങളേയും നേതാക്കന്മാരേയും പററി, യാഥാർത്ഥ്യങ്ങളോടു തീരെ പൊരുത്തമില്ലാത്തവിധത്തിൽ, അതിശയോക്തിയും അതിവർണ്ണനയും പ്രയോഗിച്ചു സാമാന്യജനങ്ങളെ തെററിദ്ധരിപ്പിച്ചു്, അങ്ങനെ ക്രൈസ്തവമതപ്രചാരത്തിനു പ്രതിബന്ധമുണ്ടാക്കാതെയും; നാം വിവേകബുദ്ധിയോടും ദീർഘദൃഷ്ടിയോടും മുൻകരുതലോടുംകൂടി പെരുമാറേണ്ടതു അവശ്യാവശ്യകമാണ്. മാതൃരാജ്യത്തോടുള്ള ആത്മാർത്ഥവും പ്രബുദ്ധവുമായ സ്നേഹബഹുമാനാദരങ്ങളിൽ കത്തോലിക്കർ, അവരുടെ മതസിദ്ധാന്തങ്ങൾ അനുസരിച്ചുതന്നെയും, മററുള്ള സമുദായത്തെക്കാളും മുന്നിലാണു നില്ക്കുന്നതു്. പക്ഷെ നമ്മുടെ ദേശീയബോധം, സാർവ്വജനീനവും സാർവ്വത്രികവുമായ മാനവസാഹോദര്യത്തിനും ലോകോത്തരമായ ക്രൈസ്തവാദർശങ്ങൾക്കും എതിരെ വിലങ്ങടിച്ചുനില്ക്കുന്നവയായിരിക്കരുതു്. അതുപോലെതന്നെ നമ്മുടെ വർണ്ണനകളും പ്രശംസകളും, സത്യം, സമഭാവന, നിഷ്പക്ഷത, തരതമബോധം എന്നിവയിന്മേൽ അധിഷ്ഠിതമായിരിക്കണം. അക്രൈസ്തവരാജ്യങ്ങളിൽ വേലചെയ്യുന്ന മിഷനറിമാർക്കു 1659-ൽ പ്രോപ്പഗാന്ത തിരുസംഘത്തിൽനിന്നു നല്കിയ നിർദ്ദേശങ്ങളിൽ, നിർദ്ദോഷമായ ദേശീയാചാരനടപടികളെ ആദരിക്കണമെന്നും മററും ഉപദേശിച്ചശേഷം തിരുസംഘം പറയുന്നു: "പ്രശംസാർഹമായവയെ പ്രശംസിക്കുകയും ബഹുമാനിക്കുകയും ചെയ്യുവിൻ. പ്രശംസാർഹമല്ലാത്തവയെ കപടവേഷക്കാരെപ്പോലെ നിങ്ങൾ പ്രശംസിക്കരുതു്." ഇതുതന്നെയാണു നാമും ചെയ്യേണ്ടതു്. ഭാരതസംസ്കാരത്തിൽ സ്വീകാര്യമായവ ആദരിച്ചു അനുഷ്ഠിക്കുക; ത്യാജ്യമായവ പരിപൂർണ്ണം വർജ്ജിക്കുക.

ഇതുകൊണ്ടുമാത്രമായില്ല, നാം നമ്മുടെ ആദർശപരമായ അനുദിനജീവിതമാതൃകകൊണ്ടും സന്ദർഭോചിതവും സൗഹാർദ്ദസമന്വിതമായ പ്രബോധനങ്ങൾ വഴിയായും, പരിശുദ്ധമായ ക്രിസ്തീയതത്വങ്ങളുടെ രക്ഷാകരകിരണങ്ങൾ ഭാരതസംസ്കാരത്തിന്മേൽ വീശി അതു നിർദ്ദോഷവും ഗുണപൂർണ്ണവും മുക്തിസിദ്ധിക്കു പര്യാപ്തവുമാക്കിത്തീർക്കണം. "Evangelii luce collustrando" എന്നാണു 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഉദ്ബോധനം. ഈ ആശയം ഒന്നുകൂടി വിശദമാക്കിക്കൊണ്ടു പരിശുദ്ധപിതാവു 12-ാം പീയൂസ് ഭാരതകത്തോലിക്കരെ ഉപദേശിക്കുന്നതു്, "കത്തോലിക്കരെന്ന നിലയിൽ അവർ സ്വായത്തമാക്കി ഉപാസിക്കുന്ന പിതൃസ്വത്താകുന്ന ആ സൽപ്രമാണങ്ങളിൽ രക്തബന്ധമുള്ള തങ്ങളുടെ സഹോദരങ്ങളെക്കൂടി അംശഭാക്കുകളാക്കിക്കൊണ്ടു് രാജ്യത്തിന്റെ ഭാവിക്കുവേണ്ടി സമുചിതമായ ഒരു സംഭാവന നൽകുവാൻ പ്രാപ്തരാകണം" എന്നാണ്. അതേ സന്ദേശത്തിൽ (30-1-1948) തന്നെ തിരുമനസ്സുകൊണ്ടു ഭാരതത്തിനു കാരുണ്യപൂർവ്വം കല്പിച്ചുനൽകുന്ന അതിമഹനീയമായ ആശംസ ശ്രവിച്ചാലും: "രക്തബന്ധമുള്ള സ്വന്തം സഹോദരങ്ങളുടെ പ്രേഷിതരെന്ന നിലയിൽ അവർ (കത്തോലിക്കാപ്രവർത്തനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവർ) ക്രിസ്തുവിലേക്കു അസംഖ്യം ആത്മാക്കളെ നേടുകയും ഇന്ത്യയിൽ ക്രിസ്തുവിന്റെ വാഴ്ച വിസ്തൃതമാക്കിക്കൊണ്ടു സത്യത്തിന്റേയും ജീവന്റേയും വിശുദ്ധിയുടേയും നീതിയുടേയും സ്നേഹത്തിന്റേയും സമാധാനത്തിന്റേയുമായ ആ വാഴ്ചയുടെ അനർഘാനുഗ്രഹങ്ങളെ എന്നെന്നും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യട്ടെ. ഇന്ത്യക്കു ഇതിനെക്കാൾ മഹത്തായ എന്തനുഗ്രഹങ്ങളാണു നാം ആശംസിക്കേണ്ടതു്? ഇത്രയും പവിത്രമായ ഒരു പദ്ധതിയുടെ സാക്ഷാൽക്കാരത്തെക്കാൾ മഹത്തരമായ മറെറന്തൊരു ഉൽക്കർഷേച്ഛയാണു ഇന്ത്യയിലാസകലമുള്ള കത്തോലിക്കർക്കുണ്ടാകേണ്ടതു്?" ഇന്ത്യയുടെ കൈവിളക്കും ലോകത്തിന്റെ കിടാവിളക്കും എവിടെയാണു നാം തേടേണ്ടതെന്നു ഇനി പ്രത്യേകം പ്രസ്താവിക്കണമെന്നില്ലല്ലൊ. പരിശുദ്ധപിതാവു അവ നമുക്കു മുന്നേ കാണിച്ചുതന്നിരിക്കുന്നു. അവിടുത്തെ ആശംസ സഫലീഭവിപ്പിക്കുന്നതിനാണു നാം നമ്മുടെ സകല കഴിവുകളും പ്രയോഗിക്കേണ്ടതു്. നമ്മുടെ പരമലക്ഷ്യത്തിൽ ചെന്നുചേരുന്നതിനുള്ള ഏകമാർഗ്ഗവും അതുതന്നെ. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു" എന്നാണല്ലൊ ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നതു്. ഭാരതം ഇതു ശ്രവിക്കട്ടെ, അപ്പോൾ സകല ഭാവുകങ്ങളും അവൾക്കു കൈവരും, സംശയമില്ല.

ശുഭമിഹ വളരട്ടെ, യേശുതൻ
സഭയുടെ ധാർമ്മികശക്തിമൂലമായ്,
നലമൊടു വിലസട്ടെ ശാന്തി;ഭൂ-
തലമഖിലമൈക്യവുമാർന്നിടട്ടെമേൽ.

(സമാപ്തം)

പ്രഭാഷണം

# വിമാനം

"നന്മനിറഞ്ഞമറിയമെ, നിനക്കു സ്വസ്തി" (ഗബ്രിയേൽ മാലാഖയുടെ അഭിവാദ്യം.)

"എന്തുകൊണ്ടെന്നാൽ അവൾ ദൈവികശക്തിയുടെ ബാഷ്പവും സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിൽനിന്നുള്ള ഒരു നിർമ്മലനിർഗ്ഗമനവുമാകുന്നു. ആകയാൽ അശുദ്ധമായ യാതൊന്നും അവളിൽ പ്രവേശിക്കുന്നില്ല." (ബോധജ്ഞാനം VII, 25).

ആകാശപ്പരപ്പിൽക്കൂടി ഇരമ്പിപ്പാഞ്ഞുപോകുന്ന വിമാനങ്ങളെ ആബാലവൃദ്ധം ജനങ്ങൾ കൗതുകത്തോടെ നോക്കിനിൽക്കാറുണ്ടു്. അതിൽ സഞ്ചരിക്കുന്നവരുടെ ഉന്നതസ്ഥിതിയും ഗതിവേഗതയും നമ്മുടെ അസൂയാതന്ത്രികളെ സ്പർശിച്ചേന്നും വരാം. ശാസ്ത്രാഭിവൃദ്ധിക്കതീതമായ കാലങ്ങളിൽ എത്ര സാഹസികന്മാരായ ധീരാത്മാക്കളാണു് പറക്കുവാനുള്ള പരിശ്രമത്തിൽ അകാലചരമം പ്രാപിച്ചിട്ടുള്ളതു്! എന്നാൽ ശാസ്ത്രത്തിന്റെ പടിപടിയായുള്ള പുരോഗമനവും സെപ്പലിൻപ്രഭൃതി തുടങ്ങിയ വിചക്ഷണന്മാരുടെ നിസ്തന്ദ്രപരിശ്രമവുംമൂലം പറക്കുവാനുള്ള പരിശ്രമം വിജയശ്രീലാളിതമായി. ഇന്നാകട്ടെ ശാസ്ത്രജ്ഞന്മാരുടെ ഉപര്യുപരിയുള്ള നിരീക്ഷണപരീക്ഷണങ്ങൾമൂലം പക്ഷികളെക്കാൾ വേഗത്തിലും ഉയരത്തിലും വ്യോമയാനത്തിലിരുന്നുകൊണ്ടു മനുഷ്യൻ പ്രയാണം ചെയ്യുന്നു. റെയിലുകളൊ, നിർദ്ദിഷ്ടപഥങ്ങളൊ ഒന്നും വേണ്ട; അത്യുന്നതങ്ങളായ പർവ്വതശിഖരങ്ങളുടേയും ദുർഗ്ഗമങ്ങളായ ശാദ്വലപ്രദേശങ്ങളുടേയും പ്രതിബന്ധത്തെ ഗണ്യമാക്കാതെ പ്രയാണം ചെയ്യാം. ഗതിവേഗത്തിൽ അതിനോടു താരതമ്യം ചെയ്യപ്പെടാവുന്ന വാഹനങ്ങൾ ഇല്ല. ഗതാഗതരംഗത്തിലും യുദ്ധസമ്പ്രദായങ്ങളിലും വലിയൊരു വിപ്ലവംതന്നെ വിമാനം അഴിച്ചുവിട്ടിട്ടുണ്ടു്. നന്മയും നാശവും വിതറുന്ന ഇന്നത്തെ മുഖ്യോപാധിയും അതുതന്നെ.

ദൈവത്തിന്റെ പ്രസാദവരത്തെ വിമാനത്തോടു് താരതമ്യപ്പെടുത്തുന്നതിൽ ഔചിത്യമുണ്ടെന്നു തോന്നുന്നു. ആദിമാതാപിതാക്കന്മാരുടെ പാപംമൂലം മനുഷ്യവംശം മുഴുവനും അധഃപതിച്ചു. പിശാചിനും പാപത്തിനും അടിമയായി കണ്ണുനീരിന്റെ താഴ്വരയായ ലോകത്തിൽ മനുഷ്യൻ ഒരു നികൃഷ്ടജീവിതം നയിക്കേണ്ടിവന്നു. എന്നാൽ കാലത്തിന്റെ പൂർണ്ണതയിൽ ദൈവത്തിന്റെ ഏകജാതൻ മനുഷ്യത്വം സ്വീകരിച്ചു് പരിശുദ്ധ കന്യകയിൽനിന്നു ജനിക്കുകയും തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവുംവഴിയായി മനുഷ്യരക്ഷ സാധിക്കുകയും ചെയ്തു. ഇപ്രകാരം മിശിഹായുടെ യോഗ്യതകൾമൂലം നമുക്കു പാപവിമോചനവും പവിത്രീകരണവും സ്വർഗ്ഗഭാഗ്യവും ദിവ്യത്വത്തിൽ അംശഭാഗിത്വവും ലഭിക്കുന്നതിനുവേണ്ടി ദൈവപ്രസാദവരം അങ്ങുന്നു് സൗജന്യമായി നമുക്കു പ്രദാനംചെയ്യുന്നു. ലോകത്തിൽ ജനിക്കുന്ന ഒരു ശിശുവിനെ നോക്കുക. അവൻ പാപപങ്കിലനാണ്; ഉത്ഭവപാപത്തിന്റെ അടയാളം അവനിൽ മുദ്രിതമായിട്ടുണ്ടു്. എന്നാൽ അവൻ ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? കരുണാവാരിധിയായ ക്രിസ്തുനാഥൻ തന്റെ പ്രസാദവരമാകുന്ന വിമാനത്തിൽ അവനെ കയററി പാപാശുദ്ധമായ ഭൂതലത്തിൽനിന്നു് പരിശുദ്ധിയുടെ മുകൾപ്പരപ്പിലേക്കു സ്നേഹസമന്വിതം കൊണ്ടുപോകുന്നു. തിരിച്ചറിവിന്റെ പ്രായംവരെ അവൻ നിർമ്മലതയുടെ നറുംപാൽ നുകർന്നും ക്രിസ്തുനാഥന്റെ പരിലാളനങ്ങൾ അനുഭവിച്ചും ജീവിക്കുന്നു. എന്നാൽ ബുദ്ധിയുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ അവൻ വിമാനത്തിലിരുന്നുകൊണ്ടു താഴോട്ടുനോക്കുന്നു. അവിടെ ചില വസ്തുക്കൾ മത്താപ്പുകൾപോലെ അവനെ ആകർഷിക്കുന്നു; അവിടെയാണു് ഇഷ്ടലബ്ധിയും സ്വാതന്ത്ര്യവുമെന്നു അവൻ വ്യാമോഹിക്കുന്നു. ക്രിസ്തുനാഥന്റെയും മനസ്സാക്ഷിയുടെയും പ്രേരണകളെ അവഗണിച്ചുകൊണ്ടു് അവൻ വിമാനത്തിൽനിന്നു ഭൂമിയിലേക്കു എടുത്തുചാടുന്നു—ചാവുദോഷം! പാപത്തിന്റെ നികൃഷ്ടതയിൽ നിപതിച്ച അവൻ ഏറെത്താമസിയാതെ താൻ പ്രവർത്തിച്ച ഭീമാബദ്ധത്തേയും പാതകത്തേയും മനസ്സിലാക്കുന്നു; അവൻ അനുതപിക്കുന്നു. എന്നാൽ അവൻ തത്രപ്പെട്ടതുകൊണ്ടോ സ്വയം പരിശ്രമിച്ചതുകൊണ്ടോ വരപ്രസാദവിമാനം ഇറങ്ങിവന്നു് അവനെ കൊണ്ടുപോകയില്ല. കാരണം, പ്രസാദവരം ദൈവത്തിന്റെ ഒരു സൗജന്യദാനമാണ്; അതു നമുക്കു് അവകാശപ്പെടുവാനോ അർഹിക്കുവാനോ സാദ്ധ്യമല്ല. എങ്കിലും പാപി അനുതപിച്ചുകൊണ്ടു് പാപപോച്ചാരണം നടത്തുമ്പോൾ കാരുണ്യനിധിയായ ക്രിസ്തുനാഥൻ വീണ്ടും വിമാനം ഇറക്കി ആ ധൂർത്തപുത്രനെ അതിൽ കയററി സ്നേഹവായ്പോടെ വീണ്ടും പവിത്രതയുടെ മുകൾപ്പരപ്പിലേക്കു കൊണ്ടുപോകുന്നു. അവനു സ്വന്തം ശരീരവും രക്തവും ഭക്ഷ്യപേയങ്ങളായി നൽകിയും മററും അവന്റെ ബലക്ഷയത്തെ അങ്ങുന്നു് പരിഹരിക്കുന്നു. ഇപ്രകാരം ഒരാൾ പലപ്രാവശ്യവും വരപ്രസാദവിമാനത്തിൽനിന്നു ചാവുദോഷം വഴി എടുത്തു ചാടിയിട്ടുണ്ടായിരിക്കാം; അനുതാപം പ്രകടിപ്പിക്കുമ്പോഴൊക്കെയും വീണ്ടും അവൻ ആ വിമാനത്തിൽ സംവഹിക്കപ്പെട്ടിട്ടുണ്ടായിരിക്കാം. ഇങ്ങനെ അവന്റെ ഐഹികജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ അവൻ വിമാനത്തിൽവച്ചാണു് മൃതിയടയുന്നതെങ്കിൽ അവൻ നേരെ സ്വർഗ്ഗത്തിലേക്കു വഹിക്കപ്പെടുന്നു. ശുദ്ധീകരണം ആവശ്യമെങ്കിൽ അതിനു ശേഷമെങ്കിലും സ്വർഗ്ഗഭാഗ്യം അവനുറച്ചുകഴിഞ്ഞു. എന്നാൽ മരിക്കുന്ന അവസരത്തിൽ അവൻ ഈ വിമാനത്തിലല്ലെങ്കിൽ അവൻ നിത്യമായി നശിച്ചുപോകയും ചെയ്യുന്നു.

കുറെ വർഷങ്ങൾക്കുമുമ്പു് ഒക്കെ ഇന്ത്യയിലെ പ്രമുഖകത്തോലിക്കാനേതാവായിരുന്ന സർ എ. ടി. പന്നീർസെൽവം ഇന്ത്യാസ്റ്റേയിററ് സിക്രട്ടറിയുടെ ഉപദേശകനായി നിയമിക്കപ്പെടുകയും ആ ജോലി ഏറെറടുക്കുവാൻ ലണ്ടനിലേക്കു വിമാനത്തിൽ പോകുമ്പോൾ അപകടത്തിൽപ്പെട്ടു മരിച്ചുപോകയും ചെയ്ത ദാരുണസംഭവം കത്തോലിക്കരുടെ സ്മരണയിൽ ഇന്നുമുണ്ടായിരിക്കും. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്കുതന്നെ പല വിമാനാപകടങ്ങളും ഉണ്ടായതായി നാം വായിച്ചറിഞ്ഞിട്ടുണ്ടു്. സുപ്രസിദ്ധ അമേരിക്കൻ പത്രപ്രവർത്തകനായിരുന്ന മി. നിക്കർബോക്കറും കൂട്ടുകാരും ബോംബേക്കുസമീപം വിമാനാപകടത്തിൽപ്പെട്ടു് അപമൃത്യുവിന്നിരയായതു് കുറെ ദിവസങ്ങൾക്കുമുമ്പുമാത്രമാണ്. എന്നാൽ ദൈവവരപ്രസാദമാകുന്ന വിമാനത്തിൽ യാതൊരപകടവും ഒരിക്കലും സംഭവിക്കയില്ല. കാരണം ക്രിസ്തുനാഥനാണു് അതിനെ നയിക്കുന്ന പൈലട്ടു്. നാം പൂർണ്ണമനസ്സോടും അറിവോടുംകൂടെ അതിൽനിന്നു എടുത്തുചാടിയാൽ മാത്രമേ നമുക്കു അപകടം സംഭവിക്കുകയുള്ളു. അല്ലെങ്കിൽ നാം സുരക്ഷിതരായിരിക്കയും പ്രാപ്യസ്ഥാനമായ സ്വർഗ്ഗത്തിൽ എത്തിച്ചേരുകയും ചെയ്യും. ചിലരുടെ വിമാനങ്ങൾ ഒരുപക്ഷേ വളരെ താഴ്ന്നുമാത്രമേ പറക്കയുള്ളു. കാരണം അവരുടെ ലൗകികപക്ഷങ്ങളും പാപാസക്തിയും ലഘുവായ പാപങ്ങളും നിമിത്തം അവർ ലോകത്തിലേക്കാകർഷിക്കപ്പെടുന്നു. തന്നിമിത്തം പൊങ്ങിപ്പറക്കുവാൻ അവർക്കു സാദ്ധ്യമാകുന്നില്ല.

നന്മനിറഞ്ഞവൾ—ദൈവവരപ്രസാദപൂരിത—എന്നാണു് പരി. കന്യകയെ ദിവ്യസന്ദേശവാഹിയായ ഗബ്രിയേൽമാലാഖ അഭിവാദ്യംചെയ്യുന്നതു്. ഉത്ഭവപാപത്തിന്റെയോ കർമ്മപാപത്തിന്റെയോ നിഴൽപോലും പരി. കന്യകയെ തീണ്ടിയിട്ടില്ല. നാമെല്ലാവരും ലോകത്തിൽ ജനിച്ചതിനുശേഷം ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ മാത്രമേ വരപ്രസാദവിമാനത്തിൽ കയറുന്നുള്ളു. എന്നാൽ പരി. കന്യകയാകട്ടെ ഉത്ഭവിച്ചതുതന്നെ ആ വിമാനത്തിൽ—അതും വിശുദ്ധിയുടെ ഉപരിതലങ്ങളിൽ—ആയിരുന്നു. അങ്ങനെ ആ വിമാനം കളങ്കലേശമില്ലാത്ത ഉന്നതങ്ങളിലേക്കു പറന്നതോടുകൂടി പ്രസാദവരം വർദ്ധിച്ചുവരികയും വിശുദ്ധിയുടെ അത്യുച്ചിയെ പ്രാപിക്കയും ചെയ്തു. യാതൊരു സൃഷ്ടിക്കും ഇത്ര ഉയരത്തിൽ പറക്കുവാൻ സാധിച്ചിട്ടില്ല. പരി. കന്യക ഒരു സൃഷ്ടിയാണ്; എന്നാൽ സൃഷ്ടികളിലേററവും പരിപൂർണ്ണയാണ്. ഇതിലും പരിപൂർണ്ണമായ ഒരു സൃഷ്ടിയെ നിർമ്മിക്കുവാൻ ദൈവത്തിനു് ഇപ്പോഴത്തെ പരിപാലനക്രമത്തിൽ സാദ്ധ്യമല്ല. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും നന്മയും, ഒരു സൃഷ്ടിയിൽ സാദ്ധ്യമാകുന്നിടത്തോളം, അവളിൽ പ്രതിഫലിക്കുന്നുണ്ടു്. വി. ബെനവന്തൂര പറയുന്നു: "ദൈവത്തിനു ഇതിലും നല്ല ഒരു ഭൂമിയോ ആകാശമോ സൃഷ്ടിക്കുവാൻ സാധിച്ചാലും, ഇതിലും വിശിഷ്ടയായ ഒരമ്മയെ സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല." സൂര്യന്റെ വെളിച്ചം എല്ലാവസ്തുക്കളിലും തട്ടുന്നുണ്ടു്. എങ്കിലും അവയിൽ നോക്കിയാൽ സൂര്യനെ ദർശിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഒരു കണ്ണാടിയിൽ നോക്കിയാൽ സൂര്യനെത്തന്നെ അതിൽ കാണാം. കാരണം അതിൽമാത്രമേ സൂര്യന്റെ പരിപൂർണ്ണമായ പ്രതിഫലനമുള്ളു. ഇതുപോലെ ദൈവത്തെ പരിപൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന നിർമ്മലദർപ്പണമാണു് പരി. കന്യക. അവിടുത്തെ ഈ നിസ്തുലമായ ഔന്നത്യത്തിനെല്ലാം കാരണം അവിടുന്നു ദൈവത്തിന്റെ അമ്മയാണെന്നുള്ളതുതന്നെ. അവളിൽ കളങ്കം പാടില്ല. ഒരു നിമിഷംപോലും അങ്ങുന്നു പിശാചിനു് അടിമയായിക്കൂടാ. മാത്രമല്ല, സകലനന്മകളുടേയും പാ

(ശേഷം 9-ാം പേജിൽ)

# Sathya Deepam

Vol. 23 | Ernakulam October 12 1949 | No. 9


# മാതാക്കളോട്

## മാർപ്പാപ്പായുടെ ഉൽബോധനം

"നന്മയുടെ പന്ഥാവിൽക്കൂടി അതിനെ നയിക്കുന്നതിന് ഒരു കാവൽമാലാഖയെപ്പോലെ മാതാവു തൊട്ടിലിനരികിൽ നില്ക്കുന്ന ശിശു ഭാഗ്യമുള്ളതാകുന്നു."

(എ. വി. തോമസ്, ബോംബെ)

1941 ഒക്ടോബർ 26-ാംനു, ക്രിസ്തുവിൻെറ രാജത്വതിരുനാളിൽ, ഇററലിയിലെ സകല രൂപതകളിലേയും വനിതാ കത്തോലിക്കാപ്രവർത്തകരും അവരുടെ സഹായകരും പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയുണ്ടായി. ആ അവസരത്തിൽ തിരുമേനി ആ വനിതാസംഘത്തിനു നൽകിയ ഉൽബോധനം കത്തോലിക്കാമാതാക്കളുടെ അവഗാഢമായ ശ്രദ്ധക്കു വിഷയമാകേണ്ടതാണ്. അതിൻെറ പൂർണ്ണരൂപം താഴെ ചേർക്കുന്നു:—

മാതാക്കളുടേയും അദ്ധ്യാപനനിരതരായ സഹോദരികളുടേയും അദ്ധ്യാപികമാരുടേയും ഇററലിയിലെ കത്തോലിക്കാപ്രവർത്തകന്മാരുടെ പ്രതിനിധികളുടേയും വിദ്യാദാനവിഷയത്തിൽ നിരതരായിരിക്കുന്ന മററുള്ളവരുടേയും മഹത്തായ ഈ സദസ്സിനെ നാം ദർശിക്കുമ്പോൾ നമ്മുടെ ചിന്ത ഇററലിയുടെ പരിധികളെ അതിലംഘിക്കുകയും, മനുഷ്യവംശത്തിൻെറ ഭൂഷണവും മാതാക്കളുടെ ആനന്ദവും ആയ നമ്മുടെ ആ പ്രിയ കുട്ടികളെയെല്ലാം നാം ആലിംഗനം ചെയ്യുമ്പോൾ ആ ചിന്താവീചികൾ ദിഗന്തങ്ങളിൽ എത്തുകയും ചെയ്യുന്നു. അതേസമയംതന്നെ 1929 ഡിസംബർ 31-ാംനുയിലെ "ദിവീനുസ് ഇല്ലിയൂസ് മജിസ്ത്രി" എന്ന വിശ്വലേഖനത്തിൽ യുവജനങ്ങളുടെ വിദ്യാഭ്യാസം സംബന്ധിച്ചു പ്രൗഢമായി പ്രതിപാദിച്ചിട്ടുള്ള അവിസ്മരണീയനായ നമ്മുടെ പൂർവ്വഗാമി പതിനൊന്നാം പീയൂസിൻെറ സ്മരണ നമ്മിൽ ഉദിക്കുന്നുമുണ്ട്. അതിപ്രധാനമായ ഈ വിഷയത്തിൽ സഭയ്ക്കും കുടുംബത്തിനും രാഷ്ട്രത്തിനുമുള്ള ഭാഗങ്ങളെപ്പററി ആ പാപ്പാ യുക്തിപൂർവ്വം പ്രസ്താവിക്കുകയും അനന്തരം വിദ്യാദാനവിഷയത്തിൽ കത്തോലിക്കാ മാതാപിതാക്കന്മാരുടെ അപശ്രദ്ധയെപ്പററി വ്യസനിക്കുകയും ചെയ്യുന്നു. കുടുംബത്തിൽ കുട്ടികൾക്കു നൽകേണ്ട ശിക്ഷണത്തെപ്പററി ആ വിശ്വലേഖനത്തിൻെറ പരിധിക്കുള്ളിൽ വിശദമായി പ്രതിപാദിക്കുവാൻ അസാദ്ധ്യമായിരുന്നു. തന്മൂലം കുട്ടികൾക്കു പൊതുവായ ശിക്ഷണവും വിശിഷ്യാ മതപരവും ധാർമ്മികവും പൗരപരവും ആയ കർത്തവ്യങ്ങളെപ്പററി ജ്ഞാനവും നൽകുന്നതിനു വേദാദ്ധ്യാപനം, ഉൽബോധനം, പ്രസംഗം, ലേഖനങ്ങൾ മുതലായ വിവിധമാർഗ്ഗങ്ങളിലൂടെ കത്തോലിക്കാമാതാപിതാക്കന്മാരെ പ്രാപ്തരാക്കുന്നതിനും, തങ്ങളുടെ മാതൃകാപൂർവ്വമേ അതിനുപയുക്തമായ മാർഗ്ഗങ്ങളെപ്പററി അവരെ ഉൽബോധിപ്പിക്കുന്നതിനും അദ്ദേഹം ആത്മാക്കളുടെ ഇടയന്മാരോട് ആജ്ഞാപിച്ചിരിക്കുന്നു.

ആത്മാക്കളുടെ ഇടയന്മാരോടുള്ള അനുശാസനം മാതാപിതാക്കന്മാരോടുള്ള ഒരു അനുശാസനംകൂടിയാണ്. മാതാക്കൾക്കും, കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്ന മററുള്ളവർക്കും ഈ പ്രത്യേകസന്ദർശനം അനുവദിച്ചതിൽ നാം അഭിവന്ദ്യനായ നമ്മുടെ ആ പൂർവ്വഗാമിയുടെ അഭിലാഷം അനുസരിച്ചു പ്രവർത്തിക്കയാണെന്നു നാം വിശ്വസിക്കുന്നു. പുതുതായി വിവാഹംകഴിച്ചവരോടു നാം സംസാരിക്കുമ്പോൾ നമ്മുടെ വാക്കുകൾ നിങ്ങളേയും ഉദ്ദേശിച്ചുള്ളതാണെന്നുള്ളതു വാസ്തവംതന്നെ. എന്നിരുന്നാലും, പ്രിയ പുത്രികളേ, നിങ്ങളോടു പ്രത്യേകം സംസാരിക്കുന്നതിനു ഈ അവസരം ലഭിച്ചതിൽ നമുക്ക് അതീവമായ സന്തോഷമുണ്ട്. എന്തുകൊണ്ടെന്നാൽ മാതാക്കളിലും ഭക്തരും വിദഗ്ദ്ധരും ആയ അവരുടെ സഹായികളിലും കുട്ടികളുടെ ആത്മീയാഭിവൃദ്ധിയിലും ഗുണവർദ്ധനവിലും പ്രഥമവും ഗാഢവുമായ സ്വാധീനശക്തി ചെലുത്തുന്നവരെയാണ് നാം ദർശിക്കുന്നതു്.

കുടുംബത്തിലെ ഈ വിദ്യാഭ്യാസം എത്ര പ്രാധാന്യമുള്ളതും അത്യന്താപേക്ഷിതവും ആണെന്നും അതിനെ അവഗണിക്കുകയോ ഉദാസീനമായി നിർവഹിക്കുകയോ ചെയ്യുന്നതു് ഒരു മാതാവിൻെറ എത്ര ഗുരുതരമായ കൃത്യവിലോപമാണെന്നും നാം നിങ്ങളെ അനുസ്മരിപ്പിക്കേണ്ട ആവശ്യമില്ല. കത്തോലിക്കാപ്രവർത്തനനിരതരായ നമ്മുടെ പുത്രികളോടു നാം സംസാരിക്കുമ്പോൾ ക്രിസ്തീയമാതാക്കൾ എന്ന നിലയിൽ തങ്ങൾക്കുള്ള കർത്തവ്യങ്ങളിൽ സർവ്വപ്രധാനമായി അവർ ഇതിനെ കരുതുമെന്നും ഈ കൃത്യനിർവ്വഹണത്തിൽ മാതാക്കളോളം പാടവർ വേറെ ഇല്ലെന്നും അവർ മനസ്സിലാക്കുമെന്നും ഉള്ളതിൽ നാം സംശയിക്കുന്നില്ല. പക്ഷേ ഒരുവൻെറ കർത്തവ്യത്തെപ്പററി ബോധ്യമുണ്ടാവുകയും അതു നിർവ്വഹിക്കുന്നതിനു് ആഗ്രഹിക്കുകയും ചെയ്താൽമാത്രം പോരാ; അതു യഥോചിതം നിർവ്വഹിക്കുന്നതിനു വേണ്ട പ്രാപ്തി സമ്പാദിക്കേണ്ടതും ആവശ്യമാണ്.

ശരിയായ ഒരുക്കമോ പരിശീലനമോ കൂടാതെ പൊടുന്നനവേ ഒരു ശില്പിയോ, എൻജിനീയരോ, ഡോക്ടരോ, വക്കീലോ ആകാമെന്നു് ആരും സ്വപ്നേപി വിചാരിക്കയില്ല. എന്നാൽ തങ്ങളിൽനിന്നും ജാതരാകുവാനുള്ള ശിശുക്കൾക്കു വിദ്യാഭ്യാസം നൽകുകയെന്ന ദുഷ്കരമായ കൃത്യത്തിനു് ഒരുങ്ങുന്നതിനെപ്പററി അല്പമായിട്ടുപോലും ചിന്തിക്കാതെ അനുദിനം അനവധി യുവതിയുവാക്കന്മാർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നു. ഇതൊരു വിചിത്രമായ പരിതസ്ഥിതി തന്നെ; പതിനൊന്നാം പീയൂസ് തൻെറ വിശ്വലേഖനത്തിൽ പറയുന്നതുപോലെ, പരിതാപകരംകൂടിയാണ്. ആത്മാക്കളെ നയിക്കയെന്നതു് "വിദ്യകളിൽ വിദ്യ"യാണെന്നു് വി. ഗ്രിഗോരിയൂസ് പറയുന്നു. അങ്ങനെയെങ്കിൽ കുട്ടികളുടെ ആത്മാക്കളെ രൂപവൽക്കരിക്കുക എന്നതിനെക്കാൾ ദുഷ്കരമായി യാതൊന്നുംതന്നെ ഇല്ല; എന്തുകൊണ്ടെന്നാൽ ആ ആത്മാക്കൾ വളരെ ഇളതാണ്; വിവേകഹീനമായ പ്രേരണാശക്തിയോ തെററായ ഉപദേശമോ മൂലം അതിവേഗം വിരൂപമാകുന്നു; അവയെ ശരിയായി നയിക്കുവാൻ വളരെ പ്രയാസമാണ്; അവ വളരെ വേഗം അപനയിക്കപ്പെടുന്നു; കുററകരമായ അശ്രദ്ധയും ദുഷിച്ച പ്രേരണാശക്തിയുംമൂലം ശാശ്വതമായ ദുരന്തഫലങ്ങൾ ഉളവാക്കുന്ന ആശയരൂപങ്ങൾ മെഴുകിനെക്കാൾ വേഗത്തിൽ അവയിൽ പതിയുന്നു. നന്മയുടെ പന്ഥാവിൽക്കൂടി അതിനെ നയിക്കുന്നതിനു് ഒരു കാവൽമാലാഖയെപ്പോലെ മാതാവു തൊട്ടിലിനരികെ നിൽക്കുന്ന ശിശു ഭാഗ്യമുള്ളതാകുന്നു. ആകയാൽ നിങ്ങൾ ഇതിനകം ചെയ്തിട്ടുള്ളവയെക്കുറിച്ചു് നിങ്ങളെ അനുമോദിക്കുന്നതോടുകൂടിത്തന്നെ, ഉൽകൃഷ്ടമായ തങ്ങളുടെ കർത്തവ്യത്തെപ്പററി ബോധമുള്ളവരും തിന്മയുടെ പ്രതിരോധനത്തിലും നന്മയുടെ പുരോഗമനത്തിലും ഉത്സുകരായിരിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസപ്രവർത്തകരെ എല്ലാ തുറകളിലേക്കും നൽകുന്നതിനായി ഇത്രമാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ മഹത്തായ സംഘടനകൾ വികസിപ്പിക്കണമെന്നു് വീണ്ടും ശക്തിപൂർവ്വം ഉൽബോധിപ്പിക്കയും ചെയ്യുന്നു. ഒരു സ്ത്രീയിലും മാതാവിലും ഉള്ള താദൃശമായ ആശയങ്ങൾ ഒരു പുരുഷൻെറ സഹകാരിണിക്കു് അർഹമായ സ്ഥാനത്തിനും ബഹുമാനത്തിനും അവൾക്കു് അവകാശം നൽകുന്നു. അങ്ങനെയുള്ള ഒരു മാതാവു് കുടുംബത്തിൻെറ തൂണും താങ്ങുമാണ്. ഇടവകക്കു മാതൃകയും താൻ അംഗമായിരിക്കുന്ന ഭക്തസംഘങ്ങൾക്കു് ഉദ്ദീപനവും നൽകുന്ന ഒരു ദീപസ്തംഭമാണു് അവൾ. (തുടരും)

—

പുസ്തകാഭിപ്രായം

## ക്രിസ്തീയ വേദഗാഥ

(ഡെമി 8-ൽ 93 പേജുകൾ വില 1 ക. ഗ്രന്ഥകർത്താ: സി. ടി. ചെറിയാൻ. ബിഷപ്പ് കുര്യാളശ്ശേരി മെമ്മോറിയൽപ്രസ്സ്, ആലപ്പുഴ.)

ശ്രീമാൻ ചെറിയാൻ കവിതയിൽ വാസനാസമ്പന്നനായ ഒരു യുവാവാണ്. പാലായിൽ വച്ചു അഖില കേരള കത്തോലിക്കാ കോൺഗ്രസിൻെറ ആഭിമുഖ്യത്തിൽ നടന്ന കവിതാമത്സരത്തിൽ "ധൂർത്തപുത്രൻ" എന്ന അഭിധാനത്തിൽ എഴുതിയ പ്രബന്ധം സമ്മാനാർഹമായിട്ടുള്ളതാണ്. ഇങ്ങനെ മി. ചെറിയാൻ കത്തോലിക്കാ ജനസാമാന്യത്തിൻെറ അഭിവാദനത്തിനു് നേരത്തേ അർഹനായിത്തീർന്നിട്ടുണ്ട്.

"ക്രിസ്തീയ വേദഗാഥ" സാഹിത്യലോകത്തിലേക്കു അവതരിപ്പിച്ചിരിക്കുന്നതു്, പ്രസിദ്ധനായ ഫാദർ സൈമൺ സി. ഡി. യാണു്. യുവകവികളെ പ്രോത്സാഹിപ്പിക്കുകയെന്നുള്ളതു് അദ്ദേഹത്തിൻെറ സഹജധർമ്മമാണെന്നു് "സത്യദീപ"വായനക്കാരോടു പറഞ്ഞറിയിക്കേണ്ടതായിട്ടില്ലല്ലൊ.

വേദഗാഥയെ അഭിപ്രായങ്ങൾകൊണ്ടു് അലങ്കരിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ, ഒരു ഹൈന്ദവമാന്യനെ കാണുന്നുണ്ടു്. അദ്ദേഹത്തിൻെറ തൂലികയിൽനിന്നു, "കൃപാവൃഷ്ടി" എന്നൊരു പദ്യപ്രബന്ധം ക്രിസ്തുനാഥൻെറ അപദാനങ്ങളെ പ്രകീർത്തിച്ചു് പുറപ്പെട്ടിട്ടുള്ളതായി കാണുന്നു. മി. പി. കെ. ഗോവിന്ദൻ വൈദ്യൻ എന്നു് മറെറാരു കവി, "ക്രിസ്തുസംഭവം" എന്ന അഭിധാനത്തിൽ, മഞ്ജരീവൃത്തത്തിൽ ഒരു പദ്യകൃതി പ്രസിദ്ധപ്പെടുത്തിയതായും അറിയുന്നു. ഇങ്ങനെ ക്രിസ്തുനാഥനെ പരാമർശിച്ചു് കവികൾ ധാരാളം കൃതികൾ രചിച്ചു കാണുന്നതു സന്തോഷാവഹംതന്നെ.

മി. ചെറിയാൻ, ഒന്നാംഭാഗത്തിൽ, സൃഷ്ടിമുതൽ രക്ഷകൻെറ അവതാരംവരെയുള്ള ചരിത്രം മകരന്ദമഞ്ജരീവൃത്തത്തിൽ 17 ഖണ്ഡങ്ങളിലായി എഴുതിയിരിക്കുന്നു. ആദിമാതാപിതാക്കളുടെ പതനം, ആദാമിൻെറ പുത്രന്മാർ, പ്രളയം, ഗോപുരംപണി, അബ്രാഹത്തിൻെറ തെരഞ്ഞെടുപ്പു്, യാക്കോബു്, യൗസേപ്പു്, ഇസ്രായേലിൻെറ പ്രവചനം, ഇങ്ങനെ പോകുന്നു ആ പതിനേഴദ്ധ്യായങ്ങൾ!

"ആദ്യനനാദ്യനനന്തനായന്ത്യനാം-
യദ്വിവ്യശക്തിയുമന്നിരുന്നു."

എന്നാണു പുസ്തകമാരംഭിക്കുന്നതു്. ഒടുവു്, എന്ന അർത്ഥത്തിൽ അന്ത്യം എന്ന പദം ക്രൈസ്തവസാഹിത്യത്തിൽ സാധാരണമാണ്. ഈയിടെ ഇറങ്ങിയ "മലയാളശൈലി" എന്ന പുസ്തകം 74-ാം പക്കത്തിൽ ഈ പ്രയോഗത്തിൻെറ സാധുതയെ ചോദ്യംചെയ്തുകാണുന്നുണ്ടു്. പക്ഷേ, എ. ആർ. പി. ഭാഷാനിഘണ്ടുവിൽ, അന്ത്യം, അന്ത്യൻ, അന്ത്യകൻ, അന്ത്യകർമ്മം, അന്ത്യപ്രാസം, എന്നിങ്ങനെ കാണുന്നതുകൊണ്ടു് അന്ത്യപ്രയോഗത്തെപ്പററി ഭാഷാഭിമാനികളുടെ ഇടയിൽ അഭിപ്രായാന്തരമുണ്ടെന്നു സ്പഷ്ടമാണ്. നവയുഗഭാഷാനിഘണ്ടുവിലും അന്ത്യ, ഒടുവിലത്തേതെന്നു അർത്ഥം കൊടുത്തിട്ടുണ്ടു്.

"അന്തോ ജഘന്യം ചരമമന്ത്യ പാ-
ശ്ചാത്യപശ്ചിമം
മോഘം നിരർത്ഥകം സ്പഷ്ടം സ്ഫുടം
പ്രവ്യക്തമുൽബണം"

അന്തഃ—അതിബന്ധന—അന്ത്യസ്ഥാന്തഭേദമേ എന്നു ഹൈമൻ. ഇവ ഒടുവിലുണ്ടായതിൻെറ പേർ എന്നു പാരമേശ്വരിയിലും വ്യാഖ്യാനം കാണുന്നു.

"വാഗതമേകീനിത്യൻ" P 7-എന്നു ഒടുവിലത്തെ പാദത്തിൽ. 4-ാം പക്കത്തിലെ "ഏകിനല്ലി."—പൗനരുക്ത്യദോഷമുണ്ടു്.

സത് + ചിന്ത = സച്ചിന്തയെന്നാണു വേണ്ടതു്. P 9-ൽ

"ശപ്തനാം മർത്ത്യനിൽ സൽച്ചിന്തയുണ്ടാകി"

എന്നു കാണുന്നതും തിരുത്തേണ്ടതാണു്.

"ആദാമിൻ സൗഭാഗ്യവല്ലരിയപ്പോഴേ
യാമൂലം നാശമായാതപത്താൽ" P 8

സൗഭാഗ്യമാകുന്ന വല്ലരിക്കു ആതപം തട്ടുമ്പോൾ, ഉണങ്ങിയാൽ മതി. നശിക്കണമെന്നില്ല.

ഭസ്മീകരിച്ചു പോൽ പട്ടണമാകവെ P 13; വശ്യനായില്ലപോലക്കുമാരൻ P. 18. മേവി പോൽ ജോസഫ് നീതിനിഷ്ഠൻ P. 18; കഷ്ടപ്പെടുത്തിപോൽ P. 38; പൂജയണച്ചുപോൽ P. 39; തൻപുത്രയുഗ്മത്തിൽ വേണ്ടപോൽ P. 39; മുക്തികൊടുത്തുപോൽ P. 47; സ്വർഗ്ഗാധിനാഥങ്കലെത്തിപോലും! P. 50; പാദപൂരണത്തിനുള്ള പദദാരിദ്ര്യത്താലല്ലയോ ഇത്രയധികം "പോൽ" വന്നുചേരുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ലോകരക്ഷകൻെറ അവതാരത്തെപ്പററി പ്രസ്താവിക്കുകയിൽ,

"മേരിക്കു ഗർഭനോവുണ്ടായി, രാത്രിയാ-
ണോരാജവീഥിയോ സൂതിഗേഹം!
കാന്തൻ പ്രസൂതികാകർത്തവ്യമേൽക്കയോ
സന്താപമെന്തിതിലുഗ്രമായി!" P 90

കന്യകാമേരിക്കു ഗർഭനോവുണ്ടായെന്നും, കാന്തനായ മാർ യൗസേപ്പു് പ്രസൂതികാകർമ്മമേററെന്നും, അതിലുഗ്രമായ സന്താപമെന്തെന്നും കവി ചോദിക്കുന്നു. പരിശുദ്ധ മറിയം ഗർഭനോവുകൂടാതെയാണു നമ്മുടെ ദിവ്യരക്ഷകനെ പ്രസവിച്ചതെന്നു കത്തോലിക്കർക്കേവർക്കും അറിയാവുന്നതാണു്. മി. ചെറിയാൻതന്നെ 91-ാം പക്കത്തിൽ ഇങ്ങനെ പാടുന്നു.

"കന്യകാമേരിയാരല്ലലുമേശാതെ
യുന്നതൻ പുത്രനേ മന്നിന്നേകി."

എന്നു എഴുതിയിരിക്കുന്നതുകൊണ്ടു, ഗർഭനോവിനെപ്പററി എഴുതിയതു് അനവധാനതകൊണ്ടു മാത്രമാണെന്നു സമാധാനിക്കാം.

മി. സി. ററി. ചെറിയാൻ നല്ലൊരു കവിയാണെന്നു കാണുന്നതുകൊണ്ടാണു് സ്വല്പമായ സ്ഖലിതങ്ങളെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ പദവിന്യാസപാടവവും അലങ്കാരപ്രയോഗചാതുര്യവും അഭിനന്ദനീയമാണു്. അക്ലിഷ്ടമായ ഭാഷാസരണിയിലൂടെയാണു കവി മന്ദമന്ദം ചരിക്കുന്നതു്. കഥയുടെ പരിശുദ്ധിയുംകാവ്യത്തിൻെറ സൗകുമാര്യവും കൊണ്ടു് വേദഗാഥ സഹൃദയസ്വീകരണത്തിനു് പാത്രമാണെന്നുള്ളതിൽ ശങ്കക്കവകാശമില്ല. ഭക്തപാരായണത്തിനും സാഹിത്യഗുണാനുഭൂതിക്കും ഒന്നുപോലെ ഉപയോഗപ്പെടുന്നതാണു മി. ചെറിയാൻെറ ഗാഥാപുസ്തകം.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam